
2010
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം


# മലങ്കരസഭ

നവംബർ
M A L A N K A R A S A B H A
Rs. 15





പ. ബസേലിയോസ് മാർത്തോമ്മാ
ദിദിമോസ് പ്രഥമൻ കാതോലിക്ക ബാവാ



പ. ബസേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ

**ക**രയും കടലും കടന്നെത്തിയ കർത്തൃ
ശിഷ്യന്റെ സ്വപ്നങ്ങൾക്ക് പുതിയൊരു പൂക്കാലം
മാർത്തോമ്മായുടെ സിംഹാസനത്തിലേക്ക്
പരിശുദ്ധ പൗലോസ് ദ്വിതീയൻ...

നവതിയുടെ നിറവിൽ, സ്ഥിതപ്രജ്ഞനായ
മഹാമുനി, യാമങ്ങളുടെ കാവൽക്കാരൻ
പ. ദിദിമോസ് പ്രഥമൻ മലങ്കരയുടെ
‘വലിയ ബാവാ’യുമായി...

# 41st WEDDING ANNIVERSARY (24-11-2010)




**MARIAMMA DANIEL** **DANIEL EASO**

**PLAMMOOTTIL**
**Pynummoodu**
**Kunnam, Mavelikara**

Best Wishes from Son & Family, USA

1. **SANTHOS P. DANIEL**
   **B.Com; ACA; CIMA (U.K.) MBA (USA) AICPA (USA)**
   **Chartered Accountat (Director)**
   **Price Water House-Cooper, New York, USA**
2. **DR. MIRIAM SANTHOSH M.Sc, Ph.D.**
   **Sara Daniel, Hanna Daniel (Grand Children)**
   **New Jerssey, USA**

ലക്കം 11,
പുസ്തകം 67
നവംബർ 2010



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

## അകത്താളുകൾ

CONTENTS

സഭാവാർത്ത **8** 91-ാം കാതോലിക്കയായി പൗലോസ് ദ്വിതീയൻ...

എക്യുമെനിസം **26** മലങ്കരയിൽ നിന്നും സ്നേഹപൂർവ്വം... - *ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്*

പ്രസംഗം **10** സഭ ഒരു വിശുദ്ധ കവാടം

**6** എഡിറ്റോറിയൽ
മഹത്തായ മാതൃക
- *ഡോ. സഖറിയ മാർ അപ്രേം*

**5** മഹാപുരോഹിത സന്ദേശം

**12** ലേഖനം
കാതോലിക്കാ എന്നു ചൊല്ലി...
ഡോ. എം. കുര്യൻ തോമസ്

**24** ലേഖനം
തീർത്ഥാടനങ്ങൾ ബോധോദയത്തിന്...
- ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

**21** വനിതാ സഭാ
ധന്യമായ സമർപ്പണം
- പ്രൊഫ. മേരി മാത്യു, കുഴിമറ്റം

**15** ലേഖനം
പ. പരുമല തിരുമേനിയും....
- വെരി. റവ. കെ. വി. ജോസഫ് റമ്പാൻ

**44** ലേഖനം
പ്രാദേശിക സർക്കാരുകൾക്ക്...
ലജു പി. തോമസ്, ഉളനാട്

**47** യുവജന പംക്തി
- ഫാ. വിൽസൺ മാത്യു

*സ്ഥിരം പംക്തികൾ*

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, ബുദ്ധിമാൻ,
സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
സഖറിയ മാർ അന്തോനിയോസ്
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
ഡോ. സഖറിയ മാർ അപ്രേം
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി. എ. ഇടയാടി
Mob:- 9447300908

*സബ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*ഓഫീസ് മാനേജർ*
ഫാ. അലക്സി മാത്യൂസ്
Mob:- 9946668911

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

*Cover Design & Layout:-*
Jinto Kurichy at
**M.S. Graphics, Devalokam.**

EDITORIAL BOARD

**വരിസംഖ്യ**

| | | |
|---|---|---|
| ഇന്ത്യയിൽ | | |
| ഒറ്റപ്രതി | : | 15 രൂപ |
| ഒരു വർഷം | : | 125 രൂപ |
| 4 വർഷം | : | 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : | 1250 രൂപ |
| വിദേശത്തേക്ക് | | |
| ഒരു വർഷം | : | 1500 രൂപ |

## ലളിതം മധുരം

സഖറിയാ മാർ അന്തോനിയോസ്
(പ്രസിഡന്റ്, മലങ്കരസഭ)



# പഞ്ഞിത്തുണ്ടുകൾ

പരമ സാത്വികനായ ഒരു പുരോഹിതന് ഒരു പള്ളിയിൽ ഒരു ശത്രുവുണ്ടായി

അച്ചനെ തോല്പിക്കുവാൻ അയാൾ പരിശ്രമിച്ചു തുടങ്ങി – നീതി മാർഗ്ഗങ്ങളിൽ കാര്യം സാധിക്കാനാവാതെ ഹീന മാർഗ്ഗങ്ങളിൽ ശ്രമങ്ങളാരംഭിച്ചു. അതിനു കണ്ടെത്തിയ വഴിയോ ദുഷ്പ്രചരണവും....

സാത്വികനായ അച്ചന്റെ പേരിൽ സാമ്പത്തികം, പക്ഷവാദം, ആരോപണങ്ങൾ അയാൾ പ്രചരിപ്പിച്ചു തുടങ്ങി, ആളുകൾ അധികമൊന്നും വിശ്വസിക്കാതെ വന്നപ്പോൾ അയാൾ അധാർമ്മിക സംഭവങ്ങളും മെനഞ്ഞുണ്ടാക്കി...

ചിലരൊക്കെ വിശ്വസിച്ചു ചിലർ മിണ്ടാതിരുന്നു എന്തായാലും അച്ചന്റെ സത്കീർത്തിക്കയാൾ മങ്ങലേല്പിച്ചു. കാലം കടന്നുപോയി. അയാൾക്കു വീണ്ടുവിചാരമുണ്ടായി വളരെ പശ്ചാത്താപത്തോടെ അയാൾ ആ ആചാര്യശ്രേഷ്ഠന്റെ അടുത്തെത്തി തന്റെ പൂർവ്വ പാപങ്ങൾ വിശദീകരിച്ചു.

കുടുസു മുറിയിലെ കട്ടിലിൽ കിടന്ന ഒറ്റത്തലയിണയെടുത്ത് ആചാര്യൻ അയാൾക്കു നല്കിയിട്ടത് ചെറു ചിരിയോടെ പറഞ്ഞു ആ കാണുന്ന മലയിൽ പോയി ഈ തലയിണ പൊട്ടിച്ചു പഞ്ഞി മുഴുവൻ കാറ്റിൽ പറത്തുക... അയാൾ അപ്രകാരം ചെയ്ത് തിരികെ വന്നു.

ആചാര്യൻ പറഞ്ഞു ഇനി തിരികെപ്പോയി അതെല്ലാം പെറുക്കിക്കൊണ്ടു വരിക...


ഒരിക്കലും നടക്കാതെ ഒരു കാര്യം കേട്ട അയാൾ മിണ്ടാതെ നിന്നു...

നോക്കൂ സഹോദരാ താങ്കൾ അന്നു പറഞ്ഞതൊക്കെ കാറ്റിൽ വീണ പഞ്ഞിപോലെ പ്രചരിച്ചു പോയി തിരികെ പെറുക്കിക്കൊണ്ടു വരാനാകുമോ നമുക്ക്...

സഹോദരങ്ങളേ, ഒരാളെക്കുറിച്ച് ഒരപവാദം പറയുമ്പോൾ നാമോർക്കാറുണ്ടോ ഇത് കാറ്റത്തു തുറന്നു വിടുന്ന പഞ്ഞിത്തുണ്ടുകളാണെന്ന് ദുഷ്പ്രചരണം മഹാപാതകം തന്നെ.



# മഹാപുരോഹിത സന്ദേശം




വാത്സല്യ മക്കളെ,

ഹൃദയംഗമായ സന്തോഷത്തോടും, ദൈവിക സ്തുതികളോടും കൂടിയാണ് നാം ഇതെഴുതുന്നത്. ഇക്കഴിഞ്ഞ ഒക്ടോ. 29–ാം തീയതി 90–ാം വയസിലേക്കും ഒക്ടോ. 30–ാം തീയതി കാതോലിക്ക സ്ഥാനാരോഹണത്തിന്റെ ആറാം വർഷത്തിലേക്കും നാം പ്രവേശിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ബലഹീനനായ നമ്മെ ഈ നിലയിൽ ശക്തീകരിച്ച ദൈവത്തിന്റെ അളവറ്റ കരുണകൾക്കു മുമ്പിൽ നമ്രശിരസ്കനായി സ്തുതിയർപ്പിക്കുന്നു. നമ്മെ ഈ അജപാലന ദൗത്യത്തിന്റെ വഴികളിലേക്ക് കൈപിടിച്ചു നടത്തിയ നമ്മുടെ ശ്രേഷ്ഠരായ ഗുരുക്കന്മാരെ കൃതജ്ഞതയോടും ആദരവോടും സ്മരിക്കുന്നു. നമ്മുടെ വാർദ്ധക്യത്തിന്റെ മഹത്വവും കിരീടവുമായ പ്രിയ സഭാമക്കളോടുള്ള വാത്സല്യവും സന്തോഷവും അറിയിക്കുന്നു. തുടർന്നും നിങ്ങൾ സഭയ്ക്കു വേണ്ടിയും നമ്മുക്കു വേണ്ടിയും പ്രാർത്ഥിക്കണം.

നവം. 1–ാം തീയതി തിങ്കളാഴ്ച പരുമല സെമിനാരിയിൽ വച്ച് നമ്മുടെ പൻഗാമിയായി പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ നമ്മുടെ ബലഹീനകരങ്ങളാൽ ആ സ്ഥാനത്തേക്ക് ഉയർത്തുവാൻ സാധിച്ചത് നമ്മുടെ ഭാഗ്യമായി കരുതുന്നു. വരും നാളുകളിൽ ഭാരതത്തിലെ ഈ പൗരാണിക സഭയെ കൈപിടിച്ച് നയിക്കുവാൻ പ. പിതാവ് ശക്തനാണ്. നമ്മുടെ എല്ലാ അനുഗ്രഹങ്ങളും അനുമോദനങ്ങളും നവാഭിഷിക്തനായ പ. പിതാവിന് നേരുന്നു. അദ്ദേഹത്തിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണം.

കഴിഞ്ഞ 5 വർഷത്തോളം മലങ്കരസഭ മാസികയിൽ നമ്മുടെ ചെറുസന്ദേശങ്ങൾ എഴുതുവാൻ കഴിഞ്ഞിട്ടുണ്ട്. മാസികയുടെ എല്ലാ പ്രവർത്തനങ്ങൾക്കും, വായനക്കാർക്കും നിങ്ങളുടെ പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും നന്ദിയർപ്പിക്കുന്നു. ഇനി നമ്മുടെ പിൻഗാമി പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ വരികൾ ഈ പേജിനെ അലങ്കരിക്കും. ഏവർക്കും നന്മകളും ഭാവുകങ്ങളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

from the DESK

എഡിറ്റോറിയൽ



# മഹത്തായ മാതൃക

മലങ്കരസഭയുടെ പുണ്യം എക്കാലവും ശ്രദ്ധേയരായ പുണ്യ പിതാക്കന്മാരുടെ സാന്നിധ്യമായിരുന്നു. ഉദാത്തമായ ജീവിത മാതൃകയും, ആഴമായ ദൈവാശ്രയവും കൈമുതലായിരുന്നവരായിരുന്നു അവരിൽ ഏറെയും. അക്കാദമിക് ബിരുദങ്ങൾ സമ്മാനിക്കുന്ന പാണ്ഡ്യത്യത്തേക്കാൾ ഏറെ, ദൈവോന്മുഖമായ ജീവിതം കൊണ്ട് കൈവരിച്ച ആത്മ ജ്ഞാനമായിരുന്നു അവർക്കുണ്ടായിരുന്നത്. ആ ഗുരു പരമ്പരയിലെ ഉന്നത ശീർഷകനാണ് പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനി. "കാമ്യാനാം കർമ്മാണാം ന്യാസം സന്യാസം" (കാമ്യമായ സകല കർമ്മങ്ങളും ത്യജിക്കുന്നതാണ് സന്യാസം) എന്ന ഗീതാമന്ത്രം ഭാരതീയ സന്യാസ പാരമ്പര്യത്തിന്റെ മൂലക്കല്ലാണ്. അവസാന ശ്വാസം വരെ കാമ്യമായതെല്ലാം കൈക്കലാക്കുവാനും മുറുകെ പിടിക്കുവാനുമാഗ്രഹിക്കുന്ന മനുഷ്യ ഭാവത്തിൽ നിന്നും, ആത്മ നിർവൃതിയോടും, പ്രതീക്ഷ നിർഭരമായ മനസ്സോടും കൂടി സർവ്വാധികാരങ്ങളും പിൻഗാമിയെ ഉത്തരവാദിത്വ പൂർവ്വം ഭരമേല്പിക്കുന്ന വിധമുള്ള സ്ഥിതപ്രജ്ഞ ഭാവത്തിലെത്തുന്നത് ഒരുപാടു ദൂരം സഞ്ചരിച്ചവർക്കേ കഴിയൂ. തൊണ്ണൂറ് സംവത്സരങ്ങൾ ശരീരം പിന്നിട്ടതു കൊണ്ടായില്ല, ഒരായിരം സംവത്സരങ്ങളിലൂടെ മനസ്സും ബോധവും യാത്രചെയ്താർജ്ജിക്കുന്ന 'തിരിച്ചറിവെ'ന്നവലിയ ജ്ഞാനം. കൈവരിച്ചവർക്കേ ഇതു സാധിക്കൂ. കേവലം 'സ്ഥാനത്യാഗ'മല്ലിത് അർത്ഥവും ആഴവും അധികമില്ലാത്തൊരു പദമാണത്. വാർത്താ പ്രാധാന്യം, ഒരു പക്ഷേ ആ പദത്തിന് ഉണ്ടായിരിക്കാം. സ്ഥാനം ത്യജിച്ച് അതു ത്യാഗമായി കാണുന്ന മനസ്സുകൾ അത്രയേറെ ദൂരം സഞ്ചരിച്ചിട്ടുണ്ടെന്ന് പറയുവാൻ വയ്യാ. ചെയ്ത പ്രവർത്തിയെ 'ത്യാഗമായി' സ്വയം ചിന്തിച്ചുപോയാൽ അതിൽ പിന്നെ 'ത്യാഗം' അവശേഷിക്കുന്നില്ല. പ. ദിദിമോസ് ഒന്നാമൻ വലിയ ബാവ ഒരു ത്യാഗം എന്ന ഭാവത്തിലല്ല, പ്രത്യുത കർമ്മനിരതവും അധികാര കേന്ദ്രീകൃതവുമായ തലത്തെ അതിജീവിക്കുന്ന "ചിത്തവൃത്തി നിരോധം" കൈവരിച്ച യോഗി ഭാവത്തിലാണിപ്പോൾ. അനസ്യൂതമായ ദൈവസാമീപ്യത്തിലൂടെ, ദൈവീകരണത്തിന്റെ, ദൈവസാരൂപ്യത്തിന്റെ തലത്തിലെത്തി നിൽക്കുകയാണാമഹാമുനി; ഭാവഭേദങ്ങളില്ലാതെ, പ്രാർത്ഥനാ മന്ത്രങ്ങൾ ഉരുവിടുന്നതിനടുത്ത യാമം കാത്തിരിക്കുന്ന "യാമങ്ങളുടെ കാവൽക്കാരനായി".

Editorial

നിറനിലാവിന്റെ നൈർമല്യമാണ് പുതിയ ഇടയ ശ്രേഷ്ഠന്. മഹാപുരോഹിത പരമ്പരയിലെ ഇളമുറക്കാരനായ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി നിർമ്മലമാനസനാണ്. ജീവിത ശൈലിയിലും, കർമ്മാനുഷ്ഠാനങ്ങളിലും, ഭക്തിയിലും കാപട്യം തൊട്ടു തീണ്ടീട്ടില്ല എന്നതായിരിക്കും ആ പിതാവിന്റെ 'ബലഹീനത'. വ്യക്തി ബന്ധങ്ങളിലെ സുതാര്യതയും, സമീപനങ്ങളിലെ നിർമ്മലതയും 21-ാം നൂറ്റാണ്ടിലേക്ക് പ. സഭയെ നയിക്കുവാൻ പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിക്ക് കരുത്തു നൽകും. ഒരുപാടു പ്രതീക്ഷകളോടെ, സ്വപ്നങ്ങളോടെ, സഭയും സമൂഹവും കാത്തിരിക്കുകയാണ്, സകലവും സാധ്യമാകുന്ന സർവ്വശക്തൻ പ. പിതാവിന്റെ ദർശനങ്ങൾക്കും കാഴ്ചകൾക്കും കർമ്മങ്ങൾക്കും കരുത്തു പകരട്ടെ!


തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നീതിപൂർവ്വം നിർവ്വഹിക്കപ്പെടുന്നതിന് നേതൃത്വം നൽകിയ തെരഞ്ഞെടുപ്പ് കമ്മീഷനും, സർക്കാരും അഭിനന്ദനമർഹിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവരേ അനുമോദിക്കുന്നു; ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, തെരഞ്ഞെടുത്ത സമൂഹത്തോടെ നീതി പുലർത്തിയും. ജാതി-മത-കക്ഷി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ വിത്യാസങ്ങൾ സ്വാധീനിക്കാതെ ശുദ്ധ മനസാക്ഷിയോടും, ദൈവഭയത്തോടും കൂടി ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ ജനപ്രതിനിധികൾക്ക് സാധിക്കട്ടെ.

'പ്രകാശ രശ്മികൾ
കാർമേഘങ്ങളെ കീറിമുറിച്ച്
വെളിച്ചം പരത്തി,
വെളിച്ചം പ്രകാശത്തേക്കാൾ
പരിശുദ്ധമെന്ന് മനസ്സു മന്ത്രിച്ചു,
സൂര്യ ചന്ദ്രന്മാർ ജനിക്കും മുമ്പേ
വെളിച്ചമുണ്ടായിരുന്നത്രേ'

EDITORIAL

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ** ■

ഗുരുമൊഴി



**നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായി തീരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും, സത്യ നടപടികളിലും, ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ. ധൈര്യം ദൈവമാകകൊണ്ട് അതിനെ മുറുകെ പിടിക്കുകയും, അതു കൂട്ടായിതീരുകയും ചെയ്താൽ ആരെയും ഭയപ്പെടേണ്ട. സകലത്തിലും അത് കാത്തുകൊള്ളും....**

**– പരുമലതിരുമേനി**

# 91–ാം കാതോലിക്കയായി പരിശുദ്ധ പൗലോസ് ദ്വിതീയൻ

- മലങ്കര മെത്രാപ്പോലീത്തായും, പൗരസ്ത്യ കാതോലിക്കായും
- പരുമല സെമിനാരി ഭക്തി സാന്ദ്രമായി
- കാർമ്മികത്വം വഹിച്ചത് വലിയ ബാവാ
- പൗരസ്ത്യ ദേശത്തെ 91–ാമത്തെയും, മലങ്കരയിലെ 8 –ാമത്തെയും കാതോലിക്ക

മാർത്തോമ്മായാൽ സ്ഥാപിതമായ മലങ്കരസഭയ്ക്കിത് ചരിത്ര മുഹൂർത്തം. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന് പുതിയ പിൻതുടർച്ച. കുന്നംകുളം ഭദ്രാസനാധിപനും, നിയുക്ത കാതോലിക്കായുമായിരുന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയാണ് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായത്.

2010 നവംബർ 1–ന്റെ പ്രഭാത കിരണങ്ങൾക്ക് ഒരു വിശുദ്ധിയുടെ പരിവേഷമുണ്ടായിരുന്നു. ദൈവനിയോഗിതനായി ഭാരതസഭ സ്ഥാപിച്ച പരിശുദ്ധ മാർത്തോമ്മായുടെ ശ്ലൈഹിക പിന്തുടർച്ചയുടെ അഭിമാന നിമിഷങ്ങളായിരുന്നു ഇത്.

പൗരസ്ത്യ കാതോലിക്കായായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമന്റെ ഹൃദയം നിറഞ്ഞ പിറന്നാൾ സമ്മാനമായിരുന്നു തന്റെ പിൻഗാമിക്കു നൽകിയത്. നവതിയുടെ നിറവിൽ അനുഗ്രഹങ്ങളും ആശംസകളും അപ്പോസ്തോലിക കൈവെയ്പും നൽകി ആ മഹായിടയൻ തന്റെ വിശ്രമ ജീവിതത്തിന്റെ തുടക്കം മധുരതരമാക്കി.



# പൗരസ്ത്യ കാതോലിക്ക സ്ഥാനാരോഹിതനായി



നിയുക്ത കാതോലിക്കായായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോയിയേഷൻ തെരഞ്ഞെടുത്തതു മുതൽ ദേവലോകം അരമനയിൽ താമസിച്ച് ഭരണകാര്യങ്ങളിൽ പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായെ സഹായിച്ചു വരികയായിരുന്നു പിൻഗാമി.

മലങ്കരസഭയുടെ ചരിത്രത്തിൽ ഈ കാതോലിക്കാ സ്ഥാനാരോഹണം വിശ്വാസികളുടെ പ്രാർത്ഥനകളുടെയും സ്വപ്നങ്ങളുടെയും പ്രതിഫലനമാണ്. എ.ഡി. 52–ൽ മലങ്കരയിൽ സഭ സ്ഥാപിച്ച പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ അന്തഃസത്തയെ ഏറെ വിലമതിക്കുന്ന വിശ്വാസ സഹസ്രങ്ങൾ അഭിമാനത്തോടെ ഇത് വീക്ഷിക്കുന്നു.

### 'കാതോലിക്കാ' സ്ഥാനനാമം

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും, സ്വയം ശീർഷകത്വത്തിന്റെയും ചരിത്ര വഴിയിലെ അഭിമാനസ്തംഭമാണ്. ഒരു വ്യവസ്ഥാപിത സമൂഹത്തിന്റെ അധികാര ചിഹ്നമാണ്. പക്ഷെ വർത്തമാനകാലത്തെ ചില കഥാപാത്രങ്ങൾ ഈ പരിവേഷം കൂടി ആഗ്രഹിക്കുന്നത്, ഈ ചരിത്രംകൂടി സ്വന്തമാക്കാനുള്ള അല്പബോധം കൊണ്ടാണ്. മലങ്കരയിൽ കാതോലിക്കാ ഒന്നേയുള്ളൂ എന്ന ചരിത്രാവബോധവും, വസ്തുനിഷ്ഠമായ ചിന്താഗതിയുമുള്ള വിശ്വാസികൾ ഉള്ളടത്തോളം കാലം ഈ മോഷണത്തിന്റെ പ്രതിഷേധം നിലനിൽക്കുമെന്നു തീർച്ച. പണവും സ്വാധീനവും കൊണ്ട് മാധ്യമങ്ങൾ കൂടെ ഉണ്ടായാൽ പോലും.

ഇനി ഭരണ നിർവ്വഹണത്തിന്റെ പുത്തൻ ദിനങ്ങൾ. കുന്നംകുളത്തിന്റെ പാരമ്പര്യവും, കോട്ടയത്തിന്റെ ബൗദ്ധികതയും മലങ്കരസഭയ്ക്ക് ദിശാബോധത്തിന്റെ പുത്തൻ ശീലുകൾ സമ്മാനിക്കുന്ന സുദിനങ്ങൾ.

മുൻപെ നടന്ന ബാവാമാരുടെ ശാന്തമായ കബറിടങ്ങളും വിശ്വാസ തീഷ്ണതയിൽ ഭരണം നടത്തിയ മലങ്കര മെത്രാപ്പോലീത്താമാരും മാർത്തോമ്മാമാരും അർക്കദിയാക്കോന്മാരുമായ വിശുദ്ധാത്മാക്കളും എണ്ണമറ്റ വിശ്വാസീ സമൂഹവും ചേർന്ന കെട്ടുപണി സാക്ഷി. ■

## ജീവചരിത്ര ഫലകങ്ങൾ

പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ 1946 ഓഗസ്റ്റ് 30–ന് തൃശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിൽ മങ്ങാട് കൊള്ളന്നൂർ കുടുംബത്തിലാണ് ജനിച്ചത്. പരേതരായ ഐ. ഐപ്പും പുലിക്കോട്ടിൽ കുഞ്ഞീറ്റയുമാണ് മാതാപിതാക്കൾ. പഴഞ്ഞി മങ്ങാട് മാർ ഗ്രിഗോറിയോസ് ദേവാലയമാണ് മാതൃക ഇടവക.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തൃശൂർ സെന്റ് തോമസ് കോളജിൽ ബി.എസ്.സി., ഓർത്തഡോക്സ് സെമിനാരിയിൽ ബി.ഡി., ജി.എസ്.റ്റി. കോട്ടയം സി.എം.എസ് കോളജിൽ എം.എ. സോഷ്യോളജി എന്നിവ പൂർത്തിയാക്കി.

1972 ഏപ്രിൽ 8 പരുമല സെമിനാരിയിൽ വച്ച് യൗപ്പദ്യക്ക്നോ. 73 മെയ് 31–ന് പൂർണ്ണ ശെമ്മാശൻ, ജൂൺ 2–ന് വൈദിക സ്ഥാനം, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തയാണ് മൂന്നു സ്ഥാനങ്ങളും നൽകിയത്. 1982–ൽ തിരുവല്ല അസോസിയേഷൻ ഫാ. പോളിനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1983 മെയ് 14 മാത്യൂസ് മാർ കൂറിലോസിൽ നിന്നും (മാത്യൂസ് ദ്വിതീയൻ ബാവാ) റമ്പാൻ സ്ഥാനം.

1985 മെയ് 15–ന് മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. 1985 ഓഗസ്റ്റ് 1–ന് പ്രഥമ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത.

2006 ഒക്ടോ. 12 പരുമല അസോസിയേഷൻ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. 2010 നവം. 1–ന് പരുമലയിൽ വച്ച് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ദിദിമോസ് പ്രഥമൻ ബാവായാൽ വാഴിക്കപ്പെട്ടു. ■

# സഭ ഒരു വിശുദ്ധ കവാടം

**2010 നവംബർ 1–ാം തിയതി പരുമല സെമിനാരിയിൽ കാതോലിക്കാ സ്ഥാനം സ്വീകരിച്ച ശേഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവതിരുമേനി നൽകിയ അനുഗ്രഹ സന്ദേശം**

ത്രിയേകദൈവത്തിന് സ്തുതി,

പ. ബസേലിയോസ് മാർത്തോമ്മ ദിദിമോസ് വലിയ ബാവാതിരുമേനി, അഭിവന്ദ്യ സഹോദരമെത്രാപ്പോലീത്താമാർ, വന്ദ്യ റമ്പാച്ചൻമാർ, ബഹുമാന്യരായ കോറെപ്പിസ്ക്കോപ്പ അച്ചൻമാർ, വന്ദ്യരായ വൈദികർ, പ്രിയ ശെമ്മാശൻമാർ, ആദരണീയരായ സിസ്റ്റേഴ്സ്, നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വാത്സല്യ സഭാമക്കളെ,

കർത്തൃശിഷ്യനായ വി.മാർത്തോമ്മ ശ്ലീഹായുടെ നിസ്തുലമായ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി രൂപീകൃതമായ, ഭാരതത്തിലെ തദ്ദേശീയ ക്രൈസ്തവ സമൂഹമായ മലങ്കര ഓർത്തഡോക്സ് സഭയുടെ 90–ാം കാതോലിക്കായും, മഹാതാപസശ്രേഷ്ഠനും, വന്ദ്യ വയോധിക പുണ്യാത്മാവുമായ പ.ബസേലിയോസ് മാർത്തോമ്മ ദിദിമോസ് ബാവ തിരുമേനിയുടെ പരിശുദ്ധമായ കൈകളാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ദൈവത്തിന്റെ ഈ പരിശുദ്ധ സഭയുടെ പരമോന്നത ശ്രേഷ്ഠ മഹാപുരോഹിത പദവിയിലേക്ക് സർവ്വശക്തനായ ദൈവം ബലഹീനനായ നമ്മെ അഭിഷേകം ചെയ്ത് ഉയർത്തിയിരിക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ, പ.സഭ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്ത നിർവ്വഹണത്തെ സംബന്ധി ച്ചുള്ള ആശങ്ക ഒരുഭാഗത്ത് നമ്മെ വല്ലാതെ ഉലയ്ക്കുന്നു. എന്നാൽ മറുഭാഗത്ത്, പ്രതിസന്ധികളുടെ നടുവിലും കണ്ണിലെ കൃഷ്ണമണി പോലെ ഈ സഭയെ നയിക്കുവാൻ, കാലകാലങ്ങളിൽ ദൈവം തിരഞ്ഞെടുത്ത പൂർവ്വസൂരികളായ പുണ്യ പിതാക്കൻമാരുടെ ജീവിതവും ദർശനവും പരിശോധിക്കുമ്പോൾ അവരുടെ ജീവിതത്തിൽ "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു''എന്ന വേദചിന്തയിൽ ആശ്രയം കണ്ടെത്തികൊണ്ട് എല്ലാ പരിമിതികൾക്ക് നടുവിലും അവർ നിർവ്വഹിച്ച സഭാ ശുശ്രൂഷയിൽനിന്നും ഉർജ്ജം ഉൾകൊണ്ട് വിനയത്തോടും പ്രാർത്ഥനയോടുംകൂടി പ.സഭ എന്നിൽ ഭരമേൽപ്പിച്ചിരിക്കുന്ന മഹാ ഇടയ ശുശ്രൂഷ എറ്റെടുക്കുവാൻ നാം ദൈവത്തിൽ ശരണപ്പെടുക യാണ്.

'സർവ്വശക്തനായ ദൈവമെ, നിന്റെ ശരീരമായ പ.സഭയെ, നിന്റെ മണവാട്ടിയായ പ.സഭയെ, നിന്റെ മന്ദിരമായ പരിശുദ്ധ സഭയെ, വിശുദ്ധിയിൽ അനുദിനം വളർത്തി, അതിന്റെ അതിരുകളെ വിശാലമാക്കി, പച്ചയായ മേച്ചിൽ പുറങ്ങളിലേക്ക് അതിലെ ആടുകളെ നയിക്കുവാൻ വെറും മൺകൂടാരമായ എന്നെ അവിടുന്ന് പ്രാപ്തനാക്കി തീർക്കണമെ' എന്ന ഹൃദയം നിറഞ്ഞ പ്രാർത്ഥന മാത്രമാണ് ഇപ്പോൾ നമുക്കുള്ളത്.

**വാത്സല്യ മക്കളേ,**

കുന്നംകുളം പ്രദേശം എന്റെ ആത്മിയതയെ പരിപോഷിപ്പിച്ച ജന്മനാടാണ്. മലങ്കര സഭക്ക് പുതിയ



ദിശാബോധം നൽകി നയിച്ച ഭാഗ്യസ്മരണാർഹരായ പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടേയും, നാം ഇപ്പോൾ ആയിരിക്കുന്ന ഈ പരുമല സെമിനാരിയുടെ സ്ഥാപകൻ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടേയും ജീവിതവും ദർശനവും എന്റെ ആത്മീക ജീവിതത്തിലും രൂപീകരണത്തിലും ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. അവരുടെ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയുടെ അടുത്തുവരുവാനുള്ള യോഗ്യതപോലും എനിക്കില്ല എങ്കിലും ആ പരിശുദ്ധ പിതാക്കൻമാരുടെ മദ്ധ്യസ്ഥതയും വഴിനടത്തിപ്പും എന്റെ ഇന്നു വരെയുള്ള സഭാ ജീവിതത്തിലും, ഈ നിമിഷത്തിലും, ഞാൻ അനുഭവിച്ച് അറിയുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ശരിയായി സ്തുതി അർപ്പിക്കുന്ന ഓർത്തഡോക്സ് വിശ്വാസ പാതയിൽ എന്നെ പരിശീലിപ്പിച്ചു വഴിനടത്തിയ എന്റെ മാതാപിതാക്കളെയും ഗുരുജനങ്ങളെയും ഏറ്റം ആദരവോടും നന്ദിയോടും കൂടെ ഇത്തരുണത്തിൽ ഞാൻ സ്മരിക്കുന്നു. മഹാപുരോഹിത ശുശ്രൂഷ യിലേക്ക് എന്നെ കൈപ്പിടിച്ചുയർത്തിയ പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവാ തിരുമേനിയോടും എന്നെ വാത്സല്യത്തോടെ സ്നേഹിച്ചിരുന്ന കൊച്ചി മെത്രാസ നത്തിന്റെ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയോടും ഞാൻ എറെ കടപ്പെട്ടിരിക്കുന്നു. എന്റെ സഭാ ശുശ്രൂഷയിൽ ഞാൻ നേരിട്ട പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം എനിക്കാശ്രയമായിരുന്ന മലങ്കരയുടെ പരിശുദ്ധൻമാരായ പരിശുദ്ധ പരുമല തിരുമേനി യുടെയും, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടേയും മദ്ധ്യസ്ഥത തുടർന്നുള്ള എന്റെ ജീവിതത്തിൽ ഉണ്ടാ കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയും പ്രത്യാശിക്കു കയും ചെയ്യുന്നു. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ നൂറാം വർഷീകം ആഘോഷിക്കുവാൻ നാം ഒരുങ്ങുമ്പോൾ ഇന്നുവരെ പ.സഭയെ മേയിച്ചു ഭരിച്ച്, സഭയുടെ ഭിത്തിയെ ബലവത്താക്കിയ സകല പൂർവ്വ പിതാക്കൻമാരെയും ഈ സമയം ഭക്ത്യാദരപൂർവ്വം ഞാൻ സ്മരിക്കുന്നു.

സ്വജീവിതത്തിൽ ദൈവസ്വഭാവത്തെ സ്വാംശീ കരിച്ച് സഭാമക്കൾക്ക് ഉത്തമ ആത്മീയ ജീവിത മാതൃക കാട്ടിതന്നുകൊണ്ടിരിക്കുന്ന താപസഗുരു ശ്രേഷ്ഠനായ മഹിതാചാര്യൻ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ ബാവ തിരുമേനി മലങ്കര സഭക്ക് നേതൃത്വം നൽകിയ അഞ്ച് വർഷങ്ങൾ മലങ്കരസഭാചരിത്രത്തിലെ സുവർണ്ണ കാലഘട്ടമെന്ന് സംശയലേശമെന്യേ വിശേഷിപ്പിക്കുവാൻ കഴിയത്തക്ക രീതിയിൽ മറ്റാർക്കും അവകാശപ്പെടുവാൻ കഴിയാത്ത നിരവധി പ്രത്യേകതകൾകൊണ്ട് സമ്പന്നമായിരിക്കുന്നു. തന്റെ പിൻഗാമിയായ കാതോലിക്കായെയും, പതിനാല് മെത്രാപ്പോലീത്തമാരെയും വാഴിക്കുവാനും നാല് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം അനുഗ്രഹപ്രദമായ രീതിയിൽ വിളിച്ച് ചേർക്കുവാനും, വി.മൂറോൻ, സൈത്ത് തുടങ്ങിയ വി.തൈലങ്ങളുടെ കൂദാശ നിർവ്വഹിക്കുവാനും, നിരവധി സഹോദരീ സഭകളുടെ തലവൻമാരെ മലങ്കര സഭയിലേക്ക് ക്ഷണിച്ച് സ്വീക രിക്കുവാനും അദ്ദേഹത്തിന്റെ ഭരണകാലത്ത് സാധിച്ചു എന്നത് പരിശുദ്ധ പിതാവിന്റെ സഭാശുശ്രൂഷയിൽ നിറപടിയായി അനുഭവവേദ്യമായ പരിശുദ്ധാത്മ ചൈതന്യത്തിന്റെ ഉത്തമ നിദർശനമായി നമുക്ക് മനസ്സിലാക്കാം. പിന്നിട്ട അഞ്ച് വർഷക്കാലം പരിശുദ്ധ പിതാവിനോട് ഒപ്പമുള്ള ജീവിതം എനിയ്ക്ക് നൽകിയ ആത്മീയ പാഠങ്ങൾ അമൂല്യമാണ്. ഒരു മകനെപ്പോലെ എന്നെ കരുതുകയും, സ്നേഹിക്കുകയും, വാത്സല്യ പൂർവ്വം ഉപദേശിക്കുകയും, സ്വന്തഹൃദയത്തോട് എന്നെ ചേർത്ത് നിർത്തുകയും ചെയ്ത പരിശുദ്ധ പിതാവേ!, അവിടുത്തെ ജീവിതവും ദർശനവും മലങ്കര സഭയ്ക്ക് പുണ്യമാണ്. അത് പ.സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വിശുദ്ധ പാഥേയമാണന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. അങ്ങ് ദീർഘായുഷ്മാനായി ആയിരം സൂര്യശോഭയോടെ ഞങ്ങളുടെ വലിയ ബാവാ തിരുമേനിയായി ഞങ്ങളോടൊപ്പം ഉണ്ടാകുന്നതിൽപ്പരം ഭാഗ്യം സഭയ്ക്ക് വേറെയില്ലെന്ന് അവിടുത്തെ തൃക്കരംമുത്തി ഉണർത്തിക്കട്ടെ. അങ്ങ് കാണിച്ചുതന്ന മഹനീയ മാതൃക പിൻപറ്റി സഭാശുശ്രൂഷ നിർവ്വഹിക്കു വാൻ ദൈവം അടിയനെ ശക്തനാക്കുന്നതിനുവേണ്ടി അങ്ങ് പ്രാർത്ഥിക്കണമേ.

**വാത്സല്യ മക്കളേ,**

പ.സഭയെ സംബന്ധിച്ച് നമുക്ക് ചില സ്വപ്നങ്ങളുണ്ട്. ബാഹ്യമായ പുരോഗതിയെക്കാൾ ഉപരിയായി സത്യമണവാളനായ ക്രിസ്തുവിന്റെ മന സ്സറിഞ്ഞ് അവനോടൊപ്പം സഞ്ചരിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മയായി സഭ രൂപാന്തരപ്പെടണം എന്ന് നാം ആഗ്രഹിക്കുന്നു. എല്ലായ്പ്പോഴും തുറന്നുകിടക്കുന്ന, എല്ലാ വരെയും ആലിംഗനം ചെയ്യുന്ന, മനുഷ്യവർഗത്തിന്റെ വേദനകളും ആകുലതകളും തിരിച്ചറിയുകയും, സകലമനുഷ്യരെയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാരുണ്യത്തിന്റെ കാതലായ ഒരു വിശുദ്ധ കവാടമായി സഭ മാറുക എന്നതാണ് എന്റെ സ്വപ്നമെന്ന് Testmony of Hope എന്ന ഗ്രന്ഥത്തിൽ എഴുതിയ വാൻതൂവാന്റെ വാക്കുകൾക്ക് ഭാരതീയ ക്രൈസ്തവസഭയിൽ ഈ കാലഘട്ടത്തിൽ വളരെ പ്രസക്തി ഉണ്ടെന്ന് നാം കരുതുന്നു. പ്രപഞ്ചത്തോട് മുഴുവൻ ക്രിസ്തുവിന്റെ സദ്വാർത്ത വെളിപ്പെടുത്തുന്ന പ്രേഷിതപ്രവർത്തനം എരിവോടെ നിർവ്വഹിക്കുന്ന ഒരു സഭ എന്റെ സ്വപ്നമാണ്. ഉള്ളിൽ പരിശുദ്ധാത്മാവിന്റെ അഗ്നി വഹിക്കുകയും, ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടു വാനായി പ്രാർത്ഥനയിലും ആത്മീയ ജീവിതത്തിലും തീർത്ഥാടനം നടത്തുകയും ചെയ്യുന്ന സഭയെ യാഥാർ ത്ഥ്യമാക്കുവാനാണ് നാം ആത്യന്തികമായി പരിശ്രമി ക്കേണ്ടത് എന്ന് നാം പ്രത്യേകം ഓർമ്മിപ്പി ക്കുന്നു.

ആത്മാവിൽ ദാരിദ്ര്യമനുഭവിക്കുന്നവരോടും, വിലപിക്കുന്നവരോടും, നീതിക്കുവേണ്ടി വിശന്നു ദാഹിക്കുന്നവരോടും, നീതി നിമിത്തം പീഡിപ്പിക്കപ്പെ ടുന്നവരോടും, ക്രിസ്തുവിലുള്ള ഭാഗ്യാവസ്ഥയെ പ്രഘോഷിക്കുവാൻ സാധിക്കുമ്പോഴാണ് നമ്മുടെ സഭാജീവിതം കൂടുതൽ അർത്ഥവത്തായി തീരുന്നത് എന്ന് നാം മനസ്സിലാക്കണം. പ്രപഞ്ചത്തിലും സകലജീവജാ ലങ്ങളിലും ഉള്ള ക്രിസ്തു സാന്നിധ്യം തിരിച്ചറിയുവാൻ സാധിക്കുന്ന ഒരു സഭയ്ക്കുമാത്രമെ ദൈവരാജ്യ നിർമ്മിതിയിൽ ക്രിയാത്മകമായി പങ്ക് ചേരുവാൻ കഴിയുകയുള്ളു എന്ന് നാം ഉറച്ച് വിശ്വസിക്കുന്നു.

സഭ ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ പ്രകാശ നമാണ്. പരിശുദ്ധ സഭ കേവലം ഒരു ആൾക്കൂട്ടമല്ല; മറിച്ച്

# കാതോലിക്കാ എന്നുചൊല്ലി വാഴ്ത്തി ഞായം

ഡോ. എം. കുര്യൻ തോമസ്

മലങ്കരയിലെ കാതോലിക്കേറ്റിന് ഒരു നൂറ്റാണ്ടിന്റെ പഴക്കമേ ഉള്ളൂ എങ്കിലും നസ്രാണിയുടെ കാതോലിക്കാ സ്ഥാനത്തോടുള്ള ബന്ധത്തിന് ഒരു സഹസ്രാബ്ദത്തില ധികം പഴക്കമുണ്ട്. പതിനാറാം നൂറ്റാണ്ടിൽ മലങ്കര നസ്രാ ണികളെ അടിമപ്പെടുത്തുവാൻ ഭഗീരഥപ്രയത്നം നടത്തിയ റോമൻ കത്തോലിക്കരുടെ ഏറ്റവും വലിയ രണ്ടു തലവേ ദനകൾ *മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും* (മാർത്തോ മ്മായുടെ മതവും വംശവും) എന്ന നസ്രാണികളുടെ അവ കാശവാദവും, ബാഗ്ദാദിലെ കാതോലിക്കായോടുള്ള അവ രുടെ അഭിനിവേശവുമായിരുന്നു.

1653–ലെ കൂനൻ കുരിശു സത്യത്തിനു ശേഷമുള്ള ഏതാനും പതിറ്റാണ്ടുകളിൽ നസ്രാണികൾ മാർത്തോമ്മാ മെത്രാനെയൊഴികെ മറ്റാരെയും വേദതലവനായി അംഗീ കരിച്ചിരുന്നില്ല. എന്നാൽ 1686–ൽ ചെങ്ങന്നൂരിൽ കൂടിയ *മലങ്കര പള്ളിയോഗം*, അലക്സാൻഡ്രിയൻ വേദശാസ്ത്ര മാണ് തങ്ങളുടെ അടിസ്ഥാന വിശ്വാസപ്രമാണം എന്നു പ്രഖ്യാപിച്ചതോടെ സ്ഥിതിമാറി. ഈ *മലങ്കര പള്ളിയോഗ* ത്തിന്റെ സൂത്രധാരകനായ പാശ്ചാത്യ സുറിയാനി മേല്പ ട്ടക്കാരൻ മാർ ഈവാനിയോസ് ഹദിയള്ളയുടെ സ്വാധീ നംമൂലമാവണം, മലങ്കര നസ്രാണികൾ അന്ത്യോഖ്യാ പാത്രിയർക്കീസിനെ നാമമാത്രമായാണെങ്കിലും വേദതല വനായി അംഗീകരിക്കേണ്ടി വന്നത്. ഇതോടെ അന്നുവരെ നസ്രാണി മനസ്സിൽ രൂഢമൂലമായിരുന്ന പട്ടത്വശ്രേണിക്കു മാറ്റംവന്നു. *കാതോലിക്കാ – പാത്രിയർക്കീസ് – അർക്കദി യാക്കോൻ* എന്ന അധികാരശ്രേണി, *പാത്രിയർക്കീസ് – കാതോലിക്കാ – മാർത്തോമ്മാ മെത്രാൻ* എന്നു മറിച്ചെഴു തേണ്ടിവന്നു.

തങ്ങൾ ഒരിക്കലും കാണാത്ത കാതോലിക്കായെ നൂറ്റാ ണ്ടുകളോളം നാമമാത്ര വേദതലവനായി അംഗീകരിച്ചിരു ന്നതുപോലെ അന്ത്യോഖ്യാ പാത്രിയർക്കീസിനെ നാമമാ ത്രമായാണെങ്കിലും വേദതലവനായി അംഗീകരിക്കാൻ നസ്രാണികൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ ഈ പുതിയ സംവിധാനത്തിൽ ഒരു കാതോലിക്കായെ കണ്ടെ ത്തേണ്ടിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ കേരളത്തിലെ ത്തിയ സുറിയാനി മേല്പട്ടക്കാരെ *കാതോലിക്കാ* എന്നു സംബോധന ചെയ്തിരുന്നതായി ശക്തമായ സൂചനകളു ണ്ട്. 1685–ൽ വന്ന മാർ ബസേലിയോസ് യൽദോ, 1751–ൽ വന്ന മാർ ബസേലിയോസ് ശക്രള്ള എന്നീ പാശ്ചാത്യ സുറി യാനി പാരമ്പര്യത്തിലെ മഫ്രിയാനാമാർ *കാതോലിക്കാ* എന്നു സംബോധന ചെയ്യപ്പെട്ടിരുന്നു. ഇതു കൂടാതെ, 1748–ൽ വന്ന പാശ്ചാത്യ സുറിയാനി മേല്പട്ടക്കാരൻ, വിഗ്രഹഭംജ്ഞകനായ മാർ ഈവാനിയോസ്, കേരള ത്തിൽവെച്ചു പകർത്തിയെഴുതിയ ഒരു സുറിയാനി ഗ്രന്ഥ ത്തിൽ *...ഞാൻ, കാതോലിക്കാ എന്നു വിളിക്കപ്പെടുന്ന, ബസ്രയിൽ നിന്നുവന്ന ഈവാനിയോസ് എപ്പിസ്ക്കോപ്പാ...* എന്നാണ് സ്വയം വിശേഷിപ്പക്കുന്നത്. ഇതും, 1806–ൽ വന്ന ദീയസ്ക്കോറോസ് എന്ന അന്ത്യോഖ്യൻ മെത്രാൻ സ്വയം കാതോലിക്കായെന്നു വിശേഷിപ്പിച്ച് ഇവിടെവെച്ച് സ്വയം

*ശേഷം 36–ാം പേജിൽ*

---

ക്രിസ്തുവാകുന്ന തലയോളം അനുദിനം പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ജീവനുള്ള മന്ദിരമാണ്. ജീവന്റെ ലക്ഷണം ചലനവും, വളർച്ചയുമാണങ്കിൽ ജീവനുള്ള സഭ അനുദിനം വളരണം. പരിശുദ്ധ സഭ, അത് നിൽക്കുന്ന സമൂഹത്തിൽ ചലനങ്ങൾ ഉണ്ടാ ക്കണം. നൻമയുടേയും, വിശുദ്ധിയുടേയും പവിത്രമായ ചലനങ്ങൾ സൃഷ്ടിക്കു വാൻ പര്യാപ്തമായ ഒരു സഭാജീവിതം കരുപ്പിടിപ്പിക്കു വാൻ നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ മുൻഗാമികൾക്ക് നിങ്ങൾ നൽകിയിട്ടുള്ളതുപോലെ സഹകരണങ്ങളും, പ്രാർത്ഥന കളും പ.സഭയുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ നമുക്കും നൽകണമെന്ന് നാം നിങ്ങളോട് സ്നേഹത്തോടെ ആവശ്യപ്പെടുന്നു. മക്കളേ നമ്മുടെ കരങ്ങൾക്ക് ശക്തി പകരുന്നത് നിങ്ങളുടെ പ്രാർത്ഥന ഒന്നു മാത്രമാണ് എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

സഭയുടെ ശുദ്ധീകരണത്തിന്റെ പെരുന്നാളായ കൂദോശ് ഈത്തോ ഞായറാഴ്ച്ചയുടെ സന്ധ്യ നമസ്ക്കാരത്തിലെ സെദ്റ പ്രാർത്ഥനയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ; ആകയാൽ കാരുണ്യവാനായ കർത്താവേ,... ഈ ദിവസം നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ സഭയെ കരുണയോടെ ദർശിച്ച് സകല ഉപദ്രവങ്ങളിൽനിന്നും പ്രതികൂലങ്ങ ളിൽനിന്നും അതിനെ പൂർണ്ണമായി രക്ഷിക്കണമേ. സ്ഫടിക പാറമേൽ അതിനെ ഉറപ്പിക്കേണമെ. നിന്റെ സ്ലീബയാൽ അതിന്റെ പ്രജകളെ മുദ്രകുത്തണമെ. നാശകരമായ വിശ്വാസ വിപരീതികളിൽനിന്നും അതിനെ കാത്തുകൊള്ളണമേ. എല്ലായിപ്പോഴും നിന്റെ ശക്തിയാൽ സഭക്ക് സമാധാനം കൊടുക്കണമെ. അതിൽനിന്നും ചിതറിപ്പോയവരെ കൂട്ടിച്ചേർക്കണമേ. അതിലെ ബലഹീനരെ ശക്തരാക്കേണമേ. നിന്റെ ദിവ്യ ഔഷധ ങ്ങളാൽ രോഗികളെ സന്ദർശിക്കേണമേ. നിന്റെ സ്നേഹത്തിൽ അന്തർലീനമായിരിക്കുന്ന സന്തോഷ ത്താൽ സഭാമക്കളെ മോക്ഷാവകാശികളാക്കണമെ. അതിലെ ഇടയൻമാരെ വിജ്ഞാനികളാക്കണമെ. ആചാര്യന്മാരെ ആത്മവിവേകമുള്ള വരാക്കണമെ. അതിലെ ശെമ്മാശൻമാരെ സത്യവും പരിപാകതയുമുള്ള വരാക്കണമെ. വിശുദ്ധ മാമ്മോദീസായുള്ള സത്യവിശ്വാ സികളെയെല്ലാം സംരക്ഷിച്ച് രക്ഷാകരമായ സ്ലീബായാൽ കാത്തു കൊള്ളണമെ. സഭയുടെ നാഥനായ കർത്താവെ! നിന്റെ സകലകൃപകൾക്കും വേണ്ടി നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും എന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഇപ്പോഴും എല്ലായപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ. ■

ആത്മകഥ



പ്രവാചകന്റെ വഴികൾ-2

# അതിരുകൾ മരണം വരെ മാത്രം

## സഭകൾ തമ്മിലുള്ള വേലി മരണം വരെ മാത്രമേയുള്ളു എന്ന് ഞാൻ പ്രസംഗിക്കുകയും ചെയ്തു



**90** വർഷം മുമ്പുള്ള കേരള മല്ല ഇന്നത്തേത്, പരസ്പരത അന്ന് കൂടുതലുണ്ടായിരുന്നു. കോൺക്രീറ്റ് വീടുകളോ ഓടിട്ട വീടുകളോ കുറവായിരുന്നു. അല്ലെ ങ്കിൽ ഇല്ലായിരുന്നു. ഓല മേഞ്ഞ വീടുകളായിരുന്നു അധികവും. ഞാൻ ജനിച്ച വീടും ഓല മേഞ്ഞ തായിരുന്നു. അയൽക്കാർ എല്ലാ വരും കൂടിച്ചേർന്നാണ് വീടിന് ഓല മേഞ്ഞിരുന്നത്. ക്രമേണ ഓലമാറി ഓടുകൾ വന്നു. ഇന്ന് എന്റെ ജന്മനാട്ടിൽ കോൺക്രീറ്റ് കെട്ടിടങ്ങളാണ് അധികവും, മാന വരാശിക്ക് ഇന്ന് പാരസ്പര്യം നഷ്ടമായി, വീടുകൾ തമ്മിൽ കോൺക്രീറ്റ് മതിലുകളാൽ വേർതിരിക്കപ്പെട്ടു. ഒരു പുരയിൽ നിന്ന് മറ്റെ പുരയിലേക്ക് വേലിക്ക മ്പുകൾക്കിടയിലൂടെ കടക്കമായി രുന്നു. കോൺക്രീറ്റ് മതിലുകൾ അത്തരം സൗഹൃദവും പാരസ്പര തയും നഷ്ടമാക്കി. മുള്ളുവേലി എങ്കിലും കെട്ടി വീടുകൾ ഓരോ യൂണിറ്റുകളായി മാറിക്കൊണ്ടിരി ക്കുകയാണ്.

എന്റെ മാതൃ ഇടവകയായ പത്തിച്ചിറപ്പള്ളിയുടെ വലിപ്പം, ഓരോ പത്ത് വർഷം കഴിയു മ്പോഴും കൂടിക്കൊണ്ടിരിക്കയാണ്. എന്നാൽ ആധുനിക തലമുറയ്ക്ക് മാതാപിതാക്കന്മാരുടെ ഭക്തി ജീവിതം നഷ്ടമായി. ചുരുക്ക ത്തിൽ ആഡംബരക്രമം കൂടുന്നു. ആത്മികത നഷ്ടമാകുന്നു. എന്റെ ചെറുപ്പത്തിൽ, സുറിയാനി തന്നെ ഉപയോഗിച്ച് വളരെ മനോഹര മായി തൽസമയ തർജമ നടത്തി യാണ് പുത്തൻ മഠത്തിൽ സ്കറിയാ കത്തനാർ വി. കുർബാന ചൊല്ലിയിരുന്നത്. ഇന്ന് സുറിയാനി ഭാഷ ഉപയോഗിക്കു ന്നവർ ഇല്ലായെന്ന് തന്നെ പറയാം, സുറിയാനി ഭാഷാ പ്രാവീണ്യം ഉള്ള വൈദികരും നന്നേ ചുരുക്ക മാണ്. ബലഹീനനായ എന്നെ ക്കൊണ്ട് പത്തിച്ചിറപ്പള്ളിയിൽ പ്രസംഗിപ്പിക്കുമായിരുന്നു. സൺഡേസ്ക്കൂൾ കെ. ഡേവിഡ് അച്ചന്റെ കാലം മുതൽ മിക്ക പള്ളികളിലും ഉണ്ടായിരുന്നു. ഇന്ന് പ്രായമായ ജനങ്ങൾ മാതാപിതാ ക്കളുടെ ശുഷ്കാന്തിയും ഇതിനു പുറകിലുണ്ടെന്നതു നിഷേധിക്കു വാൻ കഴിയുന്നില്ല. ഭൗതികമായി മക്കൾ വളരുമ്പോൾ സ്വാർത്ഥരായി ട്ടാണ് വളരുന്നത് എന്ന സത്യം മാതാപിതാക്കൾ വിസ്മരിക്കുന്നു.

**എന്റെ കുടുംബം**

എന്റെ പിതാവ് കൊച്ചിട്ടി കൊച്ചിട്ടിയും, മാതാവ് മറിയാമ്മ കൊച്ചിട്ടിയും മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. അതിൽ ഇളയ മകൾ നേരത്തെ മരിച്ചുപോയി. ആ മകളുടെ മൃത ദേഹം പള്ളിയിലേക്ക് എടുക്കു വാൻ തുടങ്ങിയപ്പോൾ എന്റെ അമ്മ പറഞ്ഞ വാചകം ഇന്നും ഓർക്കുന്നു. "മകളേ, നീ എന്നെ യാത്രയാക്കും എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ നീ ഇപ്പോൾ പോകൂ ഞാൻ സ്വർഗ്ഗ

ത്തിൽ വച്ച് നിന്നെ കാണുവാൻ ഇടയാകട്ടെ" എന്ന് പറഞ്ഞ് ഒരു പാട്ടും പാടി ശവം കൊടുത്തയച്ചു. എന്റെ സഹോദരങ്ങൾ മൂന്നു പേരും യാത്രയായി. മൂത്ത സഹോദരൻ ഹോമിയോ ഡോക്ടറാകുന്നതിന് മുൻപ് ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്ന് സുഭാഷ് ചന്ദ്രബോസിനോടൊപ്പം മലേഷ്യയിൽ പോയിരുന്നു അവിടെ സമ്പാദിച്ച പണമെല്ലാം നഷ്ടപ്പെട്ടു. മടങ്ങിവന്ന് ഹോമിയോ ഡോക്ടറായി സുവിശേഷാലയം വക കെട്ടിടത്തിൽ പ്രാക്ടീസ് ചെയ്തുപോന്നു. ജ്യേഷ്ഠനും ഭാര്യയും തലേന്നും പിറ്റേന്നുമായി മരിച്ചു. ഇളയ സഹോദരൻ ജോഷ്വാക്കുട്ടി ബോംബെയിൽ റയിൽവേയിൽ ജോലി നോക്കിയിരുന്നു. അവിടെ വച്ച് മരിച്ചു. ഞാനും കബറടക്കത്തിന് പോയിരുന്നു. ജോഷ്വാക്കുട്ടിയുടെ ഭാര്യ അമ്മിണി ഇപ്പോഴും ബോംബെയിൽ താമസിക്കുന്നു.

ഞാൻ ശെമ്മാശനായിരുന്നപ്പോഴാണ് സഹോദരിയുടെ വിവാഹം നടന്നത്. മാർതോമ്മാപ്പള്ളിയിൽ വെച്ചായിരുന്നതിനാൽ ഞാൻ അതിൽ സംബന്ധിച്ചില്ല. എന്നാൽ വർഷങ്ങൾക്ക് ശേഷം സഹോദരീ ഭർത്താവ് ചെറിയാന്റെയും, സഹോദരിയുടെയും സംസ്ക്കാരത്തിനായി മാർത്തോമ്മാ പള്ളിയിൽ പോയി. 'സഭകൾ തമ്മിലുള്ള വേലി മരണം വരെ മാത്രമേ ഉള്ളൂ' എന്ന് ഞാൻ പ്രസംഗിക്കുകയും ചെയ്തു.

എന്റെ പിതൃ സഹോദരകുടുംബങ്ങൾ എല്ലാവരും തന്നെ ഇപ്പോഴും ഈഴക്കടവിൽ മാർത്തോമാ ഇടവകക്കാരാണ്. എന്നാൽ എന്റെ പിതാവ് ദത്ത് കയറിയതിനാൽ എന്റെ മാമോദീസായും എല്ലാം നടന്നത് പത്തിച്ചിറപ്പള്ളിയിൽ വച്ചാണ്.

എന്റെ അമ്മ ആത്മിക ജീവതത്തിൽ എന്റെ മാതൃകയായിരുന്നു. ചെറുപ്പത്തിൽ ഞാൻ വളരെ ദേഷ്യക്കാരനായിരുന്നതിനാൽ ഒരിക്കൽ ആത്മഹത്യ ചെയ്യുവാനായി ഒരു മരത്തിൽ കയറി. എന്റെ പിതാവ് ഒരിക്കൽ എന്നെ തല്ലിയപ്പോൾ ചോരവന്നു. അമ്മ പലപ്പോഴും തല്ലിയിട്ടുണ്ടെങ്കിലും ഒരിക്കൽപോലും രക്തം വന്നിട്ടില്ല. എന്റെ രണ്ട് സഹോദരന്മാരും സഹോദരിയും എന്നെക്കാൾ നല്ലവരായിരുന്നു. ഞങ്ങളുടെ വീട്ടിൽ ആദ്യമായി സണ്ടേസ്ക്കൂൾ തുടങ്ങിയതുപോലെ, സഹോദരൻ ജോഷ്വാ കുട്ടിയുടെ വീട്ടിലാണ് ബോംബെയിൽ ഗ്വോളിയോറിൽ ആദ്യമായി സണ്ടേസ്ക്കൂൾ ആരംഭിച്ചത്. *തുടരും....*


*For Favours Received*





M. K. Saramma





Kunjamma Varghese




# പരിശുദ്ധ പരുമല തിരുമേനിയും പരുമല പള്ളിയും

**മു**ളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും പുത്രനായി 1848 ജൂൺ 15–ാം തീയതി ജനിച്ച ഗീവർഗീസാണ് ഇന്ന് ലോകമെമ്പാടും ആദരിക്കുകയും അനേകായിരങ്ങളുടെ അനുഗ്രഹ സ്രോതസായി വിരാജിക്കുകയും ചെയ്യുന്ന പരിശുദ്ധ പരുമല തിരുമേനി...

**വെരി. റവ. കെ. വി. ജോസഫ് റമ്പാൻ, കളപ്പുരയ്ക്കൽ**
**(അസ്സി. മാനേജർ, പരുമല സെമിനാരി )**

....കൊച്ചു തിരുമേനിയുടെ ഭക്തി ജീവിതവും പ്രാർത്ഥനാ നിരതയോടുകൂടിയ പ്രവർത്തനവും പരുമല പ്രദേശത്തിന്റെ തന്നെ മുഖച്ഛായമാറ്റി. യക്ഷിഭയത്തിന്റെ പേടി സ്വപ്നത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾ കൂടുതൽ ദൈവവിശ്വാസികളും ആരാധന തല്പരരുമായി തീർന്നു.



ജീവിച്ചിരുന്നപ്പോൾ തന്നെ അനേകം അത്ഭുതങ്ങൾ തിരുമേനി പ്രവർത്തിച്ചിട്ടുണ്ട്. ഒന്നു പറയട്ടെ, ഒരിക്കൽ തിരുമേനി കുന്നംകുളത്തു എത്തി താമസിച്ചിരുന്നപ്പോൾ ജീവനില്ലാത്ത ഒരു കുട്ടിയേ അതിന്റെ മാതാപിതാക്കൾ കൊണ്ടുവന്ന് തിരുമേനിയുടെ മുമ്പിൽ കിടത്തി. തിരുമേനി സ്ലീബാ അതിന്റെ ദേഹത്തു ചേർത്തു പിടിച്ചു കൊണ്ട് ഹൃദയവേദനയോടെ പ്രാർത്ഥിച്ചു. അത്ഭുതം എന്നു പറയട്ടെ! ആ കുട്ടി ഒന്നു തുമ്മി, കണ്ണു തുറന്നു. ശ്വാസോച്ഛ്വാസം ചെയ്തു. അങ്ങനെ ജീവനിലേക്കു വീണ്ടും കടന്നു വന്നു.

മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പൗരോഹിത്യ ജൂബിലി 1901 നവംബർ 25ന് എം.ഡി. സെമിനാരിയിൽ വച്ച് ആഘോഷിക്കുന്നതിനോടനുബന്ധിച്ച് പഴയ സെമിനാരിയിൽ നിന്നും ഒരു ഘോഷയാത്ര സംഘാടകർ ക്രമീകരിച്ചിരുന്നു. സമയമായപ്പോഴേക്കും ആകാശം കറുത്തിരുണ്ട് മഴക്കാറും കാറ്റും കോളും കൊണ്ട് അന്തരീക്ഷം കലുഷിതമായി. ഭാരവാഹികൾ ആകെ വിഷമിച്ചു. ആ അവസരത്തിൽ പരുമല തിരുമേനി സ്ലീബാ എടുത്ത് അന്തരീക്ഷത്തിൽ വാഴ്ത്തികൊണ്ട് പ്രാർത്ഥന നടത്തി. അതിശയകരമാംവിധം അന്തരീക്ഷം പ്രകാശപൂരിതമായി. മഴയുടെ യാതൊരു ഉപദ്രവവും കൂടാതെ ഘോഷയാത്ര ഭംഗിയായി നടത്തി. ജൂബിലി സമ്മേളനവും മംഗളമായി അവസാനിച്ചു. കൊച്ചു തിരുമേനിയുടെ പ്രാർത്ഥന ശക്തിയിൽ ജനങ്ങൾ വിശ്വാസമർപ്പിച്ചു കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും അത് മുഖാന്തിരമായി.

പരുമല തിരുമേനിയുടെ ജീവിതാന്ത്യം അർശസ്സ് രോഗം മൂർഛിച്ചതു മൂലമായിരുന്നു. രോഗശയ്യാവ ലംബിയായി കഠിന വേദന അനുഭവിച്ചു കൊണ്ട് കഴിഞ്ഞിരുന്ന ദിവസങ്ങളിൽ 1902 തുലാം മാസം, ഇന്ന് എത്രാം തീയതിയാണെന്ന് ശുശ്രൂഷിക്കുന്നവരോട് ചോദിച്ചു. തുലാം 18–ാം തീയതി എന്ന് മറുപടി പറഞ്ഞപ്പോൾ ഇനിയും രണ്ടു ദിവസം കൂടി ഞാൻ ഈ വേദന അനുഭവിക്കേണമല്ലോ എന്ന് പറഞ്ഞു പ്രാർത്ഥന നടത്തികൊണ്ടിരുന്നു. തനിക്ക് ഇഹലോകം ജീവിതം രണ്ടു ദിവസം കൂടിയേ ഉള്ളു എന്നുള്ള പ്രവചനമായിരുന്നു അത്. 1902 തുലാം 20–ാം തീയതി (നവംബർ 2) തന്നെ രാത്രി ഒരു മണിക്ക് തിരുമേനി ഇഹലോകവാസം വെടിഞ്ഞ് തന്റെ ഉടയവന്റെ സന്നിധിയിലേക്ക് സജീവനായി എടുക്കപ്പെട്ടു. ഭൗതീക ശരീരം 22–ാം തീയതി പരുമല പള്ളി മദ്ബഹായുടെ വടക്കുവ

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



മാർ ബസേലിയോസ്
ഔഗേൻ ബാവാ
(35-ാം ഓർമ്മ)
ഡിസംബർ - 8,
**ദേവലോകം അരമനയിൽ)**




ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ്
പ്രഥമൻ ബാവാ
(14-ാം ഓർമ്മ) നവം. - 8,
**ദേവലോകം അരമനയിൽ)**



പുലിക്കോട്ടിൽ ജോസഫ്
മാർ ദീവന്നാസിയോസ്–I
(194–ാം ഓർമ്മ),
നവം. 24,
**പഴയ സെമിനാരിയിൽ)**



തോമാ മാർ ദീവന്നാസിയോസ്
മെത്രാപ്പോലീത്താ
(38-ാം ഓർമ്മ)
(ഡിസംബർ - 3,
**പത്തനാപുരം ദയറായിൽ)**



പൗലോസ് മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്താ
(13-ാം ഓർമ്മ)
(നവംബർ - 24,
**പഴയ സെമിനാരിയിൽ)**

ശത്ത് കൊച്ചു തിരുമേനി നേരത്തെ കാണിച്ചുകൊടുത്ത സ്ഥലത്തു തന്നെ കബറടക്കി. ജീവിച്ചിരുന്നപ്പോൾ തന്നെ മഹാ പരിശുദ്ധനായി ഗണിച്ചിരുന്ന അദ്ദേഹത്തിന്റെ കബറിങ്കൽ അനുഗ്രഹ പ്രാപ്തിക്കായി എത്തുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. 1947 നവംബർ 2–ാം തീയതി മരണശേഷം 45–ാം വർഷം സഭയുടെ പരമാദ്ധ്യക്ഷൻ പ.ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്ക ബാവ പരിശുദ്ധ സുന്നഹദോസിന്റെ നിശ്ചയ പ്രകാരം ഭാരതീയനായ പരുമല കൊച്ചുതിരുമേനിയേ ഭാരത ക്രൈസ്തവ സഭകളിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായി പ്രഖ്യാപിച്ചു.

ഇപ്പോൾ ആ മഹാ പരിശുദ്ധനായ പിതാവിന്റെ പരിശുദ്ധ ഭൗതീകാവശിഷ്ടം സൂക്ഷിച്ചിരിക്കുന്ന കബറിങ്കൽ നിത്യവും എത്തി അപേക്ഷ സമർപ്പിക്കുന്ന തീർത്ഥാടകരുടെ എണ്ണം ആയിരക്കണക്കിനായി വർദ്ധിച്ചിരിക്കുന്നു.

വർഷം തോറും നവംബർ ഒന്നും രണ്ടും തീയതിയിലാണ് പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാൾ പരുമല പള്ളിയിൽ നടത്തുന്നത്. ഈ വർഷം 108–ാം ഓർമ്മ പെരുന്നാളാണ്. ഒക്ടോബർ 26–ാം തീയതി പെരുന്നാൾ കൊടിയേറ്റ് നടത്തും. പിന്നീട് തീർത്ഥാടകരുടെ പ്രവാഹമായി. പെരുന്നാളിനോടനുബന്ധിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജാതിമതഭേദമെന്യേ ലക്ഷകണക്കിന് തീർത്ഥാടകരാണ് പരിശുദ്ധന്റെ കബറിങ്കൽ എത്തി മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട് അനുഗ്രഹത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. പരുമല പള്ളിയിൽ ജാതി ഇല്ല, മതമില്ല; ഭാഷ ഇല്ല. കുചേലകുബേര വ്യത്യാസമില്ല. സവർണ്ണ അവർണ്ണ തിരിവില്ല. എല്ലാവരും ഒന്നുപോലെ. പരിശുദ്ധനായ പരുമല തിരുമേനിയുടെ ആസ്ഥാനമായിരുന്ന ലോകത്തിന്റെ നാനാ ഭാഗങ്ങളിലും അറിയപ്പെടുന്ന പരുമല പള്ളി ഒന്നു മാത്രം. അത് രണ്ടാമനില്ലാത്ത ഒന്നാമനു സമം.

1872–ൽ 30 ദെണ്ണ് സ്ഥലത്ത് ആരംഭിച്ച പരുമല സെമിനാരി പുരയിടം ഇന്ന് 50–ൽ പരം ഏക്കർ സ്ഥലത്തു വ്യാപിച്ചു കിടക്കുന്നു. ഇത് പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതമൂലം ലഭിച്ചതത്രെ. പരിശുദ്ധ പിതാവിന്റെ തിരുനാമത്തിൽ 1975ൽ അന്ന് പരുമല സെമിനാരി മാനേജരായിരുന്ന കെ.ബി. മാത്യൂസ് കത്തനാരുടെ ശ്രമഫലമായി പ്രവർത്തനം ആരംഭിച്ച സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഇന്ന് ചികിത്സ സംബന്ധമായ എല്ലാ ഡിപ്പാർട്ടുമെന്റുകളും പ്രത്യേകിച്ച് ഹൃദയ സംബന്ധമായും കാൻസർ സംബന്ധമായും പ്രവർത്തിച്ച് രോഗികൾക്ക് അത്താണിയായി വളർന്നു കൊണ്ടിരിക്കുന്നു. ഹോസ്പിറ്റലിനോടു ചേർന്ന് സെന്റ് ഗ്രീഗോറിയോസ് നേഴ്സിംഗ് കോളജും സെന്റ് ഗ്രീഗോറിയോസ് നേഴ്സിംഗ് സ്കൂളും സെന്റ് ഗ്രീഗോറിയോസ് സോഷ്യൽ സർവ്വീസ് കോളജും പ്രവർത്തിച്ചു വരുന്നു.

ഒരു നല്ല അജപാലകനായിരുന്ന പരിശുദ്ധ പരുമല തിരുമേനി പള്ളികളും സ്കൂളുകളും പടുത്തുയർത്തി, രോഗികളെയും അനാഥരേയും ശുശ്രൂഷിച്ച്, സുവിശേഷ പ്രഘോഷണം നടത്തി അനേകരെ ആലയിലേക്കു ചേർത്ത്, ദേശങ്ങൾ സഞ്ചരിച്ച് പള്ളി വഴക്കുകൾ ശമിപ്പിച്ച് പ്രാർത്ഥനയാൽ വസന്തകളെ ശാസിച്ച് നീക്കി തുടർച്ചയായി തന്റെ ജീവരക്തം ഒഴുക്കിതീർത്ത മദ്ധ്യസ്ഥ പിതാവുമാണ്.

മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ 108–ാം ഓർമ്മ പെരുന്നാളിൽ എത്തുന്ന വിശ്വാസികളും തീർത്ഥാടകരും പരിശുദ്ധ പിതാവിന്റെ ജീവിത ദർശനങ്ങൾ പാലിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നതിനും പരിശുദ്ധന്റെ മദ്ധ്യസ്ഥത സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ. ■


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

# പദപ്രശ്നം 19

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | 5 | 6 |
| | | 7 | | | 8 | |
| 9 | 10 | | 11 | 12 | | |
| 13 | | | | | 14 | |
| ■ | | 15 | 16 | | | 17 |
| 18 | | | | ■ | 19 | |
| | ■ | | | ■ | 20 | |

## വലത്തോട്ട്

1. കിഴക്ക് യഹോവ ഉണ്ടാക്കിയ തോട്ടം (3)
3. ഉത്തമഗീതത്തിലെ ഒരു മല-ലെബാനോൻ ശെനീർ, ഹെർമ്മോൻ എന്നിവയോടു കൂടി പറഞ്ഞിരിക്കുന്നത് (3)
7. യാക്കോബിന്റെയും, യാസെയുടെയും അമ്മ (3)
8. ഹോർയ്യ പ്രഭുക്കന്മാരിൽ ലോതാവിന്റെ രണ്ടു പുത്രന്മാരിൽ ഒരാൾ (2)
9. യഹൂദായുടെ പുത്രനായ രെയാമാവിന്റെ മകൻ (3)
11. യേശുവിന്റെ വംശാവലിയിൽ ഒരാൾ. ഇദ്ദേഹത്തിന്റെ പിതാവ് യോഹന്നാനായിരുന്നു (2)
13. വിശുദ്ധ പൗലോസിന്റെ ജന്മസ്ഥലം (4)
14. ഭൂമിയിലെ വ്യാപാരികൾ വില്ക്കുന്ന ചരക്കുകളായി വെളിപാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിൽ ഒന്ന് (2)
15. മോശെയുടെ മരണത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് .........പുസ്തകത്തിലാണ് (4)
18. കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചതായി വി. കുർബാനയിൽ ഓർക്കപ്പെടുന്ന സഭാപിതാവ് (4)
19. ദൈവത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ദയ (2)
20. ആത്മീകവും, ധാർമ്മികവുമായ മൂല്യങ്ങളെ അവതരിപ്പിക്കുന്ന കല്പിത കഥകൾക്ക് പറയുന്ന പേര് (ഗ്രീക്കു പദം) (2)

## താഴോട്ട്

1. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കബറടങ്ങിയിരിക്കുന്നത് പ്രവാചകന്റെ നാമത്തിലുള്ള മാർ....................ചാപ്പലിലാണ് (3)
2. കർത്താവിന്റെ മാമോദീസാ പെരുന്നാൾ (3)
3. പരിശുദ്ധ ത്രിത്വത്തെ വികലമായി പഠിപ്പിച്ച 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വേദവിപരീതി (4)
4. ലോകത്തിലുള്ളതിനെക്കുറിച്ച് 'അസ്ഥിരം' എന്ന അർത്ഥത്തിൽ സഭാ പ്രസംഗി ഉപയോഗിച്ചിരുന്ന പദം (2)
5. അബ്രഹാമിന്റെ പിതാവായ തേരഹിന്റെ പിതാവ് (3)
6. ത്രോണോസിന്റെ മദ്ധ്യ ഭാഗത്ത് തബ്ലീത്തായുടെ മുകളിൽ ഇടുന്നത് ഇതാണ് (4)
7. വീഞ്ഞ് കുടിച്ചാൽ ഉണ്ടാവുന്നത് (2)
10. നെബുഖദ്നേസർ ബാസേലിലേയ്ക്ക് കൊണ്ടു പോയിരുന്നവരിൽ നിന്ന് മടങ്ങി വന്നവരിൽ ഇദ്ദേഹത്തിന്റെ മക്കളും ഉണ്ടായിരുന്നു (3)
12. മാൻ നീർത്തോടുകളിലേക്ക് ചെല്ലുന്നത് ഇത് തോന്നുന്നതുകൊണ്ടാണ് (2)
14. നീതിമാൻ ഇതുപോലെയാണ് തഴയ്ക്കുന്നത് (2)
15. ദൈവം എന്നതിന് സുറിയാനിയിൽ പറയുന്ന പേര് (3)
16. വ്യവഹാരത്തിലൂടെ ഇത് എടുക്കാനാഗ്രഹിക്കുന്നവർക്ക് പുതപ്പുകൂടി വിട്ടുകൊടുക്കാൻ യേശു ഉപദേശിച്ചിരുക്കുന്നു (3)
17. ഒഴിഞ്ഞു പോകാനായി ദാവീദ് രാജാവ് സങ്കീർത്തനത്തിലൂടെ പ്രാർത്ഥിക്കുന്നത് (3)
18. വലിയ നോമ്പിന്റെ അഞ്ചാമത്തെ ഞയറാഴ്ച ഓർക്കപ്പെടുന്ന സ്ത്രീ (2)
19. ദുഷ്ടന്മാർ പൊടിയിൽ കിടക്കുമെന്നും അവരെ ഇത് മൂടുന്നുവെന്നും ഇയ്യോബിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-12-2010

**വിജയി:- റാണി കെ. ചെറിയാൻ, ചുങ്കത്തറ**

**2. അന്നക്കുട്ടി എബ്രഹാം, അയ്മനം; 3. അന്നമ്മ കോശി, കുമ്പനാട്; 4. സിസ്റ്റർ അന്നമ്മ, നസ്രത്ത് കടമ്പനാട്; 5. അന്നമ്മ തോമസ്, തുമ്പമൺ; 6. അന്നമ്മ ജോസഫ്, നെടുമാവ്; 7. അന്നമ്മ മത്തായിക്കുട്ടി, നാസിക്ക്; 8. അന്നമ്മ ചാക്കോ, നിരണം; 9. പി. സി. അലക്സാണ്ടർ, മാവേലിക്കര; 10. അമ്മിമി സക്കറിയ, പഴഞ്ഞി; 11. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 12. അമ്മിണി കുഞ്ഞ്കുഞ്ഞ്, തലവൂർ; 13. അമ്മിണി ചെറിയാൻ, ആലുവ; 14. അക്കാമ്മ ജോർജ്, പാമ്പാക്കുട; 15. ആനി ചെറിയാൻ, തിരുവല്ല; 16. ആനി സക്കറിയ, തിരു.; 17. ആലീസ് നൈനാൻ, എരുമേലി; 18. ആലീസ് നൈനാൻ, ആലപ്പുഴ; 19. ആലീസ് എബ്രഹാം, കോയമ്പത്തൂർ; 20. അമ്മുക്കുട്ടി വർഗീസ്, ഏനാത്ത്; 21. കെ. സി. എലിസബത്ത് തമ്പി, കൊച്ചി-36; 22. എലിസബത്ത് മാത്യു, കരിക്കം; 23. എലിസബത്ത് തോമസ്, കൊട്ടാരക്കര; 24. കെ. കെ. എബ്രഹാം, പനയമ്പാല; 25. ഏലമ്മ എബ്രഹാം, നോർത്ത് കളമശേരി; 26. ഏലിയാമ്മ പൗലോസ്, വയനാട്; 27. ഏലിയാമ്മ തോമസ്, നിരണം; 28. ഏലിയാമ്മ ഗീവർഗീസ്, മണ്ണാറകുളഞ്ഞി; 29. ഏലിയാമ്മ ജോർജ്, കുരിപ്പള്ളി; 30. ഡോ. ഏലിയാമ്മ ഐസക്ക്, പുത്തൂർ; 31. ഏലിയാമ്മ സക്കറിയ, കൊൽക്കത്ത; 32. എബ്രഹാം വർഗീസ്, ബുധനൂർ; 33. ഏലിയാമ്മ ഫിലിപ്പോസ്, കുമ്പഴ; 34. ഏലിയാമ്മ വർഗീസ്, പുനലൂർ; 35. ഏലിക്കുട്ടി മാത്യു, നിരണം; 36. ബേബി ഡേവിഡ്, തൃശൂർ-4; 37. ബേബി ഡേവിഡ്, കോട്ടയം; 38. ബേബി വർഗീസ്, കോട്ടയം; 39. ബെന്നിക്കുട്ടി കെ. പത്തനാപുരം; 40. ബെൻസൺ കെ. ജോൺ, വടകോട്; 41. ബീനാ ജോണി, ഹരിപ്പാട്; 42. ചിന്നമ്മ ജോൺ, തിരു., 43. ഡാനിയേൽ കൊച്ചുകുഞ്ഞ്, അരുണാചൽപ്രദേശ്; 44. കെ. കെ. ഡാനിയേൽ, അരുവാപ്പുലം; 45. എം. എം. ജോർജ്, പാമ്പാക്കുട; 46. ജോർജ് ചെറിയാൻ, നരിയാപുരം; 47. ജോർജ് ജോൺ, പാമ്പാക്കുട; 48. ജെനി ഡാനിയേൽ, പത്തനംതിട്ട;**

*ശേഷം 41-ാം പേജിൽ*

**പദപ്രശ്നം-17-ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 സ | 2 ഭാ | വ | ഷം | 3 ജാ | ഗ്ര | 4 ത |
| ല | ഷ | 5 പെ | ർഗ്ഗ | ■ | 6 മ | ല |
| 7 മി | സാ | ർ | ■ | 8 നാ | ല്ല | തൊ |
| സ് | ■ | സി | 9 എ | ല്കാ | നാ | ട്ട |
| 10 ഡി | ഡാ | സ് | 11 കാ | ലി | യ | പ്പ |
| 12 ഡാ | 13 നി | 14 ദൈ | വ | 15 ദൂ | 16 ത | ൻ |
| ക്ഷേ | 17 ദ്ര | വം | ൽ | 18 മാ | ടം | 19 റോം |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫാ. തോമസ് മാത്യു, കൊട്ടാരക്കര ഫോൺ: 9847555113)




## BRIDE WANTED

Orthodox Boy, B.Tech, SW Engineer, 29/ 185, Banglore, seeks alliance from same background.

**Contact No.**
**0481- 2370100, 2372000**
**9446062371**
**email: alohjana@gmail.com**

## BRIDE GROOM WANTED

ORTHODOX parents from Pandalam, settled in Bangalore, invite proposal for their daughter working/studying in USA, June 83/164 cm, Fair, Smart, B.E.(B'lre), MBA(USA), Ph.D (Business Management) 2nd Year, from parents of God Fearing Boys, Orthodox/Jacobite/Marthomite, clean habit, with similar Qualification or Doctors preferably employed in USA. Email details with latest photograph :

blre006@gmail.com, Mob (0) 99805 37975

## BRIDE WANTED

Orthodox Parents invite proposals for their son 27/172 Atheletic, wheatish complexion BE, MBA, Born in Kerala, brought up across North india, working in Kuwait from parents of qualified (BE MBA, MCA, MTech, MD, MDS) God fearing with clean habits Girls from Orthodox, Jacobite, Marthomite. We prefer girl born and brougt up from out side Kerala.

E-mail: parampuzhaachen@yahoo.com
**Phone: 00965-65722143 / 00965-23714738 (R)**

## BRIDE WANTED

Respectable and financially sound Orthodox parents, seek alliance for their handsome son aged 30, 162, ME, MS (USA), well settled, working as a structural design Engineer in Chicago, from parents of God fearing and good looking professional girls, willing to work in U.S.

**E-mail: iu.cherian@gmail.com**
**Ph: 04662223723, Mob. 9495761059**

## BRIDE WANTED

Orthodox Parents invite proposals for their son, BLIND by birth (30), very active in church services, especially choir, and have sound financial background. Seeks alliance from Christian parents of girls with similar religious background.

**Please respond to 09447213248**
**E-mail: rajangeorgekunju@yahoo.com**


## ഗിവ്സൈറ്റ് പ്രോജക്ട്

**സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല, പിൻ-689626**
**ഫോൺ: 0479-2312266, 2312465**
Fax: 0479-2312866 e-mail: sgmhospital@sify.com

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗവുമായി ബന്ധപ്പെട്ട് നിർധനരായ രോഗികളെ സൗജന്യമായി ചികിൽസിക്കുന്ന പദ്ധതിയാണ് "Give Sight Project".

സന്മനസ്സുള്ള ആർക്കും "Give Sight Project" ൽ 1500/- (ആയിരത്തി അഞ്ഞൂറു രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയാ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട നേത്ര രോഗിക്ക് ഞങ്ങൾ ചെയ്തു കൊടുക്കും.

ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രിവഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ, യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിൽസാ ക്യാമ്പ്: എല്ലാ ശനിയാഴ്ചകളിലും സൗജന്യ നേത്രചികിത്സാ ക്യാമ്പുകൾ, ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താൽപര്യമുള്ളവർ നേത്രചികിൽസാ വിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്ര ചികിൽസാ ക്യാമ്പുകൾ നടത്തിക്കൊടുക്കുന്നതാണ്.

M.O/D.D./Cheque to Give Sight Project.
C/o Chief Executive Officer, St. Gregorios Medical Mission Hospital, Parumala-689626



## പള്ളികൾ മനോഹരമാക്കൂ

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കുമല്ലോ?
അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**
**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**

സാമുവൽ കൂടൽ

# പരുമലയ്ക്കും ഡ്യൂപ്ലിക്കേറ്റോ!

1. പരുമലയിലുറങ്ങും വിശുദ്ധ ഗ്രീഗോറിയോസേ,
കബറിൽനിന്നുയരൂ നീ മശിഹായെപ്പോൽ;
പുതിയൊരു *'ഗുഹ' വീണ്ടും പണിയാനണഞ്ഞു ചോരർ
പണക്കൊതിമൂത്ത പട, പരീശരുമായ്!

2. കബറിടം വെടിയൂ നീ, കരുണതൻ ഗേഹങ്ങളിൽ
വിനയമാനസംതോറും മരുവിനിമേൽ;
പല കല്പകാലമെല്ലാം ക്ഷമയുടെ തീരഭൂവിൽ
ബലവാനായ് വാഴാൻ നിന്നെ വിളിപ്പൂ കാലം.

3. മലയാളനാടിനാകെ മഹിമയായ് മാറിയ നിൻ
പുകഴിടം 'ഡ്യൂപ്ലിക്കേറ്റായ്' പണിയുമെന്നാൽ,
രണഭൂമിയായി മാറും മലങ്കരസഭ; കേഴൂ
ബലികൂടീരങ്ങൾ നീളെ വിലപിക്കുമേ...

4. കരിങ്കാലിരാഷ്ട്രീയക്കാർ പകച്ചു പോം, ളോഹ നാറും
കപടമനസ്സുകളാണിടയവൃന്ദം
'തിരുമനസ്സ്' എന്നിവരെ വിളിച്ചില്ലേൽ മുഖം മാറും
'തിരുമേനി' എന്നാകിലേ മനം തെളിയൂ.

5. ഇടതുഭാഗത്തെ കള്ളൻ വരിച്ചൊരാ കുരിശിനെ
അഭിമാനമോടെ നെഞ്ചിൽ അണിയുവോരേ,
അരുമനാഥന്റെ ത്യാഗക്കുരിശിൻ മറവിലല്ലോ
മദിച്ചു വാഴുന്നു നിങ്ങൾ? പൊറുക്കുകീശോ....

6. അജങ്ങളെ പോരിലാക്കി, ഊറിവീഴും നിണം നക്കി–
നുണയമാ കുറുനരീമനസ്സുകളെ;
*'മലങ്കര വർഗീസു'മാർ പതിനായിരങ്ങൾ വേണോ
സെമിത്തേരീൽ പുവീശി സുഖിച്ചു മേവാൻ?

7. കയറിന്റെ ചമ്മട്ടിക്കു പകരം വിപത്തു പേറി
നസറായൻ കോപമോടിങ്ങണഞ്ഞിടാറായ്;
കഴുതയെ തടയുവാൻ കോടികൾതൻ കാറിലേറി
കലഹവും നെഞ്ചിലേറ്റി വരുന്നു ളോഹ!

8. കലികാലകോലാഹലം ഒരുനോക്കു കാണാൻ, 'വീണ്ടും
വരുമെന്നു'രച്ചോൻ വാനിൽ വരുന്നനേരം,
കറുത്തകുപ്പായം വീശി കരിങ്കൊടി കാട്ടുമിവർ,
മണവാട്ടി *'മൊഴിചൊല്ലും'! പടിയടക്കും....

9. അവർക്കു 'കീ...ജയ്' വിളിച്ചലമുറ കൂട്ടുവാനായ്
മനനമില്ലാത്ത ജനം ഒഴുകിയെത്തും;
കുരുത്തോലപോലും മേലിൽ ഓശാന പാടാതാകും!
മരണമേ, ഇതാ 'ക്രിസ്ത്യൻ ശവവന്ദനം'....

10. 'പരുമല' പകരമായ് പണിയുവാനാവില്ലാർക്കും!
പരിശുദ്ധിക്കെന്തു നിങ്ങൾ പകരമാക്കും?
കാൽവരിക്കൊരു 'ഡ്യൂപ്ലിക്കേറ്റ്'!? എനിക്കോർക്കാൻമേലാ
മലങ്കരസഭയേ, നീ ഭയപ്പെടേണ്ട...

---

* ഗുഹ = "നിങ്ങളോ ഇതിനെ കള്ളന്മാരുടെ ഗുഹയാക്കി" (തിരുവചനം)
* മൊഴിചൊല്ലി = സഭ ക്രിസ്തുവിനെ 'തലാക്ക്' ചൊല്ലി വിവാഹ മോചനം നടത്തി

## അഖില മലങ്കര പ്രസംഗ മത്സരം

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കുറിച്ചി ബാവാ) യുടെ ഓർമ്മപെരുനാളിനോടനുബന്ധിച്ച് പ. പിതാവിനെക്കുറിച്ച് അനുസ്മരിക്കുവാൻ ഒരു പ്രസംഗ മത്സരം അഖില മലങ്കര അടിസ്ഥാനത്തിൽ **2010 ഡിസംബർ 19–ാം** തീയതി ഞായറാഴ്ച (19–12–10) 11 a.m.–ന് **കുറിച്ചി വലിയ പള്ളിയിൽ** വച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു.

**വിഷയം: മലങ്കരസഭയും പ. ഗീവർഗീസ് ദ്വിതീയൻ ബാവായും**

**നിബന്ധനകൾ:** 1) ഒരു പള്ളിയിൽ നിന്ന് 2 പേർ; 2) 13-35 വയസ്സ് പ്രായമുള്ളവർ 3) 12-12-2010-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 4) പ്രസംഗ സമയം 5 മിനിറ്റ്. **For Registration -** Vicar, St. Peters & St. Paul's Orthodox Church, Neelamperoor P.O., Kurichy-686534, Ph: 9447903391, 9495912812 or kurichybava@yahoo.com

## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 20,000 |
| Front Inside (Colour) | : | 15,000 |
| Back Inside (Colour) | : | 15,000 |
| Inner Page (Colour) | | |
| Full | : | 12,000 |
| Half | : | 6,500 |
| Quarter | : | 3,250 |
| Favours Block (Minimum) | : | 750 |
| Full page (B & W) | : | 5000 |
| Half page (B & W) | : | 3000 |
| Quarter page (B & W) | : | 2000 |
| Minimum (B & W) | : | 1000 |
| Matrimonial | : | 1000 |
| Favours Block (B & W) (Stamp Size) | : | 500 |

## പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



**ഒരു വിശ്വാസി**

**ദേവലോകം, കോട്ടയം**

## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 - ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യുവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തതിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാ സമയം അറിയിക്കുന്നതുമാണ്

ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം

**TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591**

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)

വനിതാസഭ



സ്ത്രീകൾ സഭയിൽ

പ്രൊഫ. മേരി മാത്യു, കുഴിമറ്റം

''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിനും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും'' (– ഫിലി. 4:6,7)

# ധന്യമായ സമർപ്പണം

എഫ്രയിം മലനാട്ടിലെ രാമാഥയിം-സോഫീമിൽ വസിച്ചിരുന്ന എൽക്കാനയും അദ്ദേഹത്തിന്റെ ഭാര്യമാരായ ഹന്നയും പെനിന്നയും നൽകുന്ന ജീവിതദർശനം ഏതൊരു കുടുംബത്തിനും പുനർചിന്തയ്ക്ക് ഇടമൊരുക്കുന്നതാണ്.

പെനിന്ന സന്താന സമ്പത്തുള്ളവളും ഹന്നമക്കളില്ലാത്ത സ്ത്രീയുമായിരുന്നു. എൽക്കാന ഹന്നയെ വളരെയേറെ സ്നേഹിക്കുകയും കരുതുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പെനിന്ന ഹന്നയുടെ പ്രതിയോഗിയായി വർത്തിച്ചു. പെനിന്ന ഹന്നയെ പരിഹസിക്കുകയും മുഷിപ്പിക്കുകയും വളരെയേറെ വേദനിപ്പിക്കുകയും ചെയ്തിരുന്നു. പെനിന്നയുടെ സ്വാർത്ഥതയും അഹന്തയും മൂലം ദൈവഭയവും സഹാനുഭൂതിയുമില്ലാത്ത പെരുമാറ്റത്തിന് മുഖാന്തിരമായി. ബന്ധങ്ങളാകുന്ന പച്ചപ്പുക്കളെ പരിപോഷിപ്പിക്കേണ്ടതിനു പകരം കുത്സിതഭാഷണത്താൽ പെനിന്ന ഹന്നയെ വിഷമിപ്പിച്ചു കൊണ്ടിരുന്നു. "ഡംഭിച്ചു ഡംഭിച്ചു സംസാരിക്കരുത്. നിങ്ങളുടെ വായിൽ നിന്ന് അഹങ്കാരം പുറപ്പെടരുത്" (1 ശമു. 2:3) കുറഞ്ഞ തീ വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നെ (യാക്കോബ് 3:6).

എൽക്കാന ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും വിശ്വസിക്കുകയും സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു. എല്ലാ വർഷവും അദ്ദേഹം സകുടുംബം ശീലോവിൽ പ്രാർത്ഥിക്കുവാനും യാഗം കഴിക്കുവാനും പോയിരുന്നു. അപ്പോഴും പെനിന്ന ഹന്നയെ വാക്കുകൾ കൊണ്ടും വേദനിപ്പിച്ചിരുന്നു. പ്രാർത്ഥിക്കുകയും ദേവാലയത്തിൽ ആരാധനയ്ക്കു പോകുകയും ചെയ്യുന്നവരായ നാം ആരെയെങ്കിലും പരിഹസിക്കുകയോ, ആർക്കെങ്കിലും പ്രയാസമുളവാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ അത് ദൈവത്തിനും പ്രീതികരമല്ല എന്നു തിരിച്ചറിയണം. ദൈവത്തിനും ദൈവമക്കൾക്കും അപ്രിയമായ കാര്യങ്ങൾ ചെയ്ത പെനിന്നയെപ്പോലെയാണോ നാമെന്ന് ആത്മവിശകലനം ചെയ്യേണ്ടതാണ്.

ഹന്ന പെനിന്നയുടെ നിന്ദാക്ഷേപങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല. മൗനത്തിന്റെ മാധുര്യത്താൽ ഹന്ന ദൈവസന്നിധിയിൽ ഹൃദയം പകർന്നു. ആത്മസംയമനത്തോടെ ഹന്ന പെരുമാറുകയും പ്രയാസങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്തു "യഹോവ ഭക്തി ജ്ഞാനോപദേശമാകുന്നു; മാനത്തിനു വിനയം മുന്നോടിയാകുന്നു" സദൃ. 15:33.

എൽക്കാനയുടെ കുടുംബം കുടുംബ പ്രാർത്ഥനയ്ക്കും പരസ്യ പ്രാർത്ഥനയ്ക്കും രഹസ്യ പ്രാർത്ഥനയ്ക്കും മുൻതൂക്കം കൊടുത്തിരുന്നു. ശീലോവിൽ യാഗം കഴിക്കുവാൻ പോയപ്പോൾ യാഗവസ്തുക്കളുമായി പോയിരുന്നു. എല്ലാ വർഷവും ഹന്ന സ്വന്തം പുത്രനുള്ള വസ്ത്രമുണ്ടാക്കി കൊടുത്തിരുന്നു. ഒരു മാതാവ് എന്ന നിലയിൽ നിരന്തരമായ പ്രാർത്ഥനയുടെയും സൂക്ഷ്മമായ പ്രവർത്തനങ്ങളുടെയും നിദാനമായി ഹന്ന നിലകൊണ്ടു. ഭക്തയായ ഹന്ന ദൈവത്തോടുള്ള കൃതജ്ഞതയുടെ കേദാരവുമായിരുന്നു. ഹന്ന വിശ്വാസത്തോടും നന്ദി നിറഞ്ഞ ഹൃദയത്തോടും ദൈവത്തെ സ്തുതിക്കുന്ന പാട്ടാണ്. 1 ശമു. രണ്ടാം അദ്ധ്യായം ഒന്നു മുതൽ പത്തുവരെയുള്ള വാക്യങ്ങൾ. 'സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല' (1 ശമു. 2:9) എന്ന് ഏവരേയും ഓർമ്മിപ്പിക്കുന്ന ഈ ഗീതം ഹന്നയുടെ മനസ്സിൽ നിന്നുതിർന്ന സ്തുതി സ്തോത്രങ്ങളുടെ പ്രലംബനമാണ്. പ. കന്യകമറിയം പാടിയതും ലൂക്കോസ് 1:46–55 വരെ രേഖപ്പെടുത്തിയിരിക്കുന്നതുമായ ഗീതം ഹന്നയുടെ വാക്കുകളുടെ സംഗ്രഹമാണ്. യഹോവയോടു നന്ദി പറഞ്ഞുകൊണ്ട് ഹന്ന ആനന്ദിക്കുന്നു. നന്ദിയുള്ള ഹൃദയം ഏറ്റവും ധന്യമായ ദൈവികദാനമാണ്.

ഗീതാഞ്ജലിയിൽ ടാഗോർ പാടിയതുപോലെ "രാവും പകലും എന്റെ ചെറിയ കൈകൾ നിറയെ അങ്ങു സമ്മാനങ്ങൾ തരുന്നു. ആ ദാനകർമ്മം അവസാനിക്കുന്നില്ല'' ഈ ദാനം സ്വീകരിക്കുവാനുള്ള അർഹതയെക്കുറിച്ച് സ്വയം അന്വേഷിക്കുമ്പോഴാണ് നാം കൂടുതൽ വിനയാന്വിതരാകുന്നത്! പ്രാർത്ഥിക്കുന്നത്! ഉപവസിക്കുവാൻ ആഗ്രഹിക്കുന്നത്! വി. കുമ്പസാരവും വി. കുർബാനാനുഭവവും കൂടുതൽ അർത്ഥവത്താകുന്നത്. ആന്തരിക മൗനത്തിന്റെ മനോഹാരിതയിൽ സമാധാനം അനുഭവിക്കുന്നത്! ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രധാന അടയാളം ദൈവം സകലത്തിലും മതിയായവൻ എന്ന ബോധ്യമാണ്. തളർവാത രോഗിയെ യേശുവിന്റെ സമീപത്തെത്തിച്ച സഹാനുഭൂതിയുള്ളവരും വിശ്വാസത്തോടെ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ട രക്തസ്രവക്കാരിയായ സ്ത്രീയെപ്പോലെ, ഭൂതോപദ്രവത്താൽ നിരന്തരം ക്ലേശിച്ചിരുന്ന തന്റെ മകൾക്കായി യാചിച്ച ക്നാനായക്കാരി സ്ത്രീയെപ്പോലെ ദൈവമേ, അവിടുത്തെ മുമ്പിൽ ഞങ്ങളുടെ സങ്കടയാചനകൾ പരിപൂർണ്ണ വിശ്വാസത്തോടെ സമർപ്പിക്കുവാനുള്ള പരിശുദ്ധാത്മ കൃപ ലഭിക്കുന്നതിനായി പ്രാർത്ഥിക്കാം. മണ്ണിനോട് ചേരുവാനുള്ള മണ്ണായ ശരീരത്തിനുവേണ്ടി അമിതതാല്പര്യം പുലർത്താതെ അതിധന്യമായതിന് തലമുറകളെ സ്ഥിരപ്പെടുത്തുവാൻ പ്രാർത്ഥനയോടും ഉപവാസത്തോടും വിശ്വാസത്തോടും വിശ്വസ്തതയോടും യാചിക്കുന്നതിന് ഹന്ന എക്കാലവും സമർപ്പണത്തിന്റെ ധന്യമാതൃകയായി നിലകൊള്ളുന്നു. ■

12th Death Anniversary

November 14, 2010

*In Everloving Memory of*

# MRS. MARY ZACHARIAH

June 26, 1906 Nov. 14, 1998



*“ I have fought the good fight, I have finished the race,*
*I have kept the faith, Now there is in store*
*for me the crown of righteousness, which the Lord*
*will award to me on that day”' 2 Timo 4:7,8*

**BABOO / BABY, CHARLIE / SARO, ALEX / PREMA**
**GRANDCHILDREN & GREAT GRAND CHILDREN**

**Mannil Zach Bhavan**
**Thekkemala, Kozhencherry**

SUNDAY SCHOOL NEWS



**ഫാ. ഡോ. ഒ. തോമസ്**
(ഡയറക്ടർ ജനറൽ)

# പ്രാർത്ഥനകളും ആശംസകളും

പരിശുദ്ധ കാതോലിക്കാബാവാ, പിൻഗാമിക്കുവേണ്ടി സ്ഥാനമൊഴിയുന്നു എന്ന വാർത്തയറിഞ്ഞിട്ടാണ് ഈ കുറിപ്പ് എഴുതുന്നത്. വ്യക്തിയേക്കാൾ വലുത് സഭയാണ് എന്ന പൂർണ്ണ ബോദ്ധ്യത്തോടെ ആരുടെയും സമ്മർദ്ദമില്ലാതെ പിൻഗാമിയെ ഏൽപിക്കാവാൻ സ്വയം തീരുമാനിച്ച പ. ബാവാ തിരുമേനിയുടെ തീരുമാനം അതീവഹൃദ്യവും ശ്ലാഘനീയവുമാണ്. ശിഷ്ടകാലം കൂടുതൽ സ്വസ്ഥതയുടെയും സമാധാനത്തിന്റേതുമായിത്തീരുവാൻ എല്ലാവരും പ്രാർത്ഥിക്കണം. സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ മുൻ അധ്യക്ഷൻ ശ്രേഷ്ഠ നിയുക്ത ബാവാ കാതോലിക്കാ സ്ഥാനത്തേക്കു അവരോധിക്കപ്പെടുന്ന വേളയിൽ പ്രസ്ഥാനം അധികമായി സന്തോഷിക്കുകയും എല്ലാ നന്മകളും ആശംസിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**പ. ഔഗേൻ ബാവാ അനുസ്മരണ പ്രഭാഷണ മത്സരം:** മത്സരത്തിൽ സംബന്ധിച്ചവരേയും, വിജയികളേയും അനുമോദിക്കുന്നു. ഭദ്രാസന തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ വിജയികളായ 28 പേർക്ക് മത്സരിക്കാമെന്നിരിക്കെ പകുതിയിലധികം പേർ പങ്കെടുത്തില്ല, എന്നത് ഖേദകരമായി. വിജയികൾക്ക് 5000, 3000, 2000 രൂപാ എന്നീ ക്രമത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാനവും 500 രൂപയ്ക്കുള്ള സമ്മാനം മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നൽകുകയുണ്ടായി. അർഹരായ എല്ലാ കുട്ടികളേയും പങ്കെടുപ്പിക്കാൻ ചുമതലപ്പെട്ടവർ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതായിരുന്നു.

**സോണൽ മത്സരങ്ങൾ:** സഹപാഠ്യ മത്സരങ്ങളുടെ സോണൽ തല മത്സരങ്ങൾ നവം. 13 നാണല്ലോ. കുറ്റമറ്റ രീതിയിൽ മത്സരങ്ങൾ നടത്തപ്പെടുവാൻ ചുമതലപ്പെട്ടവർ പരമാവധി ശ്രമിക്കണം സൗത്ത് സോണിന്റെ, മത്സരഫലം അടൂർ എപ്പിഫാനിയോസ് സെന്ററിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ അടൂർ സെന്റ് മേരീസ് കോൺവെന്റിലേക്കു മാറ്റിയ വിവരം ആ ഭാഗത്തുള്ളവർ മനസ്സിലാക്കിയിട്ടുണ്ടാവുമെന്ന് കരുതുന്നു.

**ലഹരിവിരുദ്ധ ബോധവൽക്കരണം:** ഒക്ടോബറിൽ തുടങ്ങി മൂന്നു മാസം ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി സഭ നീക്കിവെച്ചിരിക്കുന്ന കാര്യം പ. ബാവാ തിരുമേനിയുടെ കല്പനയിൽക്കൂടി സൺഡേസ്ക്കൂൾ അദ്ധ്യാപകരുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നുവല്ലോ. ഈ കാര്യത്തിൽ ബോധവൽക്കരണം നടത്തുവാൻ എല്ലാ സൺഡേസ്ക്കൂളുകളും കുറച്ചു സമയം കണ്ടെത്തണം. ലഹരിയ്ക്ക് അടിമകളായവരെ രക്ഷപെടുത്തുവാൻ വളരെ പ്രയാസമാണ്. അതിൽ വീഴാതെയിരിക്കുവാൻ യുവതലമുറയ്ക്ക് ശക്തിപകർന്നു കൊടുക്കുകയാണ് കരണീയം. നല്ല പങ്ക് കുടുംബ പ്രശ്നങ്ങളുടെയും, കുറ്റകൃത്യങ്ങളുടെയും, വാഹനാപകടങ്ങളുടെയും എല്ലാം പിറകിലുള്ള പ്രധാന കാരണം മദ്യപാനം തന്നെയാണ്. സൺഡേസ്ക്കൂൾ അദ്ധ്യാപകരോ കുട്ടികളോ ഇതിൽ വഴുതി പോകാൻ ഇടയായാൽ നമ്മുടെ പ്രവർത്തനങ്ങളുടെ അപാകതയായി തന്നെ നാം വിലയിരുത്തിയേ മതിയാകൂ! നല്ല ബോധവൽക്കരണ ക്ലാസ്സുകൾ സൺഡേസ്ക്കൂൾ തലത്തിൽ നടത്തപ്പെടണം.

**സഭയുടെ പുതിയ ആരാധനാവർഷം:** ഒക്ടോ. 31–ന് കൂദോശ് ഈത്തോ ആചരണത്തോടു കൂടി സഭയുടെ പുതിയ ആരാധനാ വർഷം ആരംഭിക്കുകയാണ്. ഈ ലോകത്തിലുള്ള സഭയിൽ ലോകത്തിന്റെ പ്രവണതകൾ എപ്പോഴും കടന്നുകൂടാ... അവയെ നീക്കി ശുദ്ധീകരിക്കുവാൻ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത് അർത്ഥകരമാണ്. നമ്മെത്തന്നെ ശുദ്ധീകരിച്ച് ദൈവം ഇഷ്ടം ചെയ്ത ദൈവഹിതത്തിനായി സമർപ്പിക്കാം... ■

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് (വൈദിക ട്രസ്റ്റി)

# തീർത്ഥാടനങ്ങൾ ബോധോദയത്തിന്...

സമൂഹത്തിലെ വിവിധ മേഖലകളിലും മൂല്യച്യൂതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇന്നത്തെ ആത്മീകതയിലും ഈ ദുരവസ്ഥ പ്രതിഫലിക്കുന്നുണ്ട്. കാര്യസാധ്യത്തിൽ മാത്രം അധിഷ്ഠിതമായ ഒരു തരം വികലമായ ആത്മീകത നമുക്കു ചുറ്റും വളർന്നു വരുന്നുണ്ട്. ലക്ഷ്യം വയ്ക്കുന്ന കാര്യം ദ്രുതഗതിയിൽ, അല്ലലി ല്ലാതെ നേടിയെടുക്കുവാൻ സഹായങ്ങൾ വാഗ്ദാനം ചെയ്യുന്ന ഈ ആധുനിക ആത്മികതയുടെ പിന്നാലെ പോകുന്നവർ അനേകരാണ്. അത്ഭുത രോഗശാന്തിയും, (ഫോൺ വഴി പോലും) ഏതുവിധം മനഃക്ലേശങ്ങളിൽ നിന്നുമുള്ള വിടുതലും, ഞൊടിയിടയിൽ ലഭിക്കുമെങ്കിൽ പിന്നെ നിരന്തരമായ പ്രാർത്ഥനയും, ഉപവാസവും, ദൈവകല്പനകളുടെ ആചരണവും, നിഷ്ഠയുള്ള ജീവിതവും എന്തിന് എന്ന് ആരെങ്കിലും ചോദിച്ചാൽ അതിശയപ്പെടാനില്ല.

മേല്പറഞ്ഞ പുത്തൻ പ്രവണതയെ കുറ്റപ്പെടുത്തുന്ന, പാരമ്പര്യം മുറുകെപിടിക്കുന്ന സഭകൾപോലും ഇന്ന് ആത്മീകതയുടെ അളവുകോലായി സ്വീകരിച്ചിരിക്കുന്നത് ഉചിതമായ കാര്യങ്ങളാണോ എന്ന് സ്വയം ചോദിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ തീർത്ഥാടനങ്ങളും, തിരുശേഷിപ്പുകൾക്കായുള്ള നെട്ടോട്ടവും അവയിൽ ചിലതു മാത്രമാണ്. പെരുന്നാളിനു കൂടുന്ന ജനങ്ങളുടെ എണ്ണം കൊണ്ടും, ഭണ്ഡാരത്തിലെ വരുമാനത്തിന്റെ വലിപ്പം കൊണ്ടും, തീർത്ഥാടകരുടെ എണ്ണം കൊണ്ടുമെല്ലാം ആത്മീകത അളക്കുന്ന അവസ്ഥയിലേക്ക് നാമും വീണുപോയിരിക്കുന്നു. വിശുദ്ധന്മാരുടെ കബറിങ്കലേക്കുള്ള തീർത്ഥയാത്രകളും, അവരുടെ തിരുശേഷിപ്പുകളുടെ മുന്നിൽ വണങ്ങുന്നതും എല്ലാം ആവശ്യമായ കാര്യങ്ങൾ തന്നെയെന്നു സമ്മതിക്കുന്നു. അവയ്ക്കു അവയുടേതായ പ്രാധാന്യം ഉണ്ടുതാനും. എന്നാൽ അവയെല്ലാം നമ്മുടെ ക്ഷണികമായ ലൗകിക ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി മാത്രമാകുമ്പോഴാണ് വീഴ്ചയുണ്ടാകുന്നത്. ആദ്യം സൂചിപ്പിച്ച വികലമായ ആത്മീകതയുടെ അതേ നിലവാരത്തിലേക്കു തന്നെ നമ്മുടെയും തീർത്ഥാടനങ്ങളും, തിരുശേഷിപ്പ് സ്ഥാപനങ്ങളും വീണുപോകാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പരിശുദ്ധന്മാരെ കച്ചവടചരക്കുകളാക്കുന്ന പ്രവണതയിലേക്ക് നിപതിച്ചുപോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.


പരുമലയിൽ ഒരു ബദൽ പള്ളി പണിയുവാൻ പാത്രിയർക്കീസ് വിഭാഗത്തെ പ്രേരിപ്പിച്ചതും കച്ചവട കണ്ണാണ്. പാത്രിയർക്കീസ് വിഭാഗത്തോട് അനുഭാവം പുലർത്തുന്ന അനേകർ പരി. പരുമല തിരുമേനിയുടെ കബറിങ്കൽ വന്ന് പ്രാർത്ഥിക്കുകയും, നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്നു. ആ പണം തങ്ങൾക്കു നഷ്ടമായി പോകുന്നല്ലോ എന്ന ചിന്തയാണ് ഇത്തരം ഒരു സാഹസത്തിന് അവരെ പ്രേരിപ്പിച്ച ഒരു ഘടകം. അവർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിയുടെ ഔദ്യോഗിക പേര് എന്തായിരുന്നാലും, പരി. പരുമല തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന ദേവാലയം അറി



യപ്പെടുന്ന "പരുമല പള്ളി"എന്ന അതേപേരിൽ തന്നെ അവർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന പള്ളിയും അറിയപ്പെടണം എന്നതാണ് അവരുടെ ലക്ഷ്യം. അല്ലെങ്കിൽ പിന്നെ അതേപേര് ഉപയോഗിച്ച് എന്തിനു വെബ് സൈറ്റ് ആരംഭിച്ചു. ഇന്റർനെറ്റിൽ ആശ്രയിക്കുന്നവരെപ്പോലും തെറ്റിദ്ധരിപ്പിച്ച് പണം സമാഹരിക്കുവാനുള്ള ഒരു പദ്ധതി കൂടിയാണ് അവർ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒരു യഥാർത്ഥ വിശ്വാസിയുടെ പ്രവർത്തനങ്ങൾകൊണ്ട് ദൈവ നാമമാണ് മഹത്വപ്പെടേണ്ടത്. സ്വന്ത നാമം മഹത്വപ്പെടുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നത് ബാബേൽ കോട്ടയുടെ അനുഭവമായിരിക്കും.

> **"ഒരു യഥാർത്ഥ വിശ്വാസിയുടെ പ്രവർത്തനങ്ങൾകൊണ്ട് ദൈവ നാമമാണ് മഹത്വപ്പെടേണ്ടത്. സ്വന്ത നാമം മഹത്വപ്പെടുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നത് ബാബേൽ കോട്ടയുടെ അനുഭവമായിരിക്കും.**



മഹാ പരിശുദ്ധനായ പരുമല തിരുമേനിയും ഒരു തീർത്ഥാടകനായിരുന്നു. തന്റെ ജീവിതം മുഴുവനും ദൈവത്തിങ്കലേക്കുള്ള ഒരു തീർത്ഥാടനമായി അദ്ദേഹം കണക്കാക്കിയിരുന്നിരിക്കണം. കാരണം അനുദിനം അനുഷ്ഠിക്കുന്ന പ്രാർത്ഥനാ നിർഭരമായ ജീവിതത്തിലൂടെ ദൈവത്തിങ്കലേക്കു യാത്രചെയ്ത് വളരുക (തെയോസിസ്) എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും ലക്ഷ്യം എന്നാണല്ലോ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. അങ്ങിനെ ഒരു ജീവിതകാലം മുഴുവനും ദൈവസമർപ്പണത്തിലും, നിരന്തരമായ പ്രാർത്ഥനയിലും, അനുതാപ ബോധത്തിൽ നിന്നുയരുന്ന കണ്ണീർ പൊഴിച്ചുകൊണ്ടും ജീവിച്ചതിനാലാണ് അദ്ദേഹം പരിശുദ്ധന്മാരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടത്. അനേകരുടെ രോഗങ്ങളെ തന്റെ അത്ഭുത സിദ്ധിയാൽ ശമിപ്പിച്ചിട്ടുള്ള ആ പിതാവ് സ്വന്തരോഗം അത്ഭുതകരമായി മാറിക്കിട്ടുന്നതിന് ഒരു സിദ്ധനെയും സമീപിച്ചതായി പറഞ്ഞുകേട്ടിട്ടില്ല. ദൈവം നല്കിയ കുരിശിനെ സഹിക്കുക മാത്രമാണ് ചെയ്തത്.

സ്വർഗ്ഗീയ കനാനിലേക്കുള്ള ഈ തീർത്ഥാടനം കൂടാതെ മറ്റൊരു ശ്രേഷ്ഠമായ തീർത്ഥാടനവും ആ പിതാവ് നടത്തി– കർത്താവായ യേശുക്രിസ്തുവിന്റെ കബറിടം സ്ഥിതിചെയ്യുന്ന വിശുദ്ധനാടുകളിലേക്ക്. ആ യാത്രയുടെ ലക്ഷ്യം ഏതെങ്കിലും രോഗശാന്തിയോ, മറ്റു ലൗകിക നേട്ടങ്ങളോ ആയിരുന്നില്ല. കർത്താവിന്റെ കാലടികൾ പതിഞ്ഞ ആ മണ്ണിൽ കൂടെ നടക്കുക; ആ സ്ഥലങ്ങളിൽ ചെന്നുനിന്ന് ധ്യാനിച്ച് ആത്മ നിർവൃതി അടയുക; കർത്താവിന്റെ സാന്നിദ്ധ്യം കൂടുതൽ അനുഭവിച്ചറിഞ്ഞ് അതിൽ കൂടെ സ്വയം ശുദ്ധീകരിക്കുക; ഇതെല്ലാമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. "ഊർശ്ലേം യാത്രാവിവരണം" എന്ന ഗ്രന്ഥത്തിൽ ആ പിതാവ് സ്വന്ത അനുഭവങ്ങൾ വർണ്ണിക്കുന്നുണ്ട്. കർത്താവിന്റെ കബിറടത്തിൽ വന്ദിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ മാനസിക ചലനവും, അനുതാപബോധവും പറഞ്ഞറിയിക്കാവുന്നതിലും അപ്പുറമായിരുന്നു എന്നദ്ദേഹം വിവരിക്കുന്നു. സ്വന്ത ലാഭത്തിനുവേണ്ടിയോ പ്രശസ്തിക്കുവേണ്ടിയോ ഉള്ള യാതൊരു ആഗ്രഹവും അവിടെ കാണുന്നില്ല. തന്റെ നാഥന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞപ്പോൾ താൻ എത്രമാത്രം പാപിയാണ് എന്ന ബോധം ഉണരുകയാണ് ചെയ്തത്. അതുകൊണ്ടു തന്നെ ആ യാത്ര ലാഭകരമായിരുന്നു എന്ന് ആ പിതാവ് വിലയിരുത്തി. പണം എത്ര ചെലവായാലും അത് നഷ്ടമായിരുന്നില്ല എന്ന് അദ്ദേഹം കുറിച്ചിട്ടു. ഒരു തീർത്ഥാടനത്തിന്റെ ഏറ്റവും ഉയർന്ന ഉദാത്തമായ ഉദാഹരണമായി നമുക്കിതിനെ കാണാം.

ഇതിനോട് തട്ടിച്ചുനോക്കുമ്പോൾ ഇന്ന് നമ്മൾ സംഘടിപ്പിക്കുന്ന തീർത്ഥാടനങ്ങൾ എത്രയോ പടികൾ താഴെയാണെന്നു ബോധ്യമാകും. ഇന്നത്തെ തീർത്ഥാടനങ്ങളിൽ നിന്ന് ലൗകിക നേട്ടം എന്ന ലക്ഷ്യവും, ശക്തിപ്രകടനം എന്ന ലക്ഷ്യവും എടുത്തു കളഞ്ഞാൽ പിന്നെ തീർത്ഥാടനം നടത്തുവാൻ ആരെങ്കിലും ബാക്കി ഉണ്ടാകുമോ എന്നു തന്നെ സംശയമാണ്. നമ്മുടെ തീർത്ഥാടനങ്ങൾ പരി. പരുമല തിരുമേനിയുടേതിന് സമാനമാകേണ്ടിയിരിക്കുന്നു. ■




**ഒരു സേർബിയൻ യാത്രാവിവരണം**

**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്**

# മലങ്കരയിൽ നിന്നും
## സ്നേഹപൂർവ്വം...

**2010** ഒക്ടോബർ 3 ഞായറാഴ്ച സേർബിയായിലെ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ഇറിനേയ് (ഐറേനിയോസ്) പിതാവ് പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. ഈ പാത്രിയർക്കാ വാഴ്ചയുടെ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനാണ് ഞാൻ സേർബിയയിൽ എത്തിയത്. ഒരുകോടി വിശ്വാസികളും, പാത്രിയർക്കീസ് ഉൾപ്പെടെ 50 മേൽപട്ടക്കാരും ബഹുശതം പട്ടക്കാരും അടങ്ങുന്നതാണ് സെർബിയൻ സഭ. ബെൽഗ്രേഡ് ആണ് സഭയുടെ ആസ്ഥാനം. ബെഗാഗ്രാഡ് എന്നാണ് ബെൽഗ്രേഡിന്റെ ശരിപ്പേര്. വെളുത്ത നഗരം എന്നർത്ഥം സെർബിയയുടെ തലസ്ഥാനവും ആണ് ബെൽഗ്രേഡ്.

ഒക്ടോബർ ഒന്ന് വെള്ളിയാഴ്ച സെർബിയൻ സമയം ഉച്ചകഴിഞ്ഞ് 2 മണിക്ക് ബെൽഗ്രേഡ് വിമാനത്താവളത്തിൽ എത്തുമ്പോൾ പാത്രിയർക്കീസിന്റെ സഹായ എപ്പിസ്ക്കോപ്പാ അത്താനാസിയോസും, വ്ളാഡിമിർ വ്റാനിച്ച് അച്ചനും സൊറാൻ അലക്സിസ് ശെമ്മാശ്ശനും ഏതാനും വിശ്വാസികളും എന്നെ സ്വീകരിക്കുവാൻ എത്തുവായിരുന്നു. പോലീസ് അകമ്പടിയോടെ രാഷ്ട്രത്തിന്റെ ഔദ്യോഗിക അതിഥികൾ എന്ന പദവിയിലായിരുന്നു പാത്രിയർക്കേറ്റിലേക്കുള്ള യാത്ര.

ബൈസെന്റൈൻ ഓർത്തഡോക്സ് കുടുംബത്തിൽപെട്ട അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പ. ഇഗ്നാത്തിയോസ് പിതാവിന്റെ പ്രതിനിധിയായ ആർച്ച് ബിഷപ്പ് നിഫോൺ ഈസ്റ്റാംബൂൾ മുതൽ എന്നോടൊപ്പം ഉണ്ടായിരുന്നു. പാത്രിയർക്കാ ആസ്ഥാനത്തിനടുത്തുള്ള ബാൽക്കൺ ഹോട്ടലിലായിരുന്നു വിശിഷ്ടാതിഥികൾക്ക് താമസമൊരുക്കിയിരുന്നത്. അന്നു വൈകുന്നേരം എട്ടു മണിക്ക് വിശിഷ്ടാതിഥികൾക്കായി ഒരുക്കിയ സ്വീകരണ വിരുന്നിൽ ഞാനും സംബന്ധിച്ചു. ബൈസെന്റെൻ ഓർത്തഡോക്സ് സഭാ കുടുംബത്തിലെ ഏതാണ്ട് എല്ലാ സഭകളിൽ നിന്നും പ്രതിനിധികളെത്തിയിരുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഹിലാരിയോൺ മെത്രാപ്പോലീത്തായും സംഘവും, സൈപ്രസിലെ ആർച്ച് ബിഷപ്പ് ക്രോസ്റ്റമോസ് രണ്ടാമൻ പിതാവും സംഘവും ഗ്രീസിൽ നിന്ന് ഫെയോലോഗോസ് പിതാവും സംഘവും അമേരിക്കൻ ഓർത്തഡോക്സ് സഭയിൽ മൽക്കിസദേക്ക് എപ്പിസ്ക്കോപ്പായും സംഘവും ഇങ്ങനെ എല്ലാ ബൈസെന്റെൻ സഭകളിൽ നിന്നും സഭാ അദ്ധ്യക്ഷന്മാരും പ്രതിനിധികളും എത്തിയിരുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ അർമീനിയൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച്

ആർച്ച് ബിഷപ്പ് കരേക്കിനും ഇൻഡ്യൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഞാനുമുണ്ടായിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ പ്രതിനിധിയായി റോമിൽ നിന്ന് മോൺസിഞ്ഞോർ കുർട്ടകോഹും സംഘവും ആംഗ്ലിക്കൻ സഭയിൽ നിന്നും കാന്റർബറി ആർച്ച് ബിഷപ്പിന്റെ പ്രതിനിധിയായി ജൊനാഥാൻ ഗുഡോർ അച്ചനും, ഡൊണാൾഡ് റീവ്സ് അച്ചനുമുണ്ടായിരുന്നു. അഖിലലോക സഭാ കൗൺസിലിന്റെ പ്രതിനിധികളായി രണ്ടുപേർ എത്തിയിരുന്നു. പ്രൊട്ടസ്റ്റന്റ് സഭകളിൽ നിന്നുള്ള പ്രതിനിധികളും യഹൂദമതത്തെ പ്രതിനിധീകരിച്ചും മറ്റ് അന്താരാഷ്ട്ര സംഘടനകളെ പ്രതിനിധീകരിച്ചും വിശിഷ്ടാതിഥികൾ ഉണ്ടായിരുന്നു. ലോകത്തിന്റെ അങ്ങോളമിങ്ങോളമുള്ള വിവിധ സഭകളെയും മതങ്ങളെയും സംഘടനകളെയും പ്രതിനിധീകരിച്ച് എത്തിയ 50 വിശിഷ്ടാതിഥികളിൽ ഈയുള്ളവനുമുണ്ടായിരുന്നു. എല്ലാവരെയും അവരവരുടെ പദവിപ്രകാരമുള്ള മുൻഗണന പാലിച്ചും രാജോചിതമായും സ്വീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പരിചയപ്പെടലും, കുശാലാന്വേഷണങ്ങളും ഔപചാരികമായും അനൗപചാരികമായും നടന്നു. ഇങ്ങനെ അത്താഴവിരുന്ന് രാത്രി 10.30 വരെ നീണ്ടു. അതിനുശേഷം എല്ലാവരും അവരവരുടെ മുറികളിലേക്ക് മടങ്ങി, കിടക്കിയിലേക്ക് പോകുമ്പോൾ ഞാൻ ചിന്തിച്ചു. "സഭയുടെ സുപ്രധാനമായ ശുശ്രൂഷ മംഗളകരമാക്കുന്നതിൽ സേർബിയൻ സഭ വളരെ സൂക്ഷ്മതയോടും, കൃത്യതയോടും എല്ലാ ക്രമീകരണങ്ങളും ചെയ്തിരിക്കുന്നു. എല്ലാറ്റിനും ഒരു അടുക്കും ചിട്ടയും... പ്രത്യക്ഷത്തിൽ വളരെ അനായാസമായും, സ്വാഭാവികമായും നടക്കുന്നു എന്ന് തോന്നും. കാര്യക്ഷമതയുടെ മികവ് അഭിനന്ദനീയം തന്നെ.

പ. ഇറിനേയ് പിതാവ് പെച്ചിന്റെ ആർച്ച് ബിഷപ്പും ബെൽഗ്രേഡിന്റെയും, കാർലോവ്ചിയുടെയും മെത്രാപ്പോലീത്തായും സേർബിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസുമാണ്. 80 വയസുള്ള പ. പിതാവ് സേർബിയൻ സഭയുടെ 45–ാമത്തെ പാത്രിയർക്കീസാണ്. 5 മെത്രാസനങ്ങളും 32 ഭദ്രാസനങ്ങളും സേർബിയൻ സഭയ്ക്കുണ്ട് (ഇൻഡ്യൻ ഓർത്തഡോക്സ് സഭയിൽ മെത്രാസനവും ഭദ്രാസനവും ഒന്നുതന്നെയാണ്) കൂടാതെ സേർബിയൻ സഭയുടെ അധികാര സീമയിൽ മാസിഡോണിയൻ റിപ്പബ്ലിക്കിൽ സ്വതന്ത്ര അധികാരമുള്ള ഒരു ആർച്ച് ബിഷപ്പും അദ്ദേഹത്തിന്റെ കീഴിൽഒരു മെത്രാസനവും 6 ഭദ്രാസനങ്ങളും ഉണ്ട്. സേർബിയൻ സഭയ്ക്ക് 5 സഹായ എപ്പിസ്ക്കോപ്പാമാരും ഉണ്ട്. അവരിലൊരാൾ പാത്രിയർക്കീസിന്റെ സഹായ എപ്പിസ്ക്കോപ്പായാകുന്നു. മുൻ സൂചിപ്പിച്ചതുപ്രകാരം വിമാനത്താവളത്തിൽ ഞങ്ങളെ സ്വീകരിക്കാനെത്തിയ അത്താനാസിയോസ് എപ്പിസ്ക്കോപ്പാ ഈ അഞ്ചുപേരിൽ ഉൾപ്പെടുന്നു.

1219–ൽ സേർബിയൻ ഓർത്തഡോക്സ് സഭ സ്വയം ഭരണാധികാരവും സ്വയം ശീർഷകവുമായ ദേശീയ സഭയായും രൂപം കൊണ്ടു. ഇതിനു നേതൃത്വം നൽകിയ പ. ബാവായാണ് ആദ്യത്തെ ആർച്ച് ബിഷപ്പ് 1331–1355 കാലഘട്ടത്തിൽ സേർബിയയുടെ രാജാവ് സ്റ്റെഫാൻ ദുസ്സാൻ സാർ (Tsar) ചക്രവർത്തി പദത്തിലേക്ക് ഉയർന്നതോടെ സേർബിയൻ സഭയുടെ അദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് സ്ഥാനത്തുനിന്നും പാത്രിയർക്കീസ് സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. പെച്ചായിരുന്നു ആസ്ഥാനം. ഇക്കാരണത്താലാണ് സേർബിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ്മാരുടെ സ്ഥാനാരോഹണം പെച്ചിൽവച്ച് ഔപചാരികമായി നടത്തുന്നത്. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. സഭയുടെ പാത്രിയർക്കേറ്റ് അല്ലെങ്കിൽ കാതോലിക്കേറ്റ് സ്ഥാനത്തേക്കുള്ള വളർച്ച ആ സഭയുടെ ദേശീയതയിലേക്കുള്ള വളർച്ചയോട് ബന്ധപ്പെട്ടിരിക്കുന്നു. ഇത് ആ സഭയുടെ അനുക്രമമായ വികാസത്തിന്റെ ഭാഗമാണ്. ഇത് ആരുടെയും ആനുകൂല്യമല്ല, ആ സഭയുടെ തന്നെ അവകാശമാണ്. തദ്ദേശീയ സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വത്വത്തിന്റെയും സ്വാഭാവികമാനത്തിന്റെയും അടയാളമാകുന്നു. ലോകത്തെമ്പാടുമുള്ള ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യമിതാണ്. മറുനാട്ടിലെയൊരു ഓർത്തഡോക്സ് സഭ ഇന്നാട്ടിലെ ഓർത്തഡോക്സ് സഭയെ ഒരു അതിഭദ്രാസനമായി തരംതാഴ്ത്തുന്നതും അതിന്മേൽ അധീശത്വം പുലർത്തുന്നതും ഓർത്തഡോക്സ് പാരമ്പര്യത്തിന് നിരക്കുന്നതല്ല. ഈ കീഴ്മേൽ സങ്കല്പം അധിനിവേശ സംസ്ക്കാരത്തിന്റെ അവശിഷ്ടമാണ്, ക്രിസ്തീയമല്ല. ഈ അവസ്ഥ കൂടുതൽ ഗർഹണീയം ആകുന്നത് ദാസഭാവം സ്വാംശീകരിച്ച് അത് അഭിമാനമായി ഉയർത്തിക്കണ്ടും അങ്ങനെ ഒരു സ്വത്വബോധം വളർത്തിയെടുത്തും അതിനനുസൃതമായി ചരിത്രത്തെ വ്യാഖ്യാനിച്ചും ഇന്നാട്ടിൽത്തന്നെ ഒരു പറ്റം ആളുകൾ നിലകൊള്ളുന്നു എന്നതാണ്.

റഷ്യ ഉൾപ്പെടെ ഉള്ള സ്ലാവിക് രാജ്യങ്ങളിൽ ജോർജ്ജിയയ്ക്ക് ശേഷം ക്രിസ്തീയ സഭ രൂപം കൊണ്ട രണ്ടാമത്തെ രാജ്യം ആണ് സേർബിയ എന്നാൽ 869–ന് ശേഷമാണ് രാജ്യം ഒന്നാകെ ക്രിസ്തീയ മതം ആശ്ലേഷിക്കുന്നത് ശക്തമായ ഒരു സന്യാസപാരമ്പര്യം സേർബിയൻ ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ട്. വിദ്യാസമ്പന്നരായ ധാരാളം യുവതീ,യുവാക്കൾ സന്യാസം സ്വീകരിച്ച് ആശ്രമങ്ങളിലും, മഠങ്ങളിലും ചേരുന്നു. സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നത് സന്യാസ സമൂഹങ്ങളാണ്. സഭയുടെ വിശുദ്ധീകരിക്കുന്ന സാന്നിധ്യമായി സന്യാസ സമൂഹങ്ങൾ നിലകൊള്ളുന്നു. എല്ലാ ഓർത്തഡോക്സ് സഭകളിലും എന്നപോലെ സേർബിയൻ സഭയിലും വിവാഹിതരും, അവിവാഹിതരുമായ പട്ടക്കാർ ഉണ്ട്. പട്ടക്കാരുടെ വേദവി



1937 – ൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ സേർബിയൻ സഭ സന്ദർശിച്ചപ്പോൾ അവിടെ വച്ചെടുത്ത ഒരു ഫോട്ടോ ഫ്രെയിം ചെയ്തതായിരുന്നു ആ സമ്മാനം. ആ ഫോട്ടോയിൽ സേർബിയൻ സഭയുടെ ഒരു മെത്രാപ്പോലീത്തായും ഉണ്ടായിരുന്നു. അത് കണ്ട് ഇത് എന്റെ മെത്രാപ്പോലീത്താ ആയിരുന്നു എന്ന് വളരെ സന്തോഷത്തോടെ പ. പാത്രിയർക്കീസ് പ്രതിവചിച്ചു.

ദ്യാഭ്യാസം 4 സെമിനാരികളിലായി നടക്കുന്നു. ബെൽഗ്രേഡ് സർവ്വകലാശാലയിൽ സേർബിയൻ സഭയുടേതായി ഒരു വേദശാസ്ത്രവിഭാഗവും പ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞ ഏപ്രിൽ 19, മെയ് 2 തീയതികളിൽ സേർബിയക്കാരായ 2 പരിശുദ്ധന്മാരെ വി. തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള മഹത്വീകരണ ശുശ്രൂഷ നടത്തുകയുണ്ടായി.

2010 ഒക്ടോബർ 3–ന് പെച്ചിൽ ഉള്ള സന്യാസ ആശ്രമത്തിലെ ചാപ്പലിൽ വച്ചാണ് സ്ഥാനാരോഹണ ശുശ്രൂഷ നടന്നത് 2010 ജനുവരി 22–ന് കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആണ് പ. ഇറിനേയ് പിതാവിനെ പാത്രിയർക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്. സേർബിയൻ സഭാഭരണഘടനപ്രകാരം പിറ്റേന്ന് തന്നെ സ്ഥാനാരോഹണം നടന്നിരിക്കണം ആയതിനാൽ 2010 ജനുവരി 23–ന് ബെൽഗ്രേഡിൽ ഉള്ള പാത്രിയർക്കാ ആസ്ഥാനത്തോട് ചേർന്ന് പ. മിഖായേൽ ദൂതന്റെ നാമത്തിൽ ഉള്ള ചാപ്പലിൽ വച്ച് സ്ഥാനാരോഹണ ശുശ്രൂഷ നടന്നു. എന്നാൽ എല്ലാ സഭകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഔപചാരികമായ സ്ഥാനാരോഹണശുശ്രൂഷ വിപുലമായ ഒരുക്കങ്ങളോട് ഒക്ടോബർ 3–ന് നടത്തുകയായിരുന്നു. നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ തിരുമേനിയെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് ക്ഷണിച്ചിരിക്കുന്നു. പ. ബാവാ തിരുമേനിയുടെയും, നിയുക്ത കാതോലിക്കാ അഭി. മിലിത്തിയോസ് തിരുമേനിയുടെയും നിർദ്ദേശപ്രകാരം നമ്മുടെ സഭയെ പ്രതിനിധീകരിച്ച് ഞാൻ സംബന്ധിക്കുകയായിരുന്നു.

സ്ഥാനാരോഹണ ശുശ്രൂഷ ഹ്രസ്വമായിരുന്നു. വി. കുർബ്ബാന മദ്ധ്യേയാണ് ശുശ്രൂഷ നടന്നത്. വി. ഏവൻഗേലിയോൻ വായനയ്ക്ക് ശേഷം. വി. അനാഫോറ തുടങ്ങുന്നതിനു മുമ്പായി (കാർമ്മികൻ പദവിയിൽ കയറി നിന്നുകൊണ്ടുള്ള പ്രാർത്ഥന തുടങ്ങുന്നതിന് മുമ്പായി) വി. മദ്ബഹായിൽ സിംഹാസനത്തിൽ ഇരുത്തിയശേഷം യോഗ്യൻ യോഗ്യൻ എന്നർത്ഥം വരുന്ന ആക്സിയോസ് ചൊല്ലുന്നു. വി. മദ്ബഹായിലുള്ളവർ 3 പ്രാവശ്യവും, ഗായകസംഘവും, ജനങ്ങളും 3 പ്രാവശ്യവും അങ്ങനെ മൂന്നുതവണ മാറിമാറി ചൊല്ലുന്നു. 'ആക്സിയോസ്' എന്നാണ് ഗ്രീക്ക് മൂലം സുറിയാനി ഭാഷയിൽ 'ഓക്സിയോസ്' എന്നും സുറിയാനി ഭാഷയിൽ ആദ്യകാലത്ത് ചിഹ്നങ്ങൾ എഴുതിയിരുന്നില്ല ഗ്രീക്ക് ഭാഷ വേണ്ടത്ര തിട്ടമില്ലാത്തത് കൊണ്ടാവാം ആദ്യസ്വരാക്ഷരം 'ആ' എന്നതിന് പകരം 'ഒ' ആയത്. അല്ലെങ്കിൽ സുറിയാനി ഭാഷയിൽ ഉച്ചാരണം എളുതായി വരുന്നത് ആ നിലയിലായതു കൊണ്ടാവാം.

വി. കുർബാനയിലും, ശുശ്രൂഷയിലും അതിന് ശേഷം നടന്ന സത്കാരത്തിലും സേർബിയൻ പ്രസിഡന്റ് ബോറിസ്റ്റാഡിക് സംബന്ധിച്ചിരുന്നു. മുസ്ലീം സമുദായത്തെ പ്രതിനിധീകരിച്ച് പുരോഹിതരും ഉണ്ടായിരുന്നു. 'പെച്ച് കൊസാവ മേഖലയിൽ ഉൾപ്പെടുന്നു' കൊസാവ സേർബിയയുടെ ഭാഗമായിരുന്നു എന്നാൽ അടുത്തകാലത്ത് സ്വതന്ത്രരാഷ്ട്രമായി സ്വയം പ്രഖ്യാപിച്ചു. സേർബിയ ഇത് അംഗീകരിച്ചിട്ടില്ല എന്നാൽ അമേരിക്കൻ ഐക്യനാടുകൾ ഉൾപ്പെടെയ ഉള്ള 30 രാജ്യങ്ങൾ കൊസാവയെ സ്വതന്ത്രരാജ്യമായി അംഗീകരിച്ചിട്ടുണ്ട്. കൊസാവയിൽ സേർബിയൻ സഭാംഗങ്ങൾ ആയിരുന്നു ഭൂരിഭാഗവും എന്നാൽ മുസ്ലീംങ്ങളും, ക്രിസ്ത്യാനികളും തമ്മിൽ ഉണ്ടായ വംശീയ കലാപത്തിന് ശേഷം സേർബിയൻ ഓർത്തഡോക്സ് സഭാംഗങ്ങൾ അവിടെ നിന്നും തുരുത്തപ്പെട്ടു. സേർബിയൻ സഭയുടെ പഴമയും, പാരമ്പര്യവും ഈ പ്രദേശത്താണ് ഏറ്റവും അധികം ഉണ്ടായിരുന്നത്. ഇത് നഷ്ടമായിപ്പോകുമോ എന്ന ആശങ്ക സേർബിയൻ സഭയെ ദുഃഖിപ്പിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ സമാധാന സേനയുടെ സംരക്ഷണം ഈ പ്രദേശത്തിനുണ്ട് ഇപ്പോൾ പൊതുവേ സമാധാനം ആണ് എങ്കിലും 5000 വിശ്വാസികൾക്ക് മാത്രമെ സ്ഥാനോരോഹണ ശുശ്രൂഷയ്ക്ക് പ്രവേശനം അനുവദിച്ചുള്ളു. ഈ അന്തരീക്ഷത്തിലും പ്രൗഢഗംഭീരമായിരുന്നു ചടങ്ങുകൾ എല്ലാമെന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ശുശ്രൂഷകൾ എല്ലാം ഉച്ചയ്ക്ക് ഒരു മണിയോടെ അവസാനിച്ചു അതിന് ശേഷം നടന്ന വിരുന്നിൽ വിശിഷ്ടാതിഥികളും, പ്രസിഡന്റ് ഉൾപ്പെടെ ഉള്ള രാഷ്ട്ര നേതാക്കളും സംബന്ധിച്ചു. സേർബിയൻ സഭയിലെ സന്യാസ സമൂഹങ്ങളിൽ നിന്നുള്ള ആശ്രമ മഠാധിപതികൾക്ക് വേദിയിൽ മുഖ്യമായ സ്ഥാനം ഉണ്ടായിരുന്നു. മഠങ്ങളിൽ നിന്നുള്ള മുതിർന്ന ഒരു മഠാധിപതി (മഠത്തിലമ്മ) വേദിയിൽ ഉണ്ടായിരുന്നത് പ്രത്യേകം ശ്രദ്ധേയം ആയി എനിക്കനുഭവപ്പെട്ടു. വിവിധ സഭകളിൽ നിന്നു വന്നവർ പാത്രിയർക്കീസിന് സമ്മാനം നൽകി. നമ്മുടെ സഭയിലെ ഏതാനും പേർ ചേർന്ന് ഉണ്ടാക്കിയിട്ടുള്ള "ഓർത്തഡോക്സി കോഗ്നേറ്റ് പേജ്" എന്ന സംഘടനയും സെക്രട്ടറി ശ്രീ. ജോർജ് അലക്സാണ്ടർ തയ്യാറാക്കിത്തന്ന ഉപഹാരം പ. പാത്രിയർക്കീസിന് നമ്മുടെ സഭയുടേതായി ഞാൻ സമ്മാനിച്ചു. 1937–ൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ സേർബിയൻ സഭ സന്ദർശിച്ചപ്പോൾ അവിടെ വച്ചെടുത്ത ഒരു ഫോട്ടോ ഫ്രെയിം ചെയ്തതായിരുന്നു ആ സമ്മാനം. ആ ഫോട്ടോയിൽ സേർബിയൻ സഭയുടെ ഒരു മെത്രാപ്പോലീത്തായും ഉണ്ടായിരുന്നു. അത് കണ്ട് ഇത് എന്റെ മെത്രാപ്പോലീത്താ ആയിരുന്നു എന്ന് വളരെ സന്തോഷത്തോടെ പ. പാത്രിയർക്കീസ് പ്രതിവചിച്ചു. വിരുന്നിനിടെ ഞാൻ നടത്തിയ ആശംസാപ്രസംഗത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് സേർബിയൻ സഭയുമായി 70 വർഷത്തിലധികം പഴക്കമുള്ള ബന്ധം ഉണ്ടെന്ന് സൂചിപ്പിച്ചു. അതിന് തെളിവാണ് ചരിത്ര പ്രാധാന്യം ഉള്ള ഈ ചിത്രം എന്നും ഞാൻ സൂചിപ്പിച്ചു. ഇത് പാത്രിയർക്കീസിനും മറ്റ് എല്ലാവർക്കും അത്ഭുതമായി അനുഭവപ്പെട്ടു. ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് മറ്റ് ഓർത്തഡോക്സ് സഭകളുടെ ഇടയിൽ തനതായ വ്യക്തിത്വം ഉണ്ടെന്നും എക്യുമെനിക്കൽ രംഗത്ത് സവിശേഷമായ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഒന്നുകൂടെ ഓർമ്മിക്കാനും പലരെയും ഓർമ്മിപ്പിക്കുവാനും ഈ സന്ദർശനം മുഖാന്തിരമായി. ശുശ്രൂഷയും സത്കാരവും കഴിഞ്ഞ് അന്ന് തന്നെ ബെൽഗ്രേഡിലേക്ക് മടങ്ങി. യാത്രാമധ്യേ പ. ഇറിനേയ് പിതാവിന്റെ മെത്രാസന ആസ്ഥാനങ്ങളിൽ ഒന്നായ കാർലോവ്ച്ചിയിൽ അത്താഴ വിരുന്ന് ഒരുക്കിയിരുന്നു. ബാൽക്കൺ ഹോട്ടലിലേക്ക് മടങ്ങുമ്പോൾ പാതിരാകഴിഞ്ഞിരുന്നു. രണ്ടുനാൾ കൂടി ബെൽഗ്രേഡിൽ ചിലവഴിച്ച് സഭയുടെ പ്രധാന പള്ളികളും, സ്ഥാപനങ്ങളും സന്ദർ ശിച്ച ശേഷം ഒക്ടോബർ 6–ാം തീയതി നാട്ടിലേക്ക് മടങ്ങി. സമ്പന്നം എന്ന് പറയാനാവില്ല എങ്കിലും പരിശുദ്ധിയും, പഴമയും ചേർത്തുണ്ടായ പുരാതന പൗരസ്ത്യ ക്രിസ്തീയ സംസ്ക്കാരം കൊണ്ട് സമ്പന്നമാണ് സേർബിയൻ ഓർത്തഡോക്സ് സഭ.

■

## ഭദ്രാസന സെക്രട്ടറി



കണ്ടനാട് വെസ്റ്റ് ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജേക്കബ് ചെമ്മനം. ഭദ്രാസന കൗൺസിൽ അംഗങ്ങളായി ഫാ. ജോസ് തോമസ്, പൂവത്തുങ്കൽ, ഫാ. ജോൺവർഗീസ്, മടക്കാലിൽ; ശ്രീ. തോമസ് മാന്താനത്തേൽ; ശ്രീ. സാം സക്കറിയ ശീമാം കുന്നേൽ; ശ്രീ. പ്രിൻസ് ഏലിയാസ് അമ്പാട്ടു പുത്തൻ പുരയിൽ; ശ്രീ. ജോർജ് ചെട്ടിയാനിൽ എന്നിവരെയും തെരഞ്ഞെടുത്തു.


## ദിവ്യബോധനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അൽമായ പഠന പദ്ധതിയായ "ദിവ്യബോധനം" പഠനപദ്ധതി ഇരുപത്തിയഞ്ച് വർഷം പിന്നിട്ടിരിക്കുകയാണ്. പതിനായിരത്തോളം സ്ത്രീ–പുരുഷന്മാർക്ക് വേദശാസ്ത്ര അഭ്യസനം നൽകുവാൻ ഈ പഠന പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. അടുത്ത ബാച്ചിലേക്കുള്ള (2011– 2013) രജിസ്ട്രേഷൻ 2011 ജനുവരി മാസം 15–ാം തീയതിമുതൽ ആരംഭിക്കുന്നതാണ്. താല്പര്യമുള്ള ഇടവകകളും, വ്യക്തികളും **രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി.ബി. നമ്പർ 98, കോട്ടയം–1** എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

സ്ഥല പരിമിതി മൂലം ഈ ലക്കത്തിൽ ചില സ്ഥിരം പംക്തികൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. ദയവായി വായനക്കാർ സഹകരിക്കുക.

*For Favours Received*





ഒരു വിശ്വാസി, കൽക്കട്ട



കൈക്കുടന്ന

# കലാപം

- നമ്മുടെ സമരങ്ങൾക്കൊക്കെ എന്തോ ഒരു കുറവുണ്ട്. സത്യത്തിൽ, ജീവനാണില്ലാത്തത്. അതിജീവനത്തിന് വേണ്ടിയല്ല നമ്മുടെ പോരാട്ടങ്ങൾ; കേവലം ജീവസന്ധാരണത്തിന് വേണ്ടിയുള്ള കാട്ടിക്കൂട്ടലുകൾ മാത്രമാവുന്നുണ്ട് അത്! ആർക്കും കൊള്ളാത്ത ഒന്നിനും കൊള്ളാത്ത ചില നിലപാടുകൾ!
- വിമോചന ദൈവശാസ്ത്ര വായനകളിലൊന്ന് ഇങ്ങനെയാണ്, "കാരുണ്യവാനായ യജമാനന്റെ ഭാഗമഭിനയിക്കുന്നത് നിർത്തി, ദുരിതം സഹിക്കുന്ന ദാസന്റെ പങ്ക് വഹിക്കാനാരംഭിക്കുമ്പോഴേ സഭ ജനങ്ങളുടേതാകുന്നുള്ളൂ... അനാഥാലയങ്ങൾ പടുത്തുകൂട്ടുകയല്ല. സഭയുടെ ദൗത്യം, മറിച്ച് അനാഥർ പെരുകുന്നതിലെ അധാർമ്മികതയ്ക്കെതിരെ ശബ്ദമുയർത്തലാണ്." നിശ്ചയമായും, അത്തരം ഒരിടപാടിന് ധാർമ്മികത മാത്രമാണ് കൈമുതൽ വേണ്ടത്. സഭ നിശബ്ദമാകുമ്പോൾ ദൈവശബ്ദമാണ് കേൾക്കാനാവാതെ വരുന്നത് എന്നും മറക്കരുത്.
- നിഷേധിയുടെ ഭ്രാന്ത് വീണ്ടും ഭാരപ്പെടുത്തുന്നു, "ഓരോ ക്രിസ്തീയ ദേവാലയവും മനുഷ്യപുത്രന്റെ ശവക്കല്ലറയ്ക്ക് മീതേ ശക്തമായി വച്ചിരിക്കുന്ന വലിയ ശിലയാണ്. അത് ശക്തിയുപയോഗിച്ച് ഉയിർത്തെഴുന്നേല്പിനെ അടിച്ചമർത്തുന്നു." നമ്മുടെ സർഗ്ഗാത്മകത മനുഷ്യരെ നിർമ്മിക്കുന്നതിൽ നിന്നും സമുച്ചയ രൂപകല്പനകളിലേക്ക് വഴുതി വീണതോർത്ത് അനുതപിക്കേണ്ട കാലം അതിക്രമിച്ചു. ഇല്ലാത്തപക്ഷം, സമൂഹം നമ്മുടെ ശബ്ദം തിരിച്ചറിയാത്ത ഒരു കാലം വരും. നിങ്ങളുടെ സ്വരത്തിൽ മനുഷ്യസ്നേഹത്തിന്റെ ഒരു വറ്റ് പോലുമില്ലെന്ന് അവർ ആർത്ത് വിളിക്കും. നിങ്ങളുടെ പെരുമാറ്റങ്ങൾ ദൈവരാജ്യത്തെ ഓർമ്മിപ്പിച്ചത് പോലുമില്ലെന്ന് അവർ വിലപിക്കും. നിങ്ങളുടെ പ്രഭാഷണങ്ങളിലും പ്രസ്താവനകളിലും ദീർഘദർശനത്തിന്റെ ലാഞ്ചന പോലുമില്ലെന്ന് അവർ കുറ്റപ്പെടുത്തും. നിങ്ങളുടെ ആരാധനകളിൽ ആത്മാർത്ഥതയുടെ ഒരു കണം പോലുമില്ലെന്ന് അവർ പരിഹസിക്കും. ഞങ്ങൾക്ക് ഒരു ക്രിസ്തുവിനെ സമ്മാനിക്കാതിരുന്ന നിങ്ങളെ ഞങ്ങൾ എങ്ങനെ ക്രിസ്ത്യാനികൾ എന്ന് വിളിക്കും എന്നാവും ഏറ്റവുമൊടുവിൽ നമുക്ക് ചുറ്റുമുള്ളവർ പറഞ്ഞ് നിർത്തുക.
- തിരുവചനം. "വിസ്മയവും ഭയങ്കരവുമായുള്ളത് ദേശത്ത് സംഭവിക്കുന്നു. പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു; പുരോഹിതന്മാരും അവരോട് ഒരു കയ്യായി നിന്ന് അധികാരം നടത്തുന്നു; എന്റെ ജനത്തിനോ അത് ഇഷ്ടമാകുന്നു; എന്നാൽ ഒടുക്കം നിങ്ങൾ എന്ത് ചെയ്യും?"

*(യിരമ്യാവ് 5:30,31)*

\- സഖേർ

# ഫുജൈറ പള്ളി ഇനി മുതൽ ഒരു ഗ്രിഗോറിയൻ തീർത്ഥാടന കേന്ദ്രം



**H.H. MORAN MAR BASELIOS MARTHOMA DIDYMOS 1**
**Catholicose of the East & Malankara Metropolitan**
**(The Supreme Head of Indian Orthodox Church)**



**ST.GREGORIOS INDIAN ORTHODOX CHURCH**
**FUJAIRAH - U.A.E**



**H. B. PAULOSE MAR MILITHIOS METROPOLITAN**
**Successor And Assistant to the Catholicos of the East & Malankara Metropolitan**



**H.G. Dr.Abraham Mar Epiphanios**
Former Asst. Metropolitan
Bangalore Diocese



**H.G. Dr.Abraham Mar Seraphim**
Metropolitan
Bangalore Diocese

## ഫുജൈറ പള്ളി:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ബാംഗളൂർ ഭദ്രാസനത്തിൽപ്പെട്ട യു.എ.ഇ യിലെ കിഴക്കൻ തീരത്ത് ഒമാനിനോട് ചേർന്നു സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഫുജൈറ സെൻറ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ദേവാലയം ആത്മീയ ചൈതന്യത്തിൻെറ 32 വർഷം പൂർത്തിയാക്കിയിരിക്കുന്നു. ഈ ദേവാലയം ദുബായിൽ നിന്നും 130 കിലോമീറ്റർ കിഴക്കു മാറി സ്ഥിതി ചെയ്യുന്നു. 2002-ൽ ഫുജൈറ ഗവൺമെൻറിൻെറയും ഭരണാധികാരികളുടെയും ദയാവായ്പ്നാലും, മഹാമനസ്ക്കതയാലും ആരാധനാ സ്വാതന്ത്ര്യവും ആയതിന് ആവശ്യമായ സ്ഥലവും ലഭിച്ചു. 2003 മെയ് മാസം 29,30 തീയതികളിലായി ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഇയ്യോബ് മാർ പീലക്സീനോസ് തിരുമനസ്സുകൊണ്ട് ദേവാലയം കൂദാശ ചെയ്യുകയും അന്നുമുതൽ മുടങ്ങാതെ ആരാധന തുടർന്ന് വരുകയും ചെയ്യുന്നു. 2003-ൽ സമ്പൂർണ്ണ ഇടവകയായി പ്രഖ്യാപിക്കപ്പെട്ട ഈ ദേവാലയത്തിൽ ഇപ്പോൾ 175 അംഗങ്ങളും, ദിബ്ബാ എന്ന സ്ഥലത്ത് 25 അംഗങ്ങളും അടങ്ങിയ സെൻറ് ഗ്രീഗോറിയോസ് കോൺഗ്രിഗേഷനും ചേർന്ന് പ്രവർത്തിച്ചു വരുന്നു.

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദേവാലയം യു.എ.ഇ യുടെ കിഴക്കൻ പ്രദേശത്തെ ഒരു ആത്മീയ ശക്തികേന്ദ്രമാണ്. 2008-ൽ 30 വർഷം പൂർത്തിയാക്കി പേൾ ജൂബിലി ആഘോഷത്തിൻെറ നിറവിൽ ഈ ദേവാലയത്തിൽ, ജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ പരുമല തിരുമേനിയുടെ സജീവ സാന്നിദ്ധ്യമായി 2008 ഡിസംബർ മാസം പരിശുദ്ധ പിതാവിൻെറ തിരുശേഷിപ്പ് സ്ഥാപിക്കപ്പെട്ടു എന്നത് ഇടവകയ്ക്ക് എന്നും അനുഗ്രഹകാരണമാണ്.



പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ്

### 1.ഭക്തജനങ്ങളുടെ ആശാകേന്ദ്രം

യു.എ.ഇ യിലെ മറ്റ് എമിറേറ്റ്സുകളിൽ നിന്നും ഒമാൻെറ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം ഭക്തജനങ്ങൾ തീർത്ഥാടകരായി ഇവിടെ എത്തി പ:പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ സായൂജ്യം അടയുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുവരുന്നു. ഏകാന്തമായി പ്രാർത്ഥിക്കുവാനും, ധ്യാനിക്കുവാനും അനേകർ ഈ ദേവാലയം പ്രയോജനപ്പെടുത്തുന്നത് ആത്മീയാനന്ദം പകരുന്ന അനുഭവമാണ്. യു.എ.ഇ യുടെ വിവിധ പ്രദേശങ്ങളിൽ നിന്നും ഒമാനിൽ നിന്നും നേരിട്ട് ഇവിടേയ്ക്ക് എത്താൻ സാധിക്കുന്നു എന്നുള്ളതും, ശാന്തമായി ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും സാധിക്കുന്നു എന്നതും അനേകം ഭക്തജനങ്ങളെ ഇവിടേയ്ക്ക് ആകർഷിക്കുന്നു. മലയാളികളുടെ ഗൾഫ് കുടിയേറ്റത്തിൻെറ ചരിത്രത്തിൽ ഈ ദേവാലയത്തിനും ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

### 2.തീർത്ഥാടന കേന്ദ്രം പ്രഖ്യാപനം

ഫുജൈറ സെൻറ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ദേവാലയത്തെ മലങ്കര സഭയുടെ ഒരു തീർത്ഥാടന കേന്ദ്രമായി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാതിരുമനസ്സുകൊണ്ട് കൽപ്പനയിലൂടെ ഉയർത്തിയ വിവരം സസന്തോഷം നിങ്ങളെ അറിയിക്കുന്നു. 2010 നവംബർ മാസം 5-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ പരിശുദ്ധ പരുമല തിരുമേനിയുടെ പെരുനാൾ ദിവസം സഭാ മേലദ്ധ്യക്ഷന്മാരായ മുൻ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ.എബ്രഹാം മാർ എപ്പിപ്പാനിയോസ് തിരുമേനിയുടേയും, ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ.എബ്രഹാം മാർ സെറാഫിം തിരുമേനിയുടേയും മുഖ്യ കാർമ്മികത്വത്തിലും മറ്റ് വൈദീക ശ്രേഷ്ഠരുടെ സഹ കാർമ്മികത്വത്തിലും രാവിലെ 8.30-നു വിശുദ്ധ മൂന്നിൻമേൽ കുർബ്ബാനയോടനുബന്ധിച്ച് തീർത്ഥാടനകേന്ദ്ര പ്രഖ്യാപനം നടത്തുന്നതാണ്.



**Cherian Abraham**
**Treasurer**



**Sujith Varghese**
**Secretary**



**Dr.Cheriyan K.C**
**Convener**

### 3.ആരാധന സമയങ്ങൾ

✝എല്ലാ ദിവസവും രാവിലെ 7.30-നും, ഉച്ചയ്ക്ക് 12.30-നും, വൈകിട്ട് 6.30-നും നമസ്ക്കാരങ്ങൾ നടത്തിവരുന്നു

✝വെള്ളിയാഴ്ച്ചകളിൽ രാവിലെ 7.30-ന് പ്രഭാത നമസ്ക്കാരവും, വിശുദ്ധ കുർബ്ബാനയും.

✝എല്ലാ മാസത്തിൻെറയും ആദ്യ ഞായറാഴ്ച്ചകളിൽ വൈകിട്ട് 6.45-ന് സന്ധ്യാനമസ്ക്കാരവും, വിശുദ്ധകുർബ്ബാനയും.

✝എല്ലാ ചൊവ്വാഴ്ച്ചകളിലും വൈകിട്ട് 8 മുതൽ സന്ധ്യാനമസ്ക്കാരവും, ധ്യാനവും, പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും.

✝എല്ലാ വ്യാഴാഴ്ച്ചകളിലും വൈകിട്ട് 8 മുതൽ സന്ധ്യാനമസ്ക്കാരവും, ധ്യാനവും, പരിശുദ്ധ പരുമല തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും.

ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ ദേവാലയം പകൽ മുഴുവൻ സമയം പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും തുറന്നിട്ടിരിക്കുന്നു. മനുഷ്യ ജീവിതത്തിൽ തീർത്ഥാടനത്തിൻെറ സ്ഥാനം അദ്വിതീയമാണ്. പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടുവാനല്ല പ്രശ്നസങ്കീർണ്ണതകളിൽ ദൈവസഖിത്വം ദർശിക്കുവാനുള്ള അപൂർവ്വസൗഭാഗ്യമാണ് തീർത്ഥാടനം. ഇത് തീർത്ഥാടനത്തിൻെറ രസാത്മകതയാണ്. ഈ ദിവ്യദർശനം ഉൾക്കൊള്ളുവാൻ സമാനമാനസരെ സഹർഷം സ്വാഗതം ചെയ്യുന്നു. നാനാജാതിമതസ്ഥരും ഒന്നുപോലെ ബഹുമാനിക്കുന്ന ഈ ദേവാലയത്തിൻെറ തീർത്ഥാടനഭാവം മാനവജാതിക്കു അമൂല്യമായ അനുഭവമാകട്ടെ.



**കർതൃ ശുശ്രൂഷയിൽ**

**ഇടവകയ്ക്കു വേണ്ടി ഫാ.ജേക്കബ് തോമസ്**

**വികാരി**

# സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് പ്രമുഖരുടെ നിര



**പരുമല:–** പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് സാക്ഷിയാകാൻ പ്രമുഖരുടെ നിര.

ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത, ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, മന്ത്രി ഡോ. തോമസ് ഐസക്, ഡെപ്യൂട്ടി സ്പീക്കർ ജോസ് ബേബി, എം.പി. മാരായ പി. ജെ. കുര്യൻ, ആന്റോ ആന്റണി, ജോസ് കെ. മാണി, എം.എൽ.എ. മാരായ കെ. എം. മാണി, പി. ജെ. ജോസഫ്, ജോസഫ് എം. പുതുശ്ശേരി, മാത്യു റ്റി. തോമസ്, എം. മുരളി, ബി. ബാബു പ്രസാദ്, തോമസ് ചാഴിക്കാടൻ, മോൻസ് ജോസഫ്, രാജു ഏബ്രഹാം, കെ. ശിവദാസൻ നായർ, വി. എൻ. വാസവൻ, പി. സി. വിഷ്ണുനാഥ് തുടങ്ങിയവർ സംബന്ധിച്ചു.

## നിലയ്ക്കൽ ഭദ്രാസന പൊതുയോഗം

**നിലയ്ക്കൽ:–** പ്രഥമ നിലയ്ക്കൽ ഭദ്രാസന പൊതുയോഗം ഇടവക മെത്രാപ്പോലീത്ത ജോഷ്വ മാർ നിക്കോദിമോസിന്റെ അദ്ധ്യക്ഷതയിൽ റാന്നി ഹോളി ട്രിനിറ്റി ആശ്രമ ഓഡിറ്റോറിയത്തിൽ കൂടി. ഭദ്രാസന സെക്രട്ടറിയായി ഫാ. ഷൈജു കുര്യൻ, കൗൺസിൽ അംഗങ്ങളായി ഫാ. വർഗീസ് വട്ടമല, ഫാ. റോയി മാത്യു, ശ്രീ. വി. എം. ജോൺ അയിരൂർ, ശ്രീ റോമിക്കുട്ടി മാത്യു, വയലത്തല, ഡോ. റോബിൻ റ്റി. മാത്യു റാന്നി, ശ്രീ. എ. ജെ. വർഗീസ്, ചിറ്റാർ എന്നിവരെ തെരഞ്ഞെടുത്തു.


## അഡ്മിസ്ട്രേറ്റീവ് ഓഫീസറെ ആവശ്യമുണ്ട്

കോട്ടയം ജില്ലയിലെ ഒരു പള്ളി ഓഫീസിലേയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ആവശ്യമുണ്ട്. പള്ളി ഓഫീസ് മാനേജ്മെന്റിൽ പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. താല്പര്യമുള്ളവർ നവംബർ 30–നു മുമ്പ് ബന്ധപ്പെടുക.

**ഫോൺ: 9447464060**


**18TH DEATH ANNIVERSARY**

**LIJU VARGHESE**

**(Mannooparampil, Karuvatta)**



27-2-1975 17-11-1991

*Who Plucked this flower?*

**"THE MASTER"**

*Inserted by:*

**Mr. George Varghese, Mrs. Leela Varghese, Miss. Leena Varghese**

D-101, OLYMPIA, OPP. SHANTI NAGAR, SECTOR-10, MIRA ROAD EAST THANE, MAHARASHTRA

**4TH DEATH ANNIVERSARY**

**27-11-2010**



*In loving Memory of*

**K. M. THOMAS**

Kadavil House, Kesavadasapuram

*By sorrowing family*



**നിങ്ങൾ പറയുന്നത്**

## കല്ലെറിയും മുമ്പ് ഒരു നിമിഷം

മലയാള മനോരമ ചീഫ് എഡിറ്ററായിരുന്ന ശ്രീ. കെ. എം. മാത്യുവിന്റെ ദേഹ വിയോഗത്തിനു കൃത്യം രണ്ടു ദിവസം മുമ്പ് ഞാനദ്ദേഹത്തെ കാണാനായി കഞ്ഞിക്കുഴിയിലെ അദ്ദേഹത്തിന്റെ വീട്ടിലെത്തി. സഭാനേതൃത്വത്തിലുള്ള ആളുകളിൽ ഏറ്റവും അവസാനമായി അദ്ദേഹത്തെ കാണാനും സംസാരിക്കാനും ഭാഗ്യമുണ്ടായ വ്യക്തി ഞാനാണ്.

വ്യക്തിപരമായി എന്നെ സംബന്ധിച്ച് അതൊരു അസുലഭ സൗഭാഗ്യമായി ഞാൻ കരുതുന്നു. കാരണം സഭാപ്രവർത്തനത്തിലൂടെ പതിറ്റാണ്ടുകൾ നീണ്ട ബന്ധമായിരുന്നു ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. സഭയെ ഇത്രയേറെ സ്നേഹിക്കുകയും സഭയെ ഇന്നത്തെ നിലയിൽ കരുത്തുറ്റതാക്കി മാറ്റുന്നതിൽ സ്വന്തം സമ്പത്തും ആരോഗ്യവും ചിന്താശക്തിയും വിനിയോഗിക്കുകയും ചെയ്ത അപൂർവം ചില ആളുകളിലൊരാളായിരുന്നു മാത്തുക്കുട്ടിച്ചായനെന്ന് വർഷങ്ങളായി അദ്ദേഹത്തെ അടുത്തറിയാവുന്ന എനിക്ക് നിസ്തർക്കം പറയാൻ കഴിയും.

അന്നു രണ്ടുമണിക്കൂറോളം ഞങ്ങൾതമ്മിൽ സംസാരിച്ചിരുന്നു. എനിക്ക് അച്ചായന്റെ മുമ്പാകെ ഒരു അഭ്യർത്ഥനയേ ഉണ്ടായിരുന്നു; മലങ്കര സഭയും മലയാള മനോരമയും കുറേക്കൂടി അടുത്തു കഴിയണം. അതിനായി അച്ചായന്റെ മക്കളിലാരെങ്കിലും സഭാ നേതൃത്വത്തിൽ സജീവമായി ഉണ്ടാകണം. അച്ചായൻ ആദ്യമൊന്നും അതിനു സമ്മതം മൂളിയില്ലെങ്കിലും എന്റെ നിരന്തരമായ അഭ്യർത്ഥനയ്ക്കു വഴങ്ങി അവസാനം അദ്ദേഹം പറഞ്ഞു: പരിഗണിക്കാം.

ഈ എൺപത്തിയെട്ടാം വയസ്സിൽ ഞാനിക്കാര്യങ്ങൾ ഒരു കുറിപ്പായി മലങ്കരസഭയുടെ വായനക്കാരുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനു കാരണമുണ്ട്. സഭയെ പ്രതിസന്ധിഘട്ടത്തിൽ വഴിനടത്തുകയും സഭാ പിതാക്കന്മാരുടെ കൈകൾക്ക് കരുത്ത് പകർന്ന് ഒപ്പം നിൽക്കുകയും ചെയ്ത മഹാരഥന്മാരെയും പ്രസ്ഥാനങ്ങളെയും പുതിയ തലമുറ നിസാരമായി തള്ളിക്കളയുകയും അവരുടെ സംഭാവനകളെന്തെന്ന് ഓർക്കാതെ പരിഹസിക്കുകയും ചെയ്യുന്നതു കാണുമ്പോഴുണ്ടാകുന്ന വേദനയാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. പ്രത്യേകിച്ച് കഴിഞ്ഞ ലക്കം മലങ്കരസഭാ മാസികയിലെ കത്തുകളിൽ വന്ന പരാമർശം സഭാസ്നേഹികൾക്ക് ഉൾക്കൊള്ളാൻ കഴിയില്ല.

മലയാള മനോരമയും കണ്ടത്തിൽ വർഗീസ് മാപ്പിള മുതൽ കെ. എം.മാത്യുവരെയുള്ള മുഖ്യ പത്രാധിപന്മാരും സഭയ്ക്കു നൽകിയ സംഭാവനകളും സഭയ്ക്കു വേണ്ടി അനുഭവിച്ച ത്യാഗവും ഇന്നത്തെ തലമുറ നേരിട്ട് കണ്ടിട്ടുണ്ടാവില്ല. പക്ഷേ അറിയാത്ത ചരിത്രം വായിച്ചു മനസിലാക്കുകയോ അറിയാവുന്നവരോടു ചോദിച്ചറിയുകയോ ചെയ്യുകയാണ് വേണ്ടത്.

ഇന്നു നമ്മൾ അഭിമാനത്തോടെ ചൂണ്ടിക്കാട്ടുന്ന ദേവലോകം അരമന എങ്ങനെയുണ്ടായി എന്ന് ചിന്തിച്ചിട്ടുണ്ടോ? അന്ന് സഭാ ആസ്ഥാനമായിരുന്ന പഴയസെമിനാരി നഷ്ടപ്പെടുമെന്ന നിലവന്നപ്പോൾ സഭാനേതൃത്വം എങ്ങോട്ട് പോകുമെന്നറിയാതെ ഉഴലുമ്പോഴാണ് മാമ്മൻമാപ്പിളയുടെ നേതൃത്വത്തിൽ ഒരുപറ്റം സഭാസ്നേഹികൾ രംഗത്തിറങ്ങി പണം പിരിച്ച് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ദേവലോകം വിലയ്ക്കു വാങ്ങിയത്. പഴയ സെമിനാരിയിൽ നിന്നിറങ്ങേണ്ടി വന്നാൽ പരിശുദ്ധ കാതോലിക്കാ ബാവായും മറ്റും എവിടെ താമസിക്കും എന്ന ആശയക്കുഴപ്പത്തിൽപ്പെട്ടിരിക്കുമ്പോഴാണ് പുതിയൊരു കെട്ടിടം വാങ്ങുക എന്ന ആശയവുമായി കെ.സി. മാമ്മൻ മാപ്പിള മുന്നിട്ടിറങ്ങിയത്. അങ്ങനെ ദേവലോകം ആസ്ഥാനത്തിന്റെ ഉടമയെ മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ ത്തന്നെയാണ് പോയി കണ്ടത്. ഉടമയായ ഏബ്രഹാമിന്റെ ഗുരുനാഥൻകൂടിയായ മാമ്മൻ മാപ്പിളയെ കണ്ടപ്പോൾ അദ്ദേഹം സ്ഥലത്തിന് അഡ്വാൻസ് വാങ്ങാതെ കേവലം ഒന്നരലക്ഷം രൂപയ്ക്ക് വാക്കുറപ്പിക്കുകയായിരുന്നു.

പിന്നീട് പണമുണ്ടാക്കാനുള്ള നെട്ടോട്ടമായിരുന്നു. അതിന്റെ മുൻപന്തിയിൽ നിന്നതും മാമ്മൻമാപ്പിള. ശാരീരിക അധ്വാനം കൂടാതെ പലവിധത്തിലുള്ള സാമ്പത്തിക ചെലവുകളും അദ്ദേഹം വഹിച്ചു. ഇതിനെല്ലാം ഓടി നടന്നത് മാമ്മൻ മാപ്പിളയായിരുന്നുവെന്ന് ഓർക്കണം. സഭാസ്നേഹം മൂലം തന്റെ പ്രായത്തിന്റെ ബുദ്ധിമുട്ടുകളെ അവഗണിച്ചു. ഒരിക്കൽ വെണ്ണിക്കുളത്ത് ഒരു വീട്ടിൽ പടിക്കെട്ടു കയറുന്നതിനിടെ നെഞ്ചുവേദന അനുഭവപ്പെട്ട അദ്ദേഹത്തിന് മൂന്നു മാസത്തോളം വിശ്രമം വേണ്ടിന്നു. അതുകഴിഞ്ഞാണ് പിരിവ് പുനരാരംഭിച്ചതും പണം നൽകിയതും.

കേസുകളിൽ പരാജയപ്പെട്ട് സഭാമക്കൾ ആത്മവിശ്വാസം തകർന്ന് നിൽക്കുമ്പോൾ അവരുടെ മനസിന് കരുത്ത് പകർന്നു നൽകിയത് കെ. സി. മാമ്മൻ മാപ്പിളയുടെ തൂലികയും അതിലൂടെ ഉതിർന്നു വീണ മുഖപ്രസംഗങ്ങളുമാണ്. സ്വന്തം പത്രത്തിന്റെ നിലനിൽപ്പുപോലും തൃണവൽക്കരിച്ചാണ് അദ്ദേഹം സഭയ്ക്കുവേണ്ടി തൂലിക ചലിപ്പിച്ചത്. അതിനെതിരെ ഉയർന്ന വിമർശനങ്ങളെ അദ്ദേഹം കൂസിയില്ല. സ്വന്തം നിലനിൽപ്പിലല്ല, മറിച്ച സഭയുടെ ഉയർത്തെഴുന്നേൽപ്പാണ് പ്രധാനമെന്ന ചിന്തയോടെ അദ്ദേഹം പ്രവർത്തിച്ചത്.

മാമ്മൻ മാപ്പിളയുടെ പാത പിന്തുടർന്നതാണ് കെ. എം മാത്യുവും സഭയുടെ വളർച്ച എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചത്. സഭാ കേസിൽ സുപ്രീം കോടതി ഏറ്റവും ഒടുവിൽ സഭയ്ക്കനുകൂലമായി വിധിച്ചപ്പോൾ അതിന് വേണ്ട സഹായങ്ങൾ നൽകിയ മാത്തുക്കുട്ടിച്ചായനെ നമുക്ക് എങ്ങനെ മറക്കാനാവും? എഫ്.എസ്. നരിമാനെപ്പോലെ പ്രഗത്ഭനായ അഭിഭാഷകനെ സഭയ്ക്കുവേണ്ടി വാദിക്കാൻ ലഭിച്ചത് മാത്തുക്കുട്ടിച്ചായൻ എന്ന വ്യക്തിയുടെ മാത്രം ശ്രമഫലമാണ്.

കേസിന്റെ നടത്തിപ്പിനു വേണ്ടി എല്ലാ സഹായങ്ങളും ഡൽഹിയിൽ ചെയ്തത് മാത്തുക്കുട്ടിച്ചായനായിരുന്നു. കേസ് നടത്തിപ്പിനായി പോയവർക്കുള്ള താമസ സൗകര്യവും രേഖകൾ എത്തിക്കുന്നതിനുള്ള ഏർപ്പാടുകളുമൊക്കെ ചെയ്തത് അദ്ദേഹം മുന്നിട്ടിറങ്ങിയായിരുന്നു. ഇക്കാര്യങ്ങളൊക്കെ അറിയാതെ അദ്ദേഹത്തെപ്പോലുള്ളവരെ ഇടിച്ചുതാഴ്ത്താൻ ശ്രമിച്ചാൽ ദൈവം പോലും പൊറുക്കില്ല എന്ന് ഓർമിക്കുന്നത് നന്ന്. സഭാമാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി, കാതോലിക്കാബാവായുടെ ഉപദേശക സമിതി എന്നിവയിലെല്ലാം പ്രവർത്തിച്ച് സഭയ്ക്ക് വ്യക്തമായ ദിശാബോധം നൽകിയ മാത്തുക്കുട്ടിച്ചായൻ സഭയുടെ വളർച്ചയിലെ നാഴികക്കല്ലുകൾക്കെല്ലാം നേതൃത്വം നൽകിയ വ്യക്തിയാണ്. മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലഘട്ടത്തിൽ മാനേജിംഗ് കമ്മറ്റിയിൽ

പ്രധാനപ്പെട്ട ഏതു ചർച്ചയും തർക്കവും വന്നാൽ അദ്ദേഹം എല്ലാം കേട്ടശേഷം ഏറ്റവും ഒടുവിൽ ചോദിക്കുമായിരുന്നു. “ഇനി മാത്തുക്കുട്ടിക്കെന്താണ് പറയാനുള്ളത്'' അദ്ദേഹം തന്റെ സുചിന്തിതമായ അഭിപ്രായം വളരെ ചുരുങ്ങിയ വാക്കുകളിൽ പറയും. അതോടെ തർക്കങ്ങൾക്കു വിരാമമാകും. കാരണം അച്ചായന്റെ അഭിപ്രായം സഭയ്ക്ക് ഏറ്റവും ഗുണമുള്ളതും വിവാദങ്ങൾ ഒഴിവാക്കുന്നതുമായിരിക്കും. ബാവാതിരുമേനിയും അത് അപ്പാടെ സ്വീകരിക്കും.

അച്ചായന്റെ സഭാസ്നേഹവും സംഘാടക മികവും അതിന്റെ മൂർധന്യത്തിൽ ഞാൻ കണ്ടത് പുതുക്കിപ്പണിത പരുമല പള്ളിയുടെ കൂദാശയ്ക്കാണ്. ജനറൽ കൺവീനറായ അദ്ദേഹം അത്രയും വമ്പിച്ചൊരു പരിപാടി എത്ര അച്ചടക്കത്തോടും ചിട്ടയോടും കൂടിയാണ് നടത്തിയത്. എണ്ണയിട്ട യന്ത്രം പോലെ കമ്മിറ്റിയിലെ ഓരോഘടകങ്ങളും പ്രവർത്തിച്ചു. അതിന്റെ ഫലമോ മലങ്കര സഭാമക്കൾക്ക് എക്കാലവും ഓർത്തുവയ്ക്കാനുതകുന്ന സംഭവമായിത്തീർന്നു കൂദാശാ ചടങ്ങുകൾ.

ഇത്തരത്തിൽ അനേകം സംഭവങ്ങളും ഉദാഹരണങ്ങളും എന്റെ ഓർമയിലൂടെ കടന്നു പോകുന്നു. എന്നാൽ വിസ്താരഭയത്താൽ എല്ലാം ഇവിടെ വിവരിക്കുന്നില്ല. മാത്തുക്കുട്ടിച്ചായന്റെ സംസ്കാര ചടങ്ങുകളിൽ സഭയിലെ പുരോഹിതന്മാർ പങ്കെടുത്തതിന്റെ ഫോട്ടോ മനോരമ പ്രസിദ്ധീകരിക്കാഞ്ഞത് ശരിയായില്ല എന്നൊരു പരാമർശം മലങ്കരസഭാ മാസികയിൽ കണ്ടു. ഒരു സാധാരണ സഭാംഗമെന്ന നിലയിൽ ഞാൻ അതിനോടു യോജിക്കുന്നു. എങ്കിലും നാം ചിന്തിക്കുന്നതു മാത്രം ശരി എന്നു ശഠിക്കുന്നത് നന്നല്ല. സാഹചര്യങ്ങളും സാമൂഹ്യ പശ്ചാത്തലവുമൊക്കെ നോക്കണം. വിശാലമായ ലോകവും അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹവുമൊക്കെ നാം കാണാതെ പോകരുത്. ഇടുങ്ങിയ ചിന്താഗതി വിട്ട് വിശാല മേച്ചിൽപ്പുറത്തിന്റെ പച്ചപ്പ് നാം കാണണം. അതുകണ്ടറിഞ്ഞവരാണ് നമുക്ക് മുമ്പേ വഴിനടന്നവർ. അതുകൊണ്ട് അന്നൊക്കെ സഭയ്ക്ക് കേരളത്തിലും ഇന്ത്യയിലും ഏറെ പ്രസക്തിയുണ്ടായിരുന്നതും. ഇന്ന് നമ്മെക്കാൾ ചെറിയ സഭകളുടെ കാലിക പ്രാധാന്യം പോലും നേടാൻ നമുക്ക് കഴിയാത്തതെന്തെന്ന് ചിന്തിക്കണം. നാം നമ്മെത്തന്നെ ശപിച്ച് സ്വയം ദുഷിപ്പിക്കുകയാണ് ചെയ്യുന്നത്. അതാണ് മറ്റുള്ളവർക്ക് നമ്മെപ്പറ്റി മതിപ്പു കുറഞ്ഞു പോകുന്നതിനു കാരണവും.

ഒരഭ്യർഥന മാത്രമേ എനിക്കുള്ളു, സ്വന്തം ആയുസും ആരോഗ്യവും വിഭവശേഷിയും സഭയ്ക്കുവേണ്ടി ഉഴിഞ്ഞു വച്ച മഹത്തുക്കളെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അപമാനിക്കാനും അവഹേളിക്കാനും ശ്രമിക്കരുത്. അങ്ങനെ ശ്രമിച്ചാൽ ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിനു തുല്യമാണെന്നു മനസിലാക്കുക. അവരൊക്കെ നമ്മുടെ സഭയ്ക്ക് ലഭിച്ച പുണ്യമാണ്. അവർ വെട്ടിത്തുറന്ന പാതയിലെ പ്രകാശത്തിലൂടെ സഭയെ മുന്നോട്ടു നയിക്കുകയാണ് പുതിയ തലമുറ ചെയ്യേണ്ടത്.

**സി.എൻ. ജോർജ്,**
**ചിറത്തലാട്ട്**

■

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അവൈദിക നേതൃത്വത്തിലെ അഗ്രഗണ്യനും അനുപമനും ദീർഘകാലം വർക്കിംഗ് കമ്മറ്റിയിലെ പ്രമുഖമെമ്പറും മാദ്ധ്യമരംഗത്തെ കുലപതി മലയാള മനോരമയുടെ മുഖ്യ പ്രത്രാധിപനും ആഗോള പ്രശസ്തനുമായിരുന്ന പത്മഭൂഷൺ കെ. എം. മാത്യുവിന്റെ ശവസംസ്ക്കാര ദിനത്തിൽ സഭ വക വിദ്യാലയങ്ങൾക്ക് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായും കാതോലിക്ക ബാവായുമായ പ. ദിദിമോസ് പ്രഥമൻ ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി വേണ്ടവിധം ആലോചിച്ച ശേഷം അവധി നൽകിയതിനെ മോശമായ ഭാഷയിൽ വിമർശിച്ചുകൊണ്ട് സഭയുടെ ‘മലങ്കരസഭ’യുടെ സെപ്റ്റംബർ ഒക്ടോബർ ലക്കങ്ങളിൽ വന്ന കുറിപ്പുകൾ ഗർഹണീയവും നന്ദികേടിന്റെ പ്രതീകവുമാണ് പറയാതിരിക്കാനാവില്ല. മലങ്കര സഭയ്ക്കുവേണ്ടി മനോരമയുടെ സ്ഥാപകനായ കണ്ടത്തിൽ വർഗീസ് മാപ്പിള, കെ. സി. മാമ്മൻ മാപ്പിള കെ. എം. ചെറിയാൻ, കെ. എം. മാത്യു എന്നിവർ ഒന്നേകാൽ നൂറ്റാണ്ടിനിടയിൽ പ്രത്യക്ഷമായും പരോക്ഷമായും ചെയ്തിട്ടുള്ള അതുല്യ സേവനങ്ങളെപ്രതി സഭാ ചരിത്രത്തെപ്പറ്റിയും സഭാ കേസുകളെപ്പറ്റിയും എന്തെങ്കിലും അറിയാവുന്ന ഒരു വ്യക്തിയും ഇങ്ങനെ എഴുതുകയില്ല. സുപ്രീം കോടതിപോലും അരക്കിട്ടുറപ്പിച്ച സഭാദ്ധ്യക്ഷന്റെ വിവേചനാധികാരത്തെ ചോദ്യം ചെയ്യാൻ ഒരു സഭാംഗത്തിനും അവകാശമില്ല. സുപ്രിം കോടതിയലെത്തിയ സഭാ കേസുകളുടെ നടത്തിപ്പിനും മറ്റും പ്രശസ്തരായ അഭിഭാഷകരെ കണ്ടു പിടിക്കുന്നതിന് അണിയറയിലും രംഗത്തും സ്വന്തം പണം ചെലവാക്കി കെ. എം. മാത്യു, സഹോദരൻ കെ. എം. മാമ്മൻ മാപ്പിള (MRF), പി. സി. ഏബ്രഹാം മുതലായവർ ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളെ പറ്റി ഒരു വിവരവുമില്ലാത്തവരുടെ നിലവാരമറ്റ കുറിപ്പുകൾ മാസികയിൽ ചേർത്തതിൽ ലജ്ജിക്കുകയല്ലാതെ മറ്റെന്തു ചെയ്യും.

പൊതുജനസേവനം മുഖമുദ്രയായി സ്വീകരിച്ചിട്ടുള്ള ഒരു പത്രത്തിന് എല്ലാവിഭാഗങ്ങളുടെയും വാർത്തകൾ നൽകുക എന്നത് കേവലം പത്ര ധർമ്മം മാത്രമാണ്, അതിൽ അടവുനയമൊന്നും ഗുപ്തമായിട്ടില്ല. പ്രമുഖ വ്യക്തികൾ മരിക്കുമ്പോൾ ബന്ധപ്പെട്ട പത്രങ്ങൾ അവധി നൽകാറില്ല. മാമ്മൻ മാപ്പിള മരിച്ചപ്പോഴും മനോരമക്ക് അവധി നൽകിയിരുന്നില്ല. മനോരമയ്ക്ക് സഭാ സ്നേഹം ഇല്ലന്നും മറ്റും എഴുതുന്നത് കെ. സി. മാമ്മൻ മാപ്പിള മുൻകൈയെടുത്ത് പണം പിരിച്ചു വാങ്ങിയ ദേവലോക ത്തിരുന്നുകൊണ്ടാണെന്നും ആരും വിസ്മരിക്കരുത്. കെ. എം. മാത്യു വിനെപ്പോലെ സമുന്നതനായ ഒരു സഭാ നേതാവ് ഇന്നില്ലാത്തതിനാൽ മറ്റാരെങ്കിലും മരിച്ചാൽ അവധി പ്രഖ്യാപിക്കേണ്ട ആവശ്യവും ഉദിക്കുന്നില്ല.

**കെ. സി. തമ്പി,**
**തിരുവല്ല**

■

ഈ പംക്തിയിൽ വരുന്ന കത്തുകൾ വായനക്കാരുടെ വ്യക്തിപരമായ അഭിപ്രായമാണ്. അത് സഭയുടെ ഔദ്യോഗിക നിലപാടുകളല്ല. കഴിഞ്ഞ ചില ലക്കങ്ങളിലെ കത്തുകൾ മൂലം വായനക്കാരിൽ ചിലർക്ക് പ്രയാസം ഉണ്ടായതായി അറിയിച്ചിരുന്നു. ആയതിൽ ഖേദം അറിയിക്കുന്നു – *പത്രാധിപർ*


## 12th Blessed Memorial

On 12th Nov. 2010 at St. Antony's Orthodox Church, Thannithodu



**Rev. Fr. P. A. Samuel**
Malayattur
Panikkatharyl
Thumpamon Diocese

*Inserted by:-*

**Achenckunju, Elsamma, Febin & Novin**
**Malayattur Santhomes**
**Thekkady-685509**
**Ph:- 04869-222003**


സ്നേഹ സ്മരണ

**1-ാം ചരമ വാർഷികം**

**09 - 11 - 2010**

# Very. Rev. M. T. Joseph Cor-Episcopa

**THEKKEL MARY BHAVAN**
**MAKKAMKUNNU**
**PATHANAMTHITTA**



"ആചാര്യേശാ! മശിഹാ! കൂദാശകളർപ്പിച്ചോരീ-
യാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

**9 - 11 - 2010 - ന് മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ്**
**കത്തീഡ്രലിൽ വി. കുർബ്ബാന നടത്തപ്പെടുന്നതാണ്.**

ദൃഷ്ടി

അജി വർഗീസ്, ബത്തേരി

# പദയാത്രകളും... ശേഷിക്കുന്ന ഭക്ഷണപദാർത്ഥങ്ങളും

## ഒരു പെരുനാൾപിറ്റേന്നിന്റെ കാഴ്ചകൾ




ഉത്സവപിറ്റേന്ന്.... പരിചിതമാണ് ആ വാക്ക്. ഞങ്ങൾ.... ഈ മലങ്കര നസ്രാണികളും മലയാള നിഘണ്ടുവിലേക്ക് ഒരു വാക്ക് സൗജന്യ സംഭാവനയായി സാഷ്ടാംഗം സമർപ്പിക്കുന്നു. 'പെരുന്നാൾ പിറ്റേന്ന്'.

അകാലത്തിൽ മൃതിയടഞ്ഞ കുപ്പിവളകളും, അസ്ഥാനത്ത് വീർത്തതുകൊണ്ട് പൊട്ടിപ്പോയ ബലൂണുകളും, ഇണപിരിഞ്ഞുപോയ പാദരക്ഷകളും, കാര്യമായ ശേഷിപ്പുകളില്ലാത്ത ഇലകൾ കൊത്തിവലിച്ച് സങ്കടപ്പെടുന്ന കാക്കകളും... ഒരു പെരുനാൾ പിറ്റേന്നിന്റെ ഗൃഹാതുരത്വ കാഴ്ച.

നവംബർ മൂന്ന്... മലങ്കരസഭയുടെ ഏറ്റവും വലിയ പെരുനാൾ പിറ്റേന്ന്. തിരക്കൊഴിഞ്ഞ പരുമലയിലേക്ക് ഒരു തെക്കൻ കേരള യാത്ര നൽകുന്ന വിസ്മയകാഴ്ചകൾ. ഡിസ്പോസിബിൾ ഗ്ലാസുകളും, വർണശബളിമയാർന്ന ശീതളപാനീയ മേൽകുപ്പായങ്ങളും കൂട്ടംകൂടിക്കിടന്ന് കുശലം പറയുന്നു. പ്രായപൂർത്തിയാകുന്നതിനുമുമ്പ് അടർത്തിമാറ്റിയതിന്റെ പ്രതിഷേധം വഴിതടയലിന്റെ രൂപത്തിലവതരിപ്പിക്കുന്ന ഇളനീർതൊണ്ടുകൾ. പരിക്കേൽക്കാത്തവർ പാറിപറന്ന് സന്തോഷം പ്രകടിപ്പിക്കുമ്പോൾ ചിലർ തകർന്നുകിടക്കുന്നു. സൗഖ്യം കിട്ടിയ പക്ഷവാതരോഗിയോട് 'നിന്റെ കിടക്ക എടുത്ത് വീട്ടിലേക്ക്' നടക്ക എന്നു പറഞ്ഞ തമ്പുരാന്റെ ബുദ്ധി? കിടക്ക വലിച്ചെറിഞ്ഞ് (തളർവാതം=കുഴമ്പ്, എണ്ണ, തുണി=ദുർഗന്ധം) അവൻ ഓടിയിരുന്നെങ്കിൽ നാട്ടുകാർക്ക് മൂക്കുപൊത്തേണ്ടി വന്നേനെ! പരിസ്ഥിതി കമ്മീഷൻ ഈ പരിതസ്ഥിതി മാറ്റുമെന്നു പ്രത്യാശിക്കുന്നു.

അപ്പവർദ്ധനവിന്റെ അടയാളം–അയ്യായിരത്തോളം പുരുഷന്മാർ.... പുല്ലുള്ള മൈതാനത്തു പന്തിയായി ഇരുന്നവർക്കായി പന്ത്രണ്ടു ശിഷ്യന്മാർ അപ്പവും മീനും ആവോളം വിളമ്പികൊടുത്തു. വിളമ്പി ക്ഷീണിതരായ പന്തിരുവരോട് ഭക്ഷണം കഴിക്കാൻ ആവശ്യപ്പെടാതെ ശേഷിച്ച കഷണങ്ങൾ ഒന്നും നഷ്ടപ്പെടാതെ ശേഖരിക്കാൻ പറഞ്ഞ ക്രിസ്തു പിറ്റേദിവസം ആ വഴി നടന്നുപോകുന്നവരെക്കൂടി ഓർത്തിരുന്നു. ബാക്കിയായ അപ്പക്കഷണങ്ങളും മീനുകളും സംയുക്തമായി ഉയർത്താൻ സാധ്യതയുള്ള ദുർഗന്ധത്തിന്റെ പ്രതിഷേധം മുൻകൂട്ടകണ്ട യേശു പരിസ്ഥിതിയുടെ തമ്പുരാനുമായി. വിശുദ്ധന്റെ കബറിടത്തിലേക്കുള്ള പദയാത്രകൾ പരിസരങ്ങളിൽ അശുദ്ധി നിറച്ചാൽ...?

ഫ്ളാഷ് ന്യൂസ് അഥവാ നവംബർ മൂന്നിന്റെ ചിന്താവിഷയം

'ആ ചാക്കോയുടെ ഗെയ്റ്റിന്റെ മുമ്പിലും, പരിസരങ്ങളിലുമായി ചിന്നിചിതറി അഭിമാനപുരസരം വിലസുന്ന കളർഫുൾ ശീതളപാനീയ കവറുകൾ എന്നെ അസ്വസ്ഥനാക്കുന്നു. ഈ അതിമനോഹര വർണ്ണ കാഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഗെയ്റ്റിനു മുമ്പിലെ വെള്ളക്കവറുകളും, കുപ്പികളും ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമപോലെ, കോമൺ വെൽത്ത് ഗെയിംസിലെ ഹോക്കി ഫൈനലിനുശേഷം ആസ്ട്രേലിയൻ ടീമിന്റെ മുമ്പിലെ ഇന്ത്യൻ ടീമുപോലെ... അടുത്ത വർഷം ഞാനീ ചാക്കോയെ നിരുപാധികം തോൽപ്പിക്കുമെന്നു പരുമല തിരുമേനിയാണേ സത്യം ചെയ്യുന്നു.' ■

# കാതോലിക്കാ എന്നുചൊല്ലി

12-ാം പേജിൽ നിന്നു തുടർച്ച...

എഴുതിയുണ്ടാക്കിയ സ്ഥാത്തിക്കോനും, പതിനെട്ടാം നൂറ്റാണ്ടിൽ *കാതോലിക്കാ* എന്ന സ്ഥാനത്തോട് നസ്രാണിക്കുണ്ടായിരുന്ന പ്രതിപത്തി അഗാധമായിരുന്നു എന്നു വ്യക്തമാക്കുന്നു.

എന്നാൽ 1842-ൽ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും മേല്പട്ട സ്ഥാനം സ്വീകരിച്ചതോടെ ഈ സ്ഥിതിക്കു മാറ്റം വന്നു. മലങ്കര സിംഹാസനം കൈവശപ്പെടുത്താൻ യാതൊരു അവകാശവാദവും ഇല്ലാതിരുന്ന അദ്ദേഹം തന്നെ മേല്പട്ടക്കാരനാക്കിയത് അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നും, മലങ്കരയിൽ മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം പാത്രിയർക്കീസിനാണെന്നും വാദിച്ചു. അന്നത്തെ ചില പ്രത്യേക സാഹചര്യങ്ങൾമൂലം അദ്ദേഹത്തിനു മലങ്കര മെത്രാൻസ്ഥാനം അംഗീകരിച്ചു കിട്ടിയതോടെ മെത്രാൻസ്ഥാനം നൽകാനുള്ള അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൽ ഒതുങ്ങി. അതിനാൽ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനും അദ്ദേഹത്തിന്റെ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട പിൻഗാമി പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസ് ആറാമനും അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും മേല്പട്ടം സ്വീകരിക്കേണ്ടിവന്നു.

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ മേല്പട്ട സ്ഥാന സ്വീകരണംമൂലം സംഭവിച്ച മറ്റൊരു പ്രധാന സംഗതി മലങ്കരയിൽ അന്ത്യോഖ്യൻ സഭാ വിജ്ഞാനീയത്തിന്റെ സ്വാധിനം വളർന്നതാണ്. അതനുസരിച്ച് മേല്പട്ടക്കാരെ വാഴിക്കുവാനുള്ള അധികാരം സഭാ തലവൻ – അന്ത്യോഖ്യാ പാത്രിയർക്കീസ് – അദ്ധ്യക്ഷനായ സുന്നഹദോസിനു മാത്രമായി ചുരുങ്ങി. അന്ത്യോഖ്യൻ സഭാ വിജ്ഞാനീയത്തിൽ ഈ അധികാരം ലഭ്യമായ അപര വ്യക്തി കാതോലിക്കായ്ക്കു സമാനമായി ആ സഭയിൽ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായി സൃഷ്ടിക്കപ്പെട്ട തിഗ്രീസിലെ *മഫ്രിയാനാ* മാത്രമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഈ സിംഹാസനം ഒഴിഞ്ഞു കിടക്കുകയുമായിരുന്നു.

ഈ സാഹചര്യത്തിൽ മേല്പട്ടക്കാരെ വാഴിക്കുവാനുള്ള അധികാരം മലങ്കരയിൽ പുനഃസ്ഥാപിക്കുവാനുള്ള ശ്രമം അന്ത്യോഖ്യൻ സഭാ വിജ്ഞാനീയത്തിന്റെ പരിധിക്കുള്ളിൽ നിന്നുമാത്രമേ സാദ്ധ്യമാവുകയുള്ളായിരുന്നു. അതിനുള്ള ഏക മാർഗ്ഗം മഫ്രിയാനായുടെ സ്ഥാനവുമായിരുന്നു. അതിനാലാണ് 1901-ൽ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് പഞ്ചമന്റെ പൗരോഹിത്യ കനക ജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിനു മഫ്രിയാനാസ്ഥാനം നൽകുവാനുള്ള ശ്രമം കോനാട്ട് മാത്തൻ മല്പാൻ തുടങ്ങിയവർ നടത്തിയത്. പക്ഷേ അത് ഫലപ്രദമായില്ല.

1911-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായെ നിയമരഹിതമായി മുടക്കിയതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് 1912-ൽ മലങ്കരയിൽ ഒരു കാതോലിക്കേറ്റ് രൂപീകരിക്കുന്നതിന് ത്വരകമായത്. പക്ഷേ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമന്റെ കാലത്തരംഭിച്ച ഒരു ദീർഘകാല പദ്ധതിയുടെ പൂർത്തീകരണമായിരുന്നു കാതോലിക്കേറ്റ് സ്ഥാപനം എന്ന വസ്തുത ഇന്ന് ഏറക്കുറെ വിസ്മരിക്കപ്പെട്ടിരിയ്ക്കുകയാണ്.

ഇതൊരു നവീന സൃഷ്ടിയാണെന്ന് ചിലർ വാദിക്കുന്നു. ഒരർത്ഥത്തിൽ അതു ശരിയാണ്. കാരണം, എല്ലാ പുരാതന സഭകളും ചരിത്രത്തിൽ എന്നെങ്കിലും കാതോലിക്കേറ്റ് അഥവാ പാത്രിയർക്കേറ്റ് സ്വന്തമായി രൂപീകരിച്ചിട്ടുണ്ട്. ഇത് തിഗ്രീസിലെ മഫ്രിയാനേറ്റ് ആണെന്നു മറ്റു ചിലർ പറയുന്നു. അതും ശരിയാണ്. കാരണം, അന്ത്യോഖ്യൻ സഭാ വിജ്ഞാനീയത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹകരണത്തോടെയാണ് മലങ്കരയിൽ ആദ്യ കാതോലിക്കായെ വാഴിച്ചത്. അഞ്ചാം നൂറ്റാണ്ടിൽ നെസ്തോറിയൻ പാഷാണ്ഡതയിൽ ഉൾപ്പെട്ടുപോയ പേർഷ്യൻ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനമാണ് 1912-ൽ നടന്നതെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു. അതും ശരിയാണ്. കാരണം, 1599 വരെ മലങ്കര സഭ ആ കാതോലിക്കായുടെ ആത്മീയ അധികാരത്തിൻകീഴിലായിരുന്നു. 1686-ൽ മലങ്കര നസ്രാണികൾ സത്യവിശ്വാസം പുനഃപ്രഖ്യാപിച്ചതോടെ ആ സിംഹാസനവും പുനഃസ്ഥാപിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലായിരുന്നു.

1912-ലെ കാതോലിക്കാ വാഴ്ചയുടെ പ്രാധാന്യം പ്രധാനമായും നാലാണ്. അവ,

1. മറ്റെല്ലാ ഓർത്തഡോക്സ് സഭകളെയുംപോലെ മലങ്കര സഭയ്ക്കും സ്വയം ശീർഷകത്വം കൈവന്നു.
2. 1842-ൽ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിനു അടിയറവെച്ച മലങ്കരയിൽ മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം തിരിച്ചെടുത്തു.
3. 1599 വരെ നിലനിന്ന മലങ്കര സഭയുടെ വേദതലവന്റെ സ്ഥാനനാമം തിരികയെത്തി.
4. 1934-ലെ ഭരണഘടനകൂടി പ്രാബല്യത്തിലായതോടെ അർക്കദ്യക്കോനിൽ ആരംഭിച്ച് മാർത്തോമ്മാ എപ്പിസ്ക്കോപ്പാ, മലങ്കര മെത്രാപ്പോലീത്താ എന്നീ പടവുകൾ താണ്ടിയ ഇന്ത്യൻ ഹൈരാർക്കി കാതോലിക്കാ-മലങ്കര മെത്രാനിൽ പൂർണ്ണതയിലെത്തി.

1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ അന്ത്യോഖ്യൻ സഭാ വിജ്ഞാനീയമനുസരിച്ചുള്ള *ബസേലിയോസ്* എന്ന സ്ഥാനനാമമാണ് കാതോലിയ്ക്ക് നൽകിയത്. ഒന്നാമത്തെ കാതതോലിക്കാ മുതൽതന്നെ *പൗരസ്ത്യ ശ്ലൈഹീക സിംഹാസനം* എന്ന് ഉപയോഗിച്ചുവന്നു. 1975-ൽ കിഴക്കിന്റെ മഹാനായ കാതോലിക്കാ, മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, മലങ്കര മെത്രാന്റെ പൂർവിക സ്ഥാനനാമമായ *മാർത്തോമ്മാ* കൂടി ബസേലിയോസിനൊപ്പം കൂട്ടിച്ചേർത്തു. ഇന്നും ഈ പതിവുകൾ തുടരുകയാണ്.

*കാതോലിക്കാ* എന്ന പദവിയുടെ പൂർണ്ണതയും, *മലങ്കരമെത്രാന്റെ* ആഢ്യത്വവും അധികാരവും പലരെയും മോഹിപ്പിച്ചിട്ടുണ്ട്. അതിനാൽ പലരും അത് അനുകരിക്കാനും അവകാശപ്പെടാനും ശ്രമിക്കുന്നുമുണ്ട്. എന്നാൽ മൂന്നു മാല ഇട്ടതുകൊണ്ടോ, മത്തങ്ങാമുടിയുടെ മുകളിൽ കുരിശു പിടിപ്പിച്ചതുകൊണ്ടോ, മലങ്കര മെത്രാന്റെ അൽമത്തി ധരിച്ചതുകൊണ്ടോ ആരും ഇവ ആകുന്നില്ല. അതിനു ദേശീയത, സ്വയംശീർഷകത്വം, ചരിത്രപരമായ പിന്തുടർച്ച തുടങ്ങിയ ചില അടിസ്ഥാന ഗുണങ്ങൾകൂടിവേണം. ഏറ്റവും പ്രധാനമായി നസ്രാണിത്വവും. ■

ഫാ. ഡോ. റെജി മാത്യു

# തിരുവചനസുധ



## നവംബർ 14
## സ്കറിയായോടുള്ള അറിയിപ്പ്
(ലൂക്കോസ് 1:5 – 25)

അടുത്ത നാലു ഞായറാഴ്ചകളിൽ വായിക്കപ്പെടുന്നത് വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ നിന്നുമാണ്. പുതിയ നിയമത്തിൽ ഇരുപത്തിയേഴ് ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും യേശുക്രിസ്തുവിന്റെ ജനനത്തെയും ബാല്യകാലത്തെയും സംബന്ധിച്ചുള്ള വിവരണങ്ങൾ വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷത്തിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പതിമൂന്ന് ലേഖനങ്ങളെഴുതിയ പൗലോസ് പോലും ബേതലഹേമിനെപ്പറ്റിയും, വിദ്വാന്മാരെപ്പറ്റിയും, ആട്ടിടയന്മാരെപ്പറ്റിയും ഒക്കെ മൗനം പാലിക്കുകയാണ്. എന്നാൽ ഒന്നാമത്തെയും മൂന്നാമത്തെയും സുവിശേഷകർ രണ്ട് അദ്ധ്യായങ്ങൾ തന്നെ ക്രിസ്തുമസ് കഥകൾക്കായി നീക്കിവച്ചിരിക്കുന്നു.

**അപ്രതീക്ഷിതം**

"ഞങ്ങൾക്കും വേണം ഒരു കുഞ്ഞ്" എന്നത് സഖറിയാ–എലിസബേത്ത് ദമ്പതികളുടെ പ്രാർത്ഥനയും, ആഗ്രഹവും, ജീവിതാഭിലാഷവും, എല്ലാമായിരുന്നു. തങ്ങളുടെ ഈ സ്വപ്നം പൂർത്തീകരിക്കുവാൻ യഹോവ മടികാട്ടുന്നതിൽ ഇരുവരും നിരാശപ്പെടുന്നില്ല. വാർദ്ധ്യക്യകാലത്തും അവർ തങ്ങളുടെ പ്രാർത്ഥന തുടർന്നുകൊണ്ടേയിരുന്നു. ഇന്നത്തെ തലമുറയിൽ കുഞ്ഞുങ്ങൾ ഒരു ഭാരമായി കരുതുന്നവരുടെ എണ്ണം കൂടിവരികയാണ്. അഭ്യസ്തവിദ്യരായ യുവതികൾക്ക് ശിശുക്കൾ തങ്ങളുടെ "കരിയർ" കെട്ടിപ്പടുക്കുന്നതിൽ ഒരു തടസ്സമായിത്തീർന്നിരിക്കുന്നു, സൗന്ദര്യബോധം ഏറിയ വനിതകൾക്കാകട്ടെ പ്രസവം അനിഷ്ടമായിത്തീർന്നിരിക്കുന്നു. എന്നും "യുവമിഥുന"ങ്ങളായി ജീവിക്കാനാഗ്രഹിക്കുന്ന ദമ്പതികൾക്കു കുടുംബം എന്നുപറയുന്നത് ഭാര്യഭർത്താക്കന്മാർ മാത്രമുള്ള ഒന്നായിമാറിയിരിക്കുന്നു. "ശിശു" ഒരു ഭാരമായി കരുതുന്നവർ 'അപ്രതീക്ഷിത'മായി ഗർഭം ധരിക്കുവാൻ ആഗ്രഹിക്കുന്നില്ല. തങ്ങൾ ആഗ്രഹിക്കുന്ന തീയതിയിൽ, തങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ലായെന്നുറപ്പായ സമയത്ത് ഗർഭം ധരിയ്ക്കുവാൻ ശാസ്ത്രം സഹായകമായിത്തീർന്നതിൽ ആഹ്ളാദിക്കുന്നവരാണ് യുവാക്കളിൽ ഏറിയപങ്കും.

എലിസബേത്തിന്റെ ഗർഭധാരണം ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ. തങ്ങളുടെ ഇരുവരുടെയും സ്വന്തമാവശ്യങ്ങൾ തന്നെ നിറവേറ്റുവാനുള്ള ആരോഗ്യം പോലും നഷ്ടപ്പെട്ട പ്രായത്തിലാണല്ലോ ദൈവം അവരുടെ പ്രാർത്ഥനയുടെ മറുപടി നൽകുന്നത്. ആധുനിക മനുഷ്യരെ സംബന്ധിച്ചിടത്തോളം ഇതുവളരെ ബുദ്ധിമുട്ടുളവാക്കുന്ന ഒന്നാണ്. ദൈവമാണെങ്കിൽ പോലും സമയക്ലിപ്തത പാലിക്കാതെയിരുന്നാൽ ജീവിതത്തിൽ വന്നുചേരുന്ന ബുദ്ധിമുട്ടുകൾ സഹിക്കുവാനുള്ള ക്ഷമയും, സഹനശക്തിയും ഇന്നത്തെ തലമുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഒരു മകനു വേണ്ടിയുള്ള സഖറിയാ–എലിസബേത്ത് ദമ്പതികളുടെ പ്രാർത്ഥന "എഴുതിത്തള്ളിയ" ഒരു നിവേദനത്തിന്റെ സ്വഭാവമാണ് വായനക്കാ

രിലുളവാക്കുന്നതെങ്കിലും അവർക്കങ്ങനെയായിരുന്നില്ല. തങ്ങളുടെ ജീവിതത്തിൽ അപ്രതീക്ഷിത സമയത്തുള്ള ദൈവത്തിന്റെ ഇടപെടൽ അവരെ ആശ്ചര്യസ്തബ്ധരാക്കുന്നു എന്നത് ശരിയാണ്. എന്നാൽ അതിലൊരു വെറുപ്പോ, ബുദ്ധിമുട്ടോ ഇരുവരും പ്രകടിപ്പിക്കുന്നില്ല എന്നതാണ് ശ്രേഷ്ഠമായിട്ടുള്ളത്.

ഇവിടെയിതാ കുട്ടിയുടെ ഭാവിനിയോഗമെല്ലാം ഒരു "ജാതകക്കുറിപ്പ്" പോലെ ദൈവം മുന്നറിയിച്ചിരിക്കുന്നു. ഇതു മാതാപിതാക്കൾക്ക് ആഹ്ലാദം നൽകേണ്ടതാണെങ്കിലും ഇവിടെ മാലാഖ പറയുന്നകാര്യങ്ങൾ അവരെ വിഷമിക്കുമെന്നതിൽ സംശയമില്ല. വീരനായ നിമ്രോദിനെപ്പോലെയും (ഉൽപ്പത്തി 10:9) പ്രവാചകനായ ഏലിയാവിനെപ്പോലെയും (ബാറാസീറാ 48:12) യോഹന്നാൻ ''വലിയവനാ"യിത്തീരും എന്നതാണ് ദൈവം അറിയിക്കുന്നത്. ഈ വലിയ പ്രവാചകന്റെ ദൗത്യങ്ങൾ മൂന്നാണ്. ഒന്നാമത്തേത്, അവൻ "യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും" (ലൂക്കോ 1:16). യോഹന്നാന്റെ പ്രസംഗത്തിലും ഈ തിരിച്ചുവരവാണ് പ്രധാന ചിന്താവിഷയം. ഈ ആശയത്തിന് പിറകിലുള്ള എബ്രായ പദമായ ഷൂബ് (shoob) ന് 'തിരിച്ചുവരിക, 'മാനസാന്തരപ്പെടുക' യെന്ന അർത്ഥമെല്ലാം കൊടുക്കാറുണ്ട്. ദൈവത്തിൽ നിന്ന് അകന്നു പോയ ജനത്തെ തിരികെകൊണ്ടുവരിക എന്ന മഹത് ദൗത്യമാണ് യോഹന്നാന് നൽകപ്പെട്ടിരിക്കുന്നത്. രണ്ടാമത്, അവൻ ദൈവജനത്തെ അച്ചടക്കമുള്ള ഒരു സമൂഹമായി മാറ്റിയെടുക്കുന്ന പ്രക്രിയ (ലൂക്കോ. 1:16) യ്ക്ക് നേതൃത്വം നൽകും. മൂന്നാമത്, താൻ സജ്ജമാക്കിയ ദൈവജനത്തിനു മുൻപായി നടക്കുവാനുള്ള ദൗത്യമാണ് യോഹന്നാന് ലഭിയ്ക്കുന്നത്. "ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടി" ദൈവജനത്തെ നയിക്കുന്ന യോഹന്നാൻ (ലൂക്കോ 1:17) മലാഖിയുടെ പ്രവചനം നിവൃത്തിയാക്കുകയാണ് ചെയ്യുന്നത്. "എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു". (മലാഖി 3:1). "അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളംപോലെയും ആയിരിക്കും" (മലാഖി 3:2) എന്നുപറയുന്നിടത്ത് യോഹന്നാന്റെ പ്രകൃതം വ്യക്തമാക്കപ്പെടുന്നുണ്ട്.

## നവംബർ 21
# ദൈവമാതാവിനോടുള്ള അറിയിപ്പ്
**(ലൂക്കോസ് 1:26 – 38)**

ലോകരക്ഷകനായ യേശുവിന്റെ മാതാവായിത്തീരുവാൻ ദൈവം തിരഞ്ഞെടുത്ത ബാലികയായിരുന്നു മറിയാം. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാവേളകളിലും, ആദമസഭയുടെ തുടക്കകാലത്തെപ്പറ്റി പറയുമ്പോഴും പലതവണ പരാമർശിക്കപ്പെടുന്ന പേരാണ് മറിയാമിന്റേത്. എന്നാൽ അവളുടെ വ്യക്തിപരമായ വിവരണങ്ങൾ വളരെക്കുറച്ചേ നമുക്ക് ലഭിക്കുന്നുള്ളൂ. മറിയാം ഒരു ബാലികയും നസ്രത്തുകാരൻ യൗസേഫിന് വിവാഹം നിശ്ചയിച്ചുറപ്പിക്കപ്പെട്ടിരുന്ന ആളുമാണ്. യേശുവിനെ ഗർഭം ധരിയ്ക്കുമ്പോൾ അവൾ ഒരു കന്യകയാണെന്നുള്ള വസ്തുത സുവിശേഷകൻ പലതവണ എടുത്തുപറയുന്നുമുണ്ട്. അവളുടെ ഭർത്താവായ യൗസേഫ് ദാവീദിന്റെ കുടുംബത്തിൽ പിറന്നവനാണെന്നുള്ളത് വി. മത്തായിയും (മത്തായി 1:20) വി. ലൂക്കോസും (ലൂക്കോ. 1:27) ചൂണ്ടിക്കാണിക്കുന്നു. യറുശലേമിലെ പുരോഹിതനായ സഖറിയായുടെ പത്നി എലിസബേത്ത് മറിയാമിന്റെ ചാർച്ചക്കാരിയാണ്. പുതിയനിയമത്തിൽ ഇതിലുപരിയായ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. "യാക്കോബിന്റെ ആദ്യസുവിശേഷം" എന്നറിയപ്പെടുന്ന അപ്പോക്രിഫൽ സുവിശേഷത്തിൽ മറിയാമിനെപ്പറ്റി പറയുന്ന കാര്യങ്ങൾ ആകർഷണീയമാണ്. അവിടെ പറയുന്നതനുസരിച്ച് മറിയാം മൂന്നു വയസ്സുമുതൽ ഒമ്പതു വയസ്സുവരെ ദേവാലയത്തിൽ പൂർണ്ണ വിശുദ്ധിയിൽ വളർന്നവളാണ്. 12–ാംമത്തെ വയസ്സിൽ അവൾ ജോസഫിന്റെ സംരക്ഷണത്തിലായിത്തീരുന്നു. മറ്റു കന്യകമാരോടൊപ്പം അവളും ദേവാലയത്തിന്റെ തിരശ്ശീലാ നിർമ്മാണത്തിൽ പങ്കാളിയാവുന്നു. മറിയത്തിന്റെ ശയനമുറി തന്നെ ഒരു "ദേവാലയ"ത്തിന്റെ വിശുദ്ധിയുള്ളതായിരുന്നു.

**മറിയാമിനുണ്ടാകുന്ന മനം മാറ്റങ്ങളുടെ മൂന്നു നിമിഷങ്ങൾ**

a) തുടക്കത്തിൽ നാം കാണുന്നത് *സംഭ്രമചിത്തയായ മറിയാമി*നെയാണ്. സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ കൂടുതൽ വിലക്കുകളുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ സമീപം വന്നുചേർന്ന മാലാഖയെ കണ്ടു മറിയാം സംഭ്രമിക്കുകയാണ്. സഖറിയായുടെ അടുത്തുവന്ന മാലാഖയിൽനിന്നും ഈ മാലാഖയ്ക്ക് ചില വ്യത്യാസങ്ങൾ ഉണ്ട്. 'ഗബ്രിയേൽ' എന്നതാണ് ഈ മാലാഖയുടെ പേര്. ദാനിയേൽ പ്രവചനമനുസരിച്ച് 'ഗബ്രിയേൽ' രക്ഷയുടെ കാലവും സമയവും അറിയിക്കുന്ന ദൈവദൂതനാണ് (ദാനിയേൽ 8:16). യഹൂദന്മാരുടെ വിശ്വാസത്തിൽ ഉയർന്ന പദവിയുള്ള ഏഴുമാലാഖമാർ മാത്രമാണ് ദൈവത്തോട് ഏറ്റവുമടുത്ത് സഹവസിച്ചിരുന്നത്. ഗബ്രിയേൽ അതിലൊരുവനും "ദൈവപുരുഷൻ" (ഗബർ+ഏൽ) എന്നത് അവന്റെ മറുപേരുമാണ്. സഖറിയാ പുരോഹിതനെപ്പോലെ മറിയാമും ദൈവദൂതനോട് സംശയങ്ങളുണർത്തുന്നുവെങ്കിലും മാലാഖ മറിയാമിനു നൽകുന്ന അടയാളം അല്പം സൗമ്യമായിട്ടാണ്; അതിന് സഖറിയായ്ക്ക് നൽകിയതുപോലെ ഒരു ശിക്ഷയുടെ സ്വഭാവം ഇല്ല എന്നുള്ളത് എടുത്തു പറയേണ്ടിയിരിക്കുന്നു.

മറിയാം സഖറിയായെപ്പോലെ "ഭയപ്പെടുക"യല്ല ചെയ്യുന്നത്, മറിച്ച് മാലാഖയുടെ വന്ദനസ്വരത്തിന്റെ അപരിചിതത്വവും ആശ്ചര്യവും വെളിവാക്കുകയാണ് ചെയ്യുന്നത്. കാരണം, മാലാഖ അവളെ "കൃപനിറഞ്ഞവളെ" (സുറിയാനി, ലത്തീൻ പരിഭാഷയിൽ; മലയാളം – ''കൃപ ലഭിച്ചവളെ'') എന്നാണ് സംബോധന ചെയ്യുന്നത്, അതിലുപരിയായി, "കർത്താവ് അവളോടുകൂടെ' എന്ന് മാലാഖ ഉറപ്പിച്ചു പറയുന്നു. ഇവരണ്ടും– ദൈവകൃപകൊണ്ട് നിറയുന്നയനുഭവവും, ദൈവം കൂടെ വസിക്കുന്നു എന്ന തിരിച്ചറിവും മറിയാമിനെ ആശ്ചര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. അവർ തന്നെപ്പറ്റി കരുതിയിരുന്നത് താനൊരു എളിയ "ദൈവദാസി" യാണെന്നുള്ളതായിരുന്നു. മറിയാമിനെ സാന്ത്വനിപ്പിക്കുന്ന ഗബ്രിയേൽ തന്റെ സന്ദേശം പൂർണ്ണരൂപത്തിൽ നൽകുന്നു. ദൈവകൃപ ലഭിച്ച മറിയാമിനുണ്ടാകുവാൻ പോകുന്ന മാറ്റം വ്യക്തമാക്കുന്നതോടൊപ്പം അവൾ പ്രസവിക്കുവാൻ പോകുന്ന ശിശുവിന്റെ പേരും ദൗത്യവും ദൂതൻ വിശദമായി പറയുകയാണ്. യൗസേഫിന് ലഭിച്ച ദർശനത്തിൽ "യേശു" എന്നപേരിന് മാലാഖ നൽകുന്ന അർത്ഥം "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നവൻ" എന്നാണ് (മത്തായി 1:20)

മറിയാമിന്റെ ദർശനത്തിൽ യേശുവിന്റെ മറ്റൊരു പദവികൂടി രേഖപ്പെടുത്തുന്നുണ്ട്; അവൻ "അത്യുന്നതന്റെ പുത്രൻ" എന്നും "ദൈവപുത്രൻ" എന്നും വിളിയ്ക്കപ്പെടും.

b) മാലാഖയുമായി കണ്ടുമുട്ടുന്ന മറിയാമിന്റെ ഉള്ളിൽ പുതിയൊരു മനം മാറ്റമുണ്ടാകുന്നത് സ്ത്രീപുരുഷ ബന്ധമില്ലാതെ തനിയ്ക്ക് എങ്ങനെ ഒരു കുഞ്ഞിന് ഗർഭം ധരിക്കുവാൻ കഴിയും എന്ന സംശയം ഉണർത്തുമ്പോഴാണ്. മറിയാമിന്റെ അവിശ്വാസമോ, തർക്കുത്തരമോ ആയിട്ടല്ല ഈ സംശയത്തെ മനസ്സിലാക്കേണ്ടത്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ദൈവവിളി ലഭിയ്ക്കുന്ന ഗിദയോൻ ഉയർത്തുന്ന ചോദ്യങ്ങളോട് (ന്യായാ. 6:11–24) മറിയാമിന്റെ വാക്കുകൾക്ക് സാമ്യമുണ്ടെങ്കിലും രണ്ടുപേരുടെയും മനസ്സ് ഒരേ ദിശയിലല്ല പ്രവർത്തിക്കുന്നത്.

മാലാഖയുടെ മറുപടി വളരെ ആശ്വാസപ്രദമാണ്. പരിശുദ്ധാത്മാവ് അവളെ മൂടുകയും, ദൈവശക്തി അവൾക്ക് ഒരാവരണമായി ലഭിയ്ക്കുകയും ചെയ്യും. തന്റെ ചാർച്ചക്കാരിയായ എലിസബേത്തിന് ലഭിച്ച ദൈവികാനുഗ്രഹത്തെപ്പറ്റിയുള്ള അറിവും, "ദൈവത്താൽ ഒന്നും അസാദ്ധ്യമല്ല" എന്ന ദൈവവചനവും മറിയാമിന് വീണ്ടും കരുത്തു നൽകുന്നു.

c) മറിയാമിന്റെ മനം മാറ്റത്തിന്റെ മൂന്നാം ഘട്ടത്തിൽ അവൾ വളരെ പക്വമതിയായി തീർന്നിരിക്കുന്നു. 'കണ്ടാലും ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിയ്ക്ക് ഭവിയ്ക്കട്ടെ" എന്നത് ദൈവത്തിന്റെ വാഗ്ദത്തത്തിൽ പരിപൂർണ്ണ വിശ്വാസവും, ദൈവപദ്ധതിയിൽ ഒരു പകരണമായിത്തീർന്നതിൽ തനിയ്ക്കുള്ള സമർപ്പണബോധവും, തനിക്ക് സംഭവിക്കുവാൻ പോകുന്നതെന്താണെങ്കിലും ദൈവകൃപ തന്നിൽ വർദ്ധിക്കുന്നുവെന്നും, ദൈവാത്മാവ് തന്നെ ആവരണം ചെയ്യുന്നു മുണ്ടെന്നുള്ള ഉറപ്പും പ്രത്യാശയും ഒക്കെ വ്യക്തമാക്കുന്നു. ആത്മീയ ജീവിതത്തിൽ വളരെ ഉന്നതമായ ഒരു തലത്തിൽ മറിയാം എത്തിച്ചേർന്നിരിക്കയാണ്.

സംഭ്രമത്തിൽ നിന്നും സംശയത്തിലേക്കും അവിടെനിന്ന് സമർപ്പണത്തിലേക്കും മിന്നിമറയുന്ന മറിയാമിന്റെ മനസ്സ് നമുക്ക് ഒരു മാതൃകയായിത്തീരേണ്ടതായിട്ടുണ്ട്. ദൈവസാമീപ്യത്തിൽ വിശുദ്ധിയോടെ വസിക്കുന്നവരെ ദൈവം തന്റെ രക്ഷാകര പദ്ധതിയുടെ ഉപകരണങ്ങളായി മാറ്റുമ്പോൾ വിശ്വാസവും സമർപ്പണവും പ്രത്യാശയുമൊക്കെ നമുക്കും കൈമുതലാവേണ്ടതായിട്ടുണ്ട്. എന്റെ ജീവിതത്തെ ദൈവം രൂപപ്പെടുത്തട്ടെ എന്നതാവണം നമ്മുടെ പ്രാർത്ഥന. നമ്മുടെയിഷ്ടമനുസരിച്ച് ദൈവം പ്രവർത്തിക്കുവാനല്ല, മറിച്ച് ദൈവയിഷ്ടമനുസരിച്ച് നാം പ്രവർത്തിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രതിബന്ധങ്ങളുടെയും, സംഘർഷങ്ങളുടെയും നടുവിൽ ദൈവകൃപ നമ്മെ ആവരണം ചെയ്യുന്നുവെന്നുള്ള ഉറപ്പാണ് പ്രാധാനം.

### നവംബർ 28
## ഏലിശുബായുടെ അടുക്കലേയ്ക്കുള്ള യാത്ര
**(ലൂക്കോസ് 1:39–56)**

വി. ലൂക്കോസിന്റെ സുവിശേഷത്തിലെ രണ്ട് ഗീതങ്ങളാണല്ലോ ഇന്നത്തെ ചിന്താവിഷയം. അതിലൊന്ന്, യോഹന്നാൻ സ്നാപകന്റെ മാതാവ് എലിസബേത്ത് പാടിയതും (ലൂക്കോസ് 1:42–45) മറ്റൊന്ന് യേശുവിന്റെ അമ്മ മറിയ ആലപിച്ചതുമാണ് (ലൂക്കോ 1:46–55). യഹൂദന്മാരുടെയിടയിൽ ഗീതങ്ങൾക്ക് ഒരു പ്രത്യേക സ്ഥാനമാണുണ്ടായിരുന്നത്. പഴയ നിയമത്തിൽ പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ കൂടി ദൈവത്തിന്റെ മഹത്വവും, തന്റെ ജനമായ യിസ്രായേലിനോട് അവൻ ചെയ്ത കാരുണ്യപ്രവർത്തികളും ഗീതരൂപത്തിൽ തലമുറകൾ തമ്മിൽ കൈമാറിയിരുന്നു. യഹൂദന്മാരുടെ ഇടയിലെ ഒരു പ്രത്യേക സമൂഹമായിരുന്ന 'കുമ്രാൻ' കാർക്കും ദൈവത്തെപ്പറ്റി പറയുവാൻ സംഗീതം സുപ്രധാനമായ ഒരു മാദ്ധ്യമമായിരുന്നു. ക്രിസ്തീയ സഭയിലും ദൈവശാസ്ത്രം പ്രചരിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന രണ്ട് മാർഗ്ഗങ്ങളായിരുന്നു പ്രാർത്ഥനയും ഗീതങ്ങളും. ഗബ്രിയേൽ ദൂതന്റെ വചനവും എലിസബേത്തിന്റെ വന്ദനവും "കൃപനിറഞ്ഞ മറിയമേ..." എന്നപ്രാർത്ഥനയിൽക്കൂടിയും, മറിയാമിന്റെ പാട്ട് "മറിയാം പറഞ്ഞതെന്തെന്നാൽ – "എന്ന രാത്രിയുടെ മസ്മൂറിലും കൂടി നാം ഇപ്പോഴും ആലപിക്കാറുണ്ടല്ലോ.

**വന്ദനം**
**(ലൂക്കോ. 1:39–45)**

'മറിയാമിന്റെ വന്ദനം' എന്തായിരുന്നുവെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നില്ല. മറിച്ച്, അതിനുമറുപടിയായിരുന്ന എലിസബേത്തിന്റെ വന്ദനം വിശദമായി കുറിച്ചിരിക്കുന്നു. ഇതിലെ പ്രതിപാദന വിഷയം തനിക്കു പിറക്കുവാൻ പോകുന്ന യോഹന്നാൻ എന്ന ശിശുവല്ല, മറിച്ച്, തന്റെ "കർത്താവും" അവന്റെ "മാതാവും'ആണ്. ഇതിലൂടെ സുവിശേഷകൻ വ്യക്തമാക്കുവാൻ ശ്രമിക്കുന്ന സംഗതി യോഹന്നാന്റെ ജനനത്തെപ്പറ്റി താൻ ദീർഘമായി വിവരിക്കുന്നുവെങ്കിലും സുവിശേഷത്തിന്റെ കേന്ദ്രബിന്ദു യേശുവാണെന്നുള്ളതാണ്. ''യൗസേഫ്'' എന്ന വ്യക്തിയെ ലൂക്കോസ് ഇത്തരുണത്തിൽ ഓർമ്മിക്കുന്നതേയില്ല.

എലിസബേത്തിന്റെ ഗാനത്തിൽ മൂന്നു കാര്യങ്ങളാണ് പ്രധാനമായും പറയുന്നത്. (1) യേശുവും മാതാവും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ്. (2) മറിയയുടെ സന്ദർശനം മൂലം എലിസബത്തിന് മാനമുണ്ടാവുകയും യോഹന്നാൻ ആനന്ദിക്കുകയും ചെയ്യുന്നു. (3) ദൈവത്തിന്റെ വാഗ്ദാനം കേട്ട് പൂർണ്ണമായി വിശ്വസിച്ച മറിയ ഭാഗ്യവതിയാണ്. നമ്മിൽ എത്രപേർ ഭാഗ്യവതിയായ മറിയാമിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും സന്ദർശനം മൂലം "മാന"മുള്ളവരായി ത്തീരുന്നു? ദൈവസാമീപ്യവും വിശുദ്ധന്മാരുമായുള്ള സംസർഗ്ഗവും ഭക്തർക്ക് ''മാനം'' നൽകുന്നു. ഇന്നത്തെ ലോകത്തിൽ മാനം വർദ്ധിക്കുവാൻ സ്വത്തു സമ്പാദിക്കുകയും, വിദ്യയാർജ്ജിക്കുകയും ഒക്കെയാണ് ചെയ്യുന്നത്. എന്നാൽ അതിലുപരിയായ "മാന"മാണ് ആത്മീയ ജീവിതമുള്ളവർക്ക് ലഭിക്കുന്നത് എന്നോർക്കണം.

**ഭാഗ്യവതിയും വിപ്ലവകാരിയുമായ മറിയ (ലൂക്കോ 1:46–55)**

മറിയാമിന്റെ പാട്ട് എലിസബേത്തിന്റെതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. എലിസബേത്തിന്റെ വന്ദനത്തിനുള്ള മറുപടിയായിട്ടല്ല, ഈ ഗാനം നാം കാണുന്നത്. ഇതിൽ എലിസബേത്തിനെയോ അവളുടെ കുഞ്ഞിനെയോപറ്റി യാതൊരു പരാമർശവുമില്ല. മറിച്ച്, ദൈവമാണ് ഇതിലെ നായകൻ. ഈ ഗാനത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം. ദൈവദാസിയായ മറിയാമിനു ലഭിച്ച ഭാഗ്യാവസ്ഥയാണ് ഒന്നാം ഭാഗത്തെങ്കിൽ (ലൂക്കോ 1:46–50) ദൈവജനമായ യിസ്രായേലിന് വരാൻ പോകുന്ന മാറ്റമാണ് രണ്ടാം ഭാഗ

ത്തിന്റെ ഉള്ളടക്കം (ലൂക്കോ 1:51–55).

മറിയാം കർത്താവിനെ മഹിമപ്പെടുത്തുവാനും, തന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുവാനുമുള്ള കാരണം ദൈവം തന്നെ താഴ്ചയിൽനിന്നും ഉയർത്തിയെന്നുള്ളതാണ്. "പരിശുദ്ധനും" "ശക്തനു" മായ ദൈവം വ്യക്തിപരമായി പറഞ്ഞാൽ മറിയാമിന് വലിയ കാര്യങ്ങൾ ചെയ്തിരിക്കയാണ്. ഇനി എല്ലാതലമുറയും അവളെ "ഭാഗ്യവതി" എന്നുവാഴ്ത്തത്തക്കവിധം ദൈവം അവളെ ഉയർത്തിയിരിക്കുന്നു. ചുരുക്കത്തിൽ, ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിയിലെ വ്യക്തിഗതമായ അനുഭവമാണ് മറിയാമിന്റെ പാട്ടിലെ ഒന്നാം ഭാഗത്ത് പരാമർശിക്കപ്പെടുന്നത്.

മറിയാമിന്റെ പാട്ടിലെ രണ്ടാം ഖണ്ഡികയാകട്ടെ, രക്ഷയുടെ സാമൂഹികവശമാണ് ഉയർത്തിക്കാട്ടുന്നത്. വാസ്തവത്തിൽ, ശമുവേൽ ബാലന്റെ മാതാവായിരുന്ന ഹന്നാ ചൊല്ലിയ പ്രാർത്ഥനയാണ് (1 ശമുവേൽ 2:1–10) മറിയ ഇവിടെ ആവർത്തിക്കുന്നത്. എന്നാൽ യേശുവിന്റെ അമ്മ അതിന് ചില വ്യതിയാനങ്ങൾ വരുത്തി ആലപിക്കുമ്പോൾ നസ്രത്തിലെ ബാലികയുടെ വിപ്ലവബോധം നാം തിരിച്ചറിയുന്നു. "ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുകയുയും, "പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നുമിറക്കി താണവരെ ഉയർത്തുകയും", "വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ച് സമ്പന്നന്മാരെ വെറും കൈ"യായി പറഞ്ഞയയ്ക്കുകയും ചെയ്യുന്ന ദൈവം ലോകത്തിന്റെ സമഗ്രമായ ഉത്ഥാനമാണ് സാധ്യമാക്കുന്നത് എന്നതിന് മറിയാമിന് സംശയമില്ല. ഹന്നായുടെ പാട്ടിൽ ദൈവം "അഗതിയെ കുപ്പയിൽനിന്നുമുയർത്തി പ്രഭുക്കന്മാരോടുകൂടി ഇരുത്തുന്നുവെങ്കിൽ" മറിയാമിന്റെ ഗീതത്തിൽ "പ്രഭുക്കന്മാരെ പിടിച്ചിറക്കി" താണവരെ സിംഹാസനങ്ങളിലിരുത്തുന്ന ദൈവമാണുള്ളത്. അഹങ്കാരം മൂലവും, സ്ഥാനമാനങ്ങൾ കാരണവും, സമ്പത്തിന്റെ അടിസ്ഥാനത്തിലും സമൂഹത്തിന്റെ ഉപരിവർഗ്ഗങ്ങളായിത്തീർന്നവർ ശ്രദ്ധിക്കുക: ദൈവം താണവരുടെ പക്ഷത്താണ്. അടിച്ചമർത്തപ്പെടുന്നവരുടെ വിമോചനം രക്ഷാകരപദ്ധതിയുടെ പ്രഥമ അജണ്ടയാണ്. ഇത് കേവലം രാഷ്ട്രീയ പ്രവർത്തകരുടെ മാത്രം ലക്ഷ്യമായി ഇന്ന് അധ:പതിച്ചിരിക്കുന്നുവെങ്കിൽ സഭകൾ തങ്ങളുടെ ദൗത്യ നിർവ്വഹണത്തിൽ നിന്നും മാറി അധികാരികളുടെ കൈയിലെ ചട്ടുകങ്ങളായിത്തീർന്നു എന്നു വിലപിക്കേണ്ടിയിരിക്കുന്നു. ആധുനിക ലോകത്തിലെ വിപ്ലവനായകന്മാരൊക്കെ ഒരുതരത്തിൽ പറഞ്ഞാൽ മറിയാമിന്റെ ഗീതത്തിലൂടെയാണ് തങ്ങളുടെ ലോകദർശനം രൂപപ്പെടുത്തുന്നത്.

## ഡിസംബർ 5
## യോഹന്നാൻ സ്നാപകന്റെ ജന്മദിനം (ബാലദിനം)
### (ലൂക്കോസ് 1:57 – 80)

സഖറിയായുടെ പുരോഹിത കുടുംബത്തിൽ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. എലിസബേത്താണ് മുൻപിൽ നിന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. മാലാഖയുടെ വചനത്തിങ്കൽ സംശയിച്ച സഖറിയാ മൂകൻ മാത്രമല്ല, ബധിരനും കൂടിയായി എന്നുവേണം കരുതുവാൻ; അവന്റെ ബന്ധുക്കൾ ആംഗ്യം കാട്ടിയാണ് അവനോട് സംസാരിക്കുന്നത്. ഒൻപത് മാസങ്ങളിലധികം മൗനിയായിരുന്ന സഖറിയാ മകന്റെ പരിഛേദനനാളിലാണ് വായ്തുറക്കുന്നത്, അതും ദൈവത്തിന് ഒരു സ്തോത്രഗീതം പാടുവാൻ വേണ്ടി എന്നത് ശ്രദ്ധയർഹിക്കുന്നു. മറിയാമിന് ദൈവവചനം ലഭിച്ചവേളയിൽ അവളും സംശയമുണർത്തുവെങ്കിലും സംഭവത്തിന്റെ അവസാനം അവൻ ദൈവത്തിലുള്ള വിശ്വാസം ഉറപ്പിച്ചു പറയുന്നിടത്താണ് വിവരണം അവസാനിക്കുന്നത്. മുന്നൂറുദിവസങ്ങളോളം കഴിഞ്ഞാണ് സഖറിയായ്ക്ക് തന്റെ ദൈവവിശ്വാസം പ്രഖ്യാപിക്കുവാൻ അവസരമുണ്ടായത് എന്നത് സഖറിയായെ മറിയാമിൽ നിന്നും വേറിട്ടുനിർത്തുന്നു.

**പരിഛേദനയും പേരിടീലും (ലൂക്കോ. 1:57–66)**

യഹൂദപാരമ്പര്യംമനുസരിച്ച് ആൺകുട്ടികൾക്ക് എട്ടാം നാളിൽ പരിഛേദന (ഉല്പത്തി 17:12, 21:4) കഴിയ്ക്കുന്ന പതിവാണുണ്ടായിരുന്നത്. എന്നാൽ കുട്ടിയ്ക്ക് പേരിടുന്നത് ജനനസമയത്തുതന്നെയായിരുന്നുവെന്നു വേണം ഉല്പത്തി പുസ്തകത്തിൽ നിന്നും മനസ്സിലാക്കുവാൻ (ഉല്പത്തി. 4:1, 25:25–26, 21:34). ലൂക്കോസിന്റെ സുവിശേഷത്തിൽ യേശുവിനും (ലൂക്കോ 2:21) യോഹന്നാനും പേർ ലഭിയ്ക്കുന്നത് പരിഛേദനയോടൊപ്പമാണെന്നു തന്നെയല്ല, ഈ ചുമതല അമ്മമാർക്ക് ലഭിച്ചിരിക്കുന്നു എന്നത് ഗബ്രിയേൽ ദൂതന്റെ മറിയാമിനോടുള്ള സംസാരത്തിലും (ലൂക്കോ 1:31) ഇവിടെയും കാണാം. എന്തായിരുന്നാലും അമ്മമാർക്ക് കുഞ്ഞിന്റെ ജനനശേഷം നാല്പതു ദിവസം ശുദ്ധീകരണകാലം ആചരിക്കേണ്ടതുണ്ട് (ലേവ്യ. 12:1–4) എന്നതുകൊണ്ട് പരിഛേദനയും, നാമകരണവും ഭവനത്തിൽ വച്ചുതന്നെ നടന്നിരിക്കാം എന്നാണ് മനസ്സിലാക്കേണ്ടത്. അതിനുശേഷമാണ് സാധാരണ കുട്ടിയെ ദേവാലയത്തിൽ സമർപ്പിക്കുവാൻ കൊണ്ടുപോകുവകയും, സമർപ്പണയാഗം കഴിക്കുകയും ചെയ്തിരുന്നത് (ലൂക്കോ 2:22–24)

പാരമ്പര്യമനുസരിച്ച് കുട്ടിയ്ക്ക് പിതാമഹന്റെ പേരാണ് നൽകേണ്ടിയിരുന്നതെങ്കിലും അവിടെ കൂടിയ ബന്ധുമിത്രാദികളാകട്ടെ അച്ഛന്റെ പേരായ സഖറിയാ (യഹോവ അനുസ്മരിക്കുന്നു) എന്നു വിളിയിക്കുവാൻ ആഗ്രഹിക്കുന്നു. പിതാവായ സഖറിയായെ പരാജിതനായി കണ്ട് തന്റെ മകനിൽക്കൂടി അവൻ ജന്മസാഫല്യമടയട്ടെ എന്നാണോ ബന്ധുക്കൾ ആഗ്രഹിച്ചത് എന്നറിഞ്ഞുകൂടാ. എന്നാൽ എലിസബത്തും സഖറിയായും ഒരുപോലെ ആവശ്യപ്പെടുന്നത് കുഞ്ഞിനെ യോഹന്നാൻ (യഹോവ കരുണയുള്ളവൻ) എന്നു വിളിയ്ക്കേണം എന്നാണ്. ഒരുവന്റെ പേരിൽ കൂടിയാണ് അവൻ ആരായിത്തീരും എന്ന് മനസ്സിലാക്കിയിരുന്നത്.

ഇന്ന് ഇങ്ങനെയുള്ള പാരമ്പര്യങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നുവെന്നത് ഖേദകരമാണ്. അർത്ഥമില്ലാത്ത ശബ്ദങ്ങളെക്കാളുപരി എന്തെങ്കിലും സന്ദേശം നൽകുന്നതായിരിക്കണം കുട്ടികളുടെ പേരുകൾ. നമ്മുടെ കുട്ടികൾക്ക് വിശ്വാസ ധീരന്മാരുടെ പേരുകളാവാം, സുപ്രധാന സംഭവങ്ങൾ ഓർമ്മിക്കുന്ന പദങ്ങൾ അവർക്കു നൽകാം. ദൈവത്തിൽ പ്രത്യാശവച്ചുകൊണ്ടുള്ള ആശയങ്ങളുടെ രൂപത്തിൽ അവരെ വിളിയ്ക്കാം. എബ്രായ, സുറിയാനി, ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷകളിലുള്ള പേരുകളാവണമെന്ന നിർബന്ധമില്ല. നമ്മുടെ നാടിന്റെ സംസ്കാരത്തിനും, ചരിത്രത്തിനും യോജിച്ച പേരുകളാണങ്കിൽ കൂടി ഒരു കുട്ടിയ്ക്ക് തന്റെ പേര് ആത്മവിശ്വാസവും, സമൂഹത്തിൽ അംഗീകാരവും ലഭിക്കുന്നതായിരിക്കണം. പലപ്പോഴും വെറുമൊരു ചടങ്ങിനുവേണ്ടിയോ, തൽക്കാലത്തെ വികാരത്തള്ളലിലോ

ആണ് മാതാപിതാക്കൾ കുട്ടികൾക്ക് പേരിടുന്നത്. ഇതുമൂലം ചില കുട്ടികൾക്ക് എങ്കിലും തങ്ങളുടെ പേരുകൾ അപമാനകരമായിപ്പോലും തീരാറുണ്ട്.

**സ്തോത്രഗാനം (ലൂക്കോ. 1:68-80)**

ഒന്നാം ഖണ്ഡികയിൽ (ലൂക്കോ 1:68-75) ദൈവത്തെപ്പറ്റിയാണ് സഖറിയാ പാടുന്നത്. യഹോവ യിസ്രായേലിന് മൂന്ന് വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു. (1) താൻ യിസ്രായേലിനെ സന്ദർശിക്കുകയും അവളെ ഉദ്ധാരണം ചെയ്യുകയും ചെയ്തിരിക്കുന്നു. (2) പ്രവചനങ്ങളുടെ പൂർത്തീകരണമെന്ന നിലയിൽ ദാവീദിന്റെ ഗൃഹത്തിൽനിന്നും രക്ഷകനെ ഉയർത്തിയിരിക്കുന്നു. (3) ദൈവം അബ്രഹാമിനോട് ചെയ്ത സത്യവും, പിതാക്കന്മാരോടുള്ള കരുണയും നിമിത്തം ദൈവജനം ഭയം കൂടാതെ വിശുദ്ധിയിലും നീതിയിലും ദൈവത്തെ ആരാധിക്കുവാനുള്ള കൃപ നൽകിയിരിക്കുന്നു. ചുരുക്കത്തിൽ ഒരു ജനത്തിന്റെ ഉദ്ധാരണമെന്നത് ശത്രുക്കളിൽ നിന്നുള്ള വിടുതലും ഭൗതിക വിജയങ്ങളും മാത്രമല്ല, പിന്നെയോ ശരിയായി ദൈവത്തെ ആരാധിക്കുവാനുള്ള ചുറ്റുപാട് ക്രമീകരിക്കുന്നതിൽ കൂടിയാണ് പൂർത്തീകരിക്കപ്പെടുന്നത്. ഇന്ന് ഏവരും ദൈവത്തിൽ നിന്നും പ്രതീക്ഷിക്കുന്ന വിടുതൽ ശത്രു, രോഗം, ശാപം എന്നിവയിൽ നിന്നുള്ളതുമാത്രമാണ്. രാഷ്ട്രീയമായ വിമോചനം കൊണ്ട് ഒരു ജനതയുടെ ഉദ്ധാരണം പൂർത്തീകരിക്കപ്പെടുന്നില്ല എന്നാണ് സഖറിയാ പാടുന്നത്. ഏതുതരം വിമോചനത്തിന്റെയും പരിസമാപ്തി സർവ്വശക്തനായ ദൈവത്തെ മുഖാമുഖമായി കണ്ട് ആരാധിക്കുമ്പോഴാണ് സംഭവിക്കുന്നത്.

രണ്ടാം ഖണ്ഡിക മുകളിൽ പറഞ്ഞ പ്രക്രിയയിൽ തനിക്ക് ജനിച്ചിരിക്കുന്ന പുത്രന്റെ പങ്കാളിത്വം വെളിവാക്കുകയാണ് ചെയ്യുന്നത്. യോഹന്നാൻ അത്യുന്നതന്റെ പ്രവാചകനും, ദാവീദ് പുത്രന് വഴിയൊരുക്കുന്നവനും, ദൈവജനത്തിന് പാപമോചനത്തെയും രക്ഷയെയും സംബന്ധിച്ച് പരിജ്ഞാനം നൽകുന്നവനുമാണ്. അവൻ ദൈവജനത്തിന് മുൻപായി നടന്ന് അത്യുന്നതന്റെ പുത്രന്റെ കൈയിൽ ഒരുക്കപ്പെട്ട ജനത്തെ ഭരമേല്പിയ്ക്കും. യെശയ്യാ പ്രവാചകൻ അരുളിചെയ്യുന്നതുപോലെ "അന്ധകാരത്തിൽ നടന്ന ജനം വലിയൊരു പ്രകാശം കാണുവാൻ" (യെശ 9:2) യോഹന്നാന്റെ ജനനം മുഖാന്തിരമായി മാറുകയാണ് ചെയ്യുന്നത്.

തന്റെ ദൗത്യനിർവ്വഹണത്തിന് അനുരൂപമായിട്ടാണ് യോഹന്നാന്റെ വളർച്ച സംഭവിക്കുന്നത്. അവൻ "ആത്മാവിൽ ബലപ്പെട്ടു" വളരുവാൻ മരുഭൂമിയിലാണ് തന്റെ യൗവ്വനകാലം ചിലവഴിക്കുന്നത്. മരുഭൂമി വെല്ലുവിളികളുടെയും, പരീക്ഷണങ്ങളുടെയും, ഇല്ലായ്മകളുടെയും സ്ഥലമാണല്ലോ. അവിടെ വളർന്നുവിജയിക്കുന്നവൻ ജീവിതത്തിൽ ഉന്നതനാകും എന്നതിന് സംശയമില്ല. നമ്മുടെ കുട്ടികൾക്കും പരിശുദ്ധാത്മാവിൽ വളരുവാൻ മരുഭൂമിയുടെ അനുഭവം ആവശ്യമായി വന്നേക്കാം. സമ്പൽസമൃദ്ധിയുടെയും, ധാരാളത്തത്തിന്റെയും, ആഘോഷങ്ങളുടെയും നടുവിൽ വളരുന്ന കുട്ടിയെക്കാൾ വിജയിക്കുന്നത് പലപ്പോഴും ഇല്ലായ്മയുടെയും വെല്ലുവിളികളുടെയും നടുവിൽ ജീവിതം രൂപ്പെടുത്തിയെടുക്കുന്നവരാണ് എന്ന സത്യം ഓർമ്മിക്കുക. ■


## ശുശ്രൂഷകനെ ആവശ്യമുണ്ട്

പൗരസ്ത്യ ജോർജിയൻ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലേക്ക് ശുശ്രൂഷകനെ ആവശ്യമുണ്ട്.

ഓർത്തഡോക്സ് ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്ത് പരിചയമുള്ളവർക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കും.

താല്പര്യമുള്ളവർ പ്രവർത്തി പരിചയം തെളിയിക്കുന്ന കത്തും, ബയോഡേറ്റയും സഹിതം 25-11-2010 വൈകുന്നേരം 5 മണിക്കു മുൻപ് ലഭിക്കത്തക്ക രീതിയിൽ അപേക്ഷിക്കുക.

**വികാരി, സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി,**
**പുതുപ്പള്ളി, പുതുപ്പള്ളി പി.ഓ. കോട്ടയം-686011,**
**ഫോൺ: 04812352404**


## പദപ്രശ്നം ശരിയുത്തരം അയച്ചവർ *17-ാം പേജിൽ നിന്നു തുടർച്ച...*

**49. കുമാരി കെ. ചാക്കോ, തിരു.; 50. കുഞ്ഞുമോൾ ജോർജ്, കാർത്തികപ്പള്ളി; 51. കുഞ്ഞമ്മ പൈലി, കോലഞ്ചേരി; 52. കുഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 53. കുഞ്ഞമ്മ മത്തായി, മാരൂർ; 54. ലിസി വർഗീസ്, തിരുവല്ല; 55. ലില്ലിക്കുട്ടി എം.കെ., തേവലക്കര; 56. ലില്ലിക്കുട്ടി മാത്യു, കൊച്ചറ; 57. ലീലാ പൗലോസ്, ചാലക്കുടി; 58. ലീലാമ്മ മാത്യു, തേവലക്കര; 59. ലില്ലിക്കുട്ടി കെ. കുളത്തൂപ്പുഴ; 60. മറിയാമ്മ ഫിലിപ്പോസ്, അഴൂർ; 61. മറിയാമ്മ മാത്യു, കുണ്ടറ; 62. മറിയാമ്മ വർഗീസ്, ആനിക്കാട്; 63. മറിയാമ്മ കെ. വൈ, വടവുകോട്; 64. മറിയാമ്മ തോമസ്, ഇലവുംതിട്ട; 65. മറിയാമ്മ വർഗീസ്, ഡുൺഗാർപൂർ; 66. മേരിക്കുട്ടി ഡാനിയേൽ, തലച്ചിറ; 67. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 68. മേരിക്കുട്ടി അലക്സാണ്ടർ, തിരുവനന്തപുരം; 69. മേരി പോലോസ്, നാസിക്; 70. മിനി സാമുവേൽ,നാസിക്; 71. മിനി സക്കറിയ, കുണ്ടറ; 72. മോളി മാത്യൂസ്, നാരങ്ങാനം; 73. മോളമ്മ മാത്യു, മഞ്ഞക്കാല; 74. ഓമന ചാക്കോ, നിരണം; 75. റാഹേലമ്മ തോമസ്, തുവയൂർ സൗത്ത്; 76. റീഷാ സാറാ കുറിയാക്കോസ്, ബാംഗ്ലൂർ-32; 77. റെഞ്ചിനി റജി, കളമശേരി; 78. ശന്നു ഷാബു, നാസിക്; 79. റേച്ചൽ അലക്സാണ്ടർ, പൂന-12; 80. റേച്ചൽ വർഗീസ്, വാര്യാപുരം; 81. സാറാമ്മ ഐസക്ക്, ആറ്റുവ; 82. സാറാമ്മ കുര്യൻ, പെരുമ്പടവം; 83. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 84. സാറാമ്മ തോമസ്, കൈതക്കോട്; 85. സുജ ജോർജ്, നാസിക്; 86. സുജ മോൻസി, ബാംഗ്ലൂർ-13; 87. സൂസൻ മാത്യു, കൊച്ചി-21; 88. സൂസമ്മ മാത്യു, നാരങ്ങാനം; 89. സൂസമ്മ രാജൻ, കൊൽക്കത്ത; 90. വി. എ. തോമസ്, കറ്റാനം; 91. ഉണ്ണി വർഗീസ്, തിരുവല്ല; 92. വത്സമ്മ ഫിലിപ്പ്, വെണ്ണിക്കുളം; 93. എ. കെ. വർഗീസ്, അറുനൂറ്റിമംഗലം; 94. കെ. കെ. വർഗീസ്, ചമ്പക്കര; 95. വർഗീസ് തോമസ്, പുനലൂർ; 96. യോഹന്നാൻ വർഗീസ്, പത്തനാപുരം; 97. സക്കറിയ വൈ. വടകോട്.**

# ബുദ്ധിമാൻ

BUDHIMAN

ഫാ. മുകളിൽ





## വിശുദ്ധനാട് തീർത്ഥാടനം

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദീകരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/–**

**ഡിസം. – 21, 2011 ഏപ്രിൽ – 19, മെയ് – 10 & 27**

**ഈ വർഷത്തെ ക്രിസ്തുമസ്സ് ബേദ്‌ലഹേമിൽ ഉടൻ ബുക്ക് ചെയ്യുക**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദീകരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Saji Sam
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
Munjavilayil Building, Mallassery P.O.
Pathanamthitta, Kerala
Email: jordanvallytours@hotmail.com


Remembrance 7-11-2010



**BENNETT PAULOSE K. CHACKO**

**BORN : 20-4-1996**

*"A shining memory of twelve years of devine love and affection that now adorns the hallowed halls of Heaven.*

MRS. ANNIE ABRAHAM
DR. CHACKO ABRAHAM
LENY CHACKO & LIYA CHACKO

THEKKEKARA ERALIL
PERIMBADARI P.O.
MANNARKKAD, PALAKKAD




ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്

*Inserted by:-*

**Very. Rev. Mathew Alexander Cor-Episcopa Kuttikkandathil**
**Mrs. Annamma Alexander, Ruby, Madras**

Vote

ലജു തോമസ്, ഉളനാട്

# പ്രാദേശിക സർക്കാരുകൾക്ക് ജനപ്രതിനിധികൾ

**കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് ഒരു പുത്തൻ നേതൃനിര കടന്നുവന്നിരിക്കയാണ്. അധികാരവികേന്ദ്രീകരണത്തിന്റെയും പങ്കാളിത്തജനാധിപത്യത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രാദേശിക സർക്കാരുകൾക്ക് ജനപ്രതിനിധികൾ നേതൃത്വം നൽകും എന്നു നമുക്കു പ്രത്യാശിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലയും വിലയും മുമ്പെന്നത്തെക്കാളും വർധിച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. വ്യക്തമായ അധികാരങ്ങളും ധനശേഷിയുമുള്ള പഞ്ചായത്തുകൾക്ക് പ്രാഥമിക ആരോഗ്യ – വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കുന്നതിലും ഗ്രാമീണ വികസനത്തിലും നിർണായക പങ്കാണുള്ളത്. സാമൂഹ്യനീതിയും സാമ്പത്തിക വികസനവും ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പുവരുത്തേണ്ട ചുമതലയും ഇന്നു പഞ്ചായത്തുകൾക്കുണ്ട്.**

രാജ്യത്തെ 72..2 ശതമാനം ജനങ്ങളും അധിവസിക്കുന്നത് ഗ്രാമങ്ങളിലാണ്. ( 2001 ലെ സെൻസസ് പ്രകാരം 6,38,365 ഗ്രാമങ്ങളാണ് ഇന്ത്യയിലുള്ളത്. ഇന്ത്യ എന്ന ഫെഡറൽ രാഷ്ട്ര സംവിധാനത്തിന്റെ മൂന്നാംതലമാണ് പഞ്ചായത്ത്– നഗരസഭാ പ്രാദേശിക സ്വയം ഭരണ സംവിധാനം. 73 –ാം ഭരണഘടനാ ഭേദഗതിയോടുകൂടിയാണ് ഐകരൂപ്യവും ഇപ്പോഴുള്ള അധികാരങ്ങളും ലഭ്യമായിരിക്കുന്നത്. ഇന്ത്യക്കാകെതന്നെ മാതൃകയാകുന്ന തരത്തിലുള്ള ഒരു ത്രിതല പഞ്ചായത്ത് രാജ് ഭരണസംവിധാനമാണ് കേരളത്തിലുള്ളത്. ഒട്ടേറെ മേഖലകളിൽ മികവിന്റെ മാതൃകകൾ സൃഷ്ടിക്കുന്നതിൽ കേരളത്തിലെ ചില പഞ്ചായത്തുകൾ വിജയിച്ചിട്ടുണ്ട് (ഹിന്ദു ദിനപ്പത്രം, 2006 ജൂലൈ 23).

ഇന്ത്യയിലെ പരമ്പരാഗത ഗ്രാമീണ ഭരണ സംവിധാനമാണ് പഞ്ചായത്തുകൾ. പഞ്ച എന്ന സംസ്കൃത പദത്തിൽ നിന്നാണ് പഞ്ചായത്ത് എന്ന പദം ആവിർഭവിച്ചത് (പഞ്ച എന്നാൽ അഞ്ച് എന്നർത്ഥം). ഗ്രാമജീവിതത്തിന്റെ പഞ്ചേന്ദ്രിയങ്ങളായി പഞ്ചായത്തുകളെ കണക്കാക്കിപ്പോന്നു. പാഞ്ചു പരമേശ്വര, അതായത് ഈശ്വരൻ അഞ്ചുപേരിൽകൂടി സംസാരിക്കുന്നുവെന്നായിരുന്നു പ്രമാണം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള ഒരു ഭരണസംവിധാനമായിരുന്നു ഗാന്ധിജി വിഭാവനം ചെയ്തത്. ഓരോ ഗ്രാമവും സമ്പൂർണ സ്വയംഭരണമുള്ള റിപ്പബ്ളിക്കുകളാവണമെന്ന് ഗാന്ധിജി ആഗ്രഹിച്ചു. എന്നാൽ ഭരണഘടനയുടെ കരട് അവതരിപ്പിച്ചപ്പോൾ അതിൽ പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച് പരാമർശമേ ഉണ്ടായിരുന്നില്ല. സവർണ വിഭാഗത്തിന് പിന്നോക്കവിഭാഗങ്ങളെ ചവിട്ടിമെതിക്കാനുള്ള ഉപകരണങ്ങളായി പഞ്ചായത്തുകൾ മാറുമെന്ന് അംബേദ്കറിനെപ്പോലുള്ളവർ ഭയപ്പെട്ടു. ഒടുവിൽ ഭരണഘടനയുടെ നിർദേശകതത്വങ്ങളിൽ സംസ്ഥാനങ്ങൾ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദേശം ഉൾപ്പെടുത്തി. ഒന്നാം പഞ്ചവത്സരപദ്ധതി നിർവഹണത്തിലുണ്ടായ കാലതാമസവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ഗ്രാമീണഭരണസംവിധാനം ശക്തിപ്പെടുത്തേണ്ട ആവശ്യകതയിലേക്കുവന്നു. സാമൂഹ്യവികസനത്തിന് ജനാധിപത്യവികേന്ദ്രീകരണം അനിവാര്യമാണെന്ന് 1958–ൽ ബൽവന്ത്റായി മേത്ത കമ്മീഷൻ റിപ്പോർട്ട് നിർദേശിച്ചു. അങ്ങനെ ആദ്യമായി പഞ്ചായത്ത് രാജ് ഭരണസംവിധാനം രാജസ്ഥാനിൽ നിലവിൽവന്നു. പല സംസ്ഥാനങ്ങളിലും പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നെങ്കിലും ഫലപ്രദമായില്ല. 1977–ൽ മൊറാർജിദേശായിയുടെ ജനതാ ഗവൺമെന്റ് പഞ്ചായത്ത് രാജിനെ ശക്തിപ്പെടുത്തേണ്ട



വികസനം: തമിഴ്നാട് മാതൃക

തിന്റെ സാധ്യതകൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ അശോക് മേത്ത കമ്മിറ്റിയെ നിയമിച്ചു. പക്ഷേ സർക്കാരിന്റെ പതനം മൂലം കമ്മിറ്റി ശുപാർശകൾ നടപ്പായില്ല. വിവിധ കമ്മിറ്റി റിപ്പോർട്ടുകളും ശുപാർശകളും കണക്കിലെടുത്ത് രാജീവ് ഗാന്ധി ഗവൺമെന്റ് 1989–ൽ പഞ്ചായത്ത് രാജ് ബിൽ ഭരണഘടനാ ഭേദഗതിയായി അവതരിപ്പിച്ചെങ്കിലും പാസ്സായില്ല. 1992–ൽ പാർലമെന്റിൽ അവതരിപ്പിച്ച 73, 74 ഭരണഘടനാ ഭേദഗതികളിലൂടെയാണ് പഞ്ചായത്ത് രാജ് – നഗരപാലികാ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ പിൻബലം കിട്ടുന്നത്. പ്രാദേശികതലത്തിൽ സ്വയം ഭരണാധിഷ്ഠിത ജനാധിപത്യഭരണകൂടങ്ങളായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ നിയമം വിഭാവനം ചെയ്യുന്നു. അധികാരവികേന്ദ്രീകരണവും, പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലുമുള്ള ജനപങ്കാളിത്തവുമാണ് നിയമം ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തിന്റെ പല അധികാരങ്ങളും വിഭവങ്ങളും പ്രാദേശിക ഭരണകൂടങ്ങൾക്കു നൽകേണ്ടതുണ്ട്. എന്നാൽ 19 സംസ്ഥാനങ്ങളിൽ അധികാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു നൽകുന്നതിൽ വിമുഖത കാട്ടുന്നതായി ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം വെളിവാക്കുന്നു

കേരള സംസ്ഥാനം രൂപീകരിച്ചതു മുതൽ ജനാധിപത്യവികേന്ദ്രീകരണത്തിനായി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആദ്യം അധികാരത്തിൽ വന്ന സർക്കാർ നിയോഗിച്ച ഭരണപരിഷ്ക്കാരകമ്മിറ്റിയുടെ ശുപാർശകളനുസരിച്ച് തയ്യാറാക്കിയ കേരള പഞ്ചായത്ത് രാജ് ബില്ലും ജില്ലാകൗൺസിൽ ബില്ലും 1959– ൽ സർക്കാരിനെ പിരിച്ചുവിട്ടതുമൂലം നിയമമായില്ല. 1960–62 ൽ ബൽവന്ത്റായി മേത്ത കമ്മിറ്റിയുടെ ശുപാർശകൾ കൂടി പരിഗണിച്ചുകൊണ്ടുവന്ന കേരള പഞ്ചായത്ത് നിയമം പ്രാബല്യത്തിലായി.. 1963 ൽ നടത്തിയ തെരഞ്ഞെടുപ്പിലൂടെ 922 പഞ്ചായത്തുകൾ അധികാരത്തിൽ വന്നു. തുടർന്ന് ചില ഭരണ പരിഷ്കാരശ്രമങ്ങൾ നടന്നെങ്കിലും ഫലം കണ്ടില്ല. ഭരണഘടനാ ഭേദഗതിയെതുടർന്ന്1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നതുവരെ1960 ലെ നിയമമാണ് കേരളത്തിൽ നിലനിന്നിരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പ്രധാന സവിശേഷതകൾ ഇവയാണ്.



**തദ്ദേശഭരണത്തിൽ താനും പങ്കാളിയാണെന്ന ബോധ്യം ഓരോ സാധാരണ പൗരനും പകർന്നുകൊടുക്കുന്നതിനും വികസനപ്രവർത്തനങ്ങളിൽ നേരിട്ടു പങ്കെടുക്കുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ കഴിയുന്നു.**

1. ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം നൽകുന്ന ഗ്രാമസഭയ്ക്കു നൽകുന്ന പ്രാധാന്യം.

2. ത്രിതല പഞ്ചായത്ത് സംവിധാനം

3. പഞ്ചായത്തുകൾക്ക് സ്ഥായിത്വം നൽകുന്ന ഭരണഘടനാ പിൻബലം.

4. തദ്ദേശ ഭരണസ്ഥാപനം എന്ന നിലയിൽ നിന്ന് പ്രാദേശിക സർക്കാരുകൾ എന്ന പദവിയിലേക്കുള്ള മാറ്റം.

5. വനിതകൾക്കും പട്ടികജാതി/ വർഗക്കാർക്കുമുള്ള സംവരണ വ്യവസ്ഥകൾ.

6. സംസ്ഥാന നിയന്ത്രണത്തിലുള്ള വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പഞ്ചായത്തുകൾക്ക് കൈമാറുന്നു.

7. അധികാരത്തിന്റേയും സമ്പത്തിന്റേയും വികേന്ദ്രീകരണം

8. നിയന്ത്രണാധികാരം ഉദ്യോഗസ്ഥരിൽ നിന്ന് ജനങ്ങളിലേക്ക്.

1995 ൽ ത്രിതല പഞ്ചായത്തുകളിലേക്കുള്ള ആദ്യ തെരഞ്ഞെടുപ്പ് നടന്നു. 1995 ഗാന്ധിജയന്തി ദിനത്തിൽ ഭരണസമിതികൾ അധികാരമേറ്റു. 1996 ൽ ഒമ്പതാം പഞ്ചവത്സരപദ്ധതി കേരളത്തിൽ ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച് നടപ്പാക്കാൻ തുടങ്ങി. പ്രാദേശികഭരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ സെൻ കമ്മിറ്റി സമർപ്പിച്ചു (1996). പെർഫോമൻസ് ഓഡിറ്റ് സംവിധാനം, പൗരാവകാശ രേഖ, ഓംബുഡ്സ്മാൻ– ട്രൈബ്യൂണൽ സംവിധാനങ്ങൾ എന്നിവയ്ക്ക് വഴിയൊരുക്കിയത് സെൻ കമ്മിറ്റി ശുപാർശകളാണ്.

ത്രിതല പഞ്ചായത്തുകളിലേക്കു നടന്ന നാലാമത് തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ് നവംബർ ഒന്നിന് അധികാരമേറ്റെടുത്തത്. ജനപ്രതിനിധികളിൽ പകുതിയിലധികം വനിതകളാണെന്ന പ്രത്യേകതയാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിനുള്ളത്.

കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇന്ത്യയൊട്ടാകെ സ്ഥിതി അതല്ല. ഭരണഘടനാ നിർമാണവേളയിൽ അംബേദ്കർ ഉയർത്തിയ ആശങ്കകൾ ശരി വയ്ക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ഇപ്പോൾ പല സംസ്ഥാനങ്ങളിലും കാണാൻ കഴിയുന്നു. അയിത്തവും മതസങ്കുചിത ചിന്തയും ഗ്രാമീണ ജനതയുടെ യോജിപ്പിനും കൂട്ടായ്മക്കും തടസമാകുന്ന ഘടകങ്ങളാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിനുതന്നെ ഇതു വെല്ലുവിളി ഉയർത്തുന്നു. തമിഴ്നാട്ടിലെ ഉത്തപുരം പഞ്ചായത്തിലെ അനുഭവവും ഹരിയാനയിലെയും മറ്റും ഖാപ് പഞ്ചായത്ത് (ജാതി പഞ്ചായത്ത്) സംവിധാനവും ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയുടെ ക്രൂരമുഖം വെളിപ്പെടുത്തുന്നു.

പഞ്ചായത്ത് രാജ് സംവിധാനം മിക

വുറ്റതാക്കുന്നതിള്ള പരിശ്രമങ്ങളിൽ കേരളത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്. അധികാരത്തിന്റേയും സമ്പത്തിന്റേയും വികേന്ദ്രീകരണം ഏറെക്കുറെ സാധ്യമായിട്ടുണ്ട്. പഞ്ചവത്സര പദ്ധതികൾ പങ്കാളിത്ത ജനാധിപത്യ രീതിയിൽ ജനകീയാസൂത്രണം എന്ന പേരിൽ നടപ്പാക്കുന്നതും ശ്രദ്ധേയമാണ്. കേരളത്തിലെ സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രത്യേകിച്ച് കുടുംബശ്രീയുടെ പ്രവർത്തനം സ്ത്രീകൾക്കിടയിലെ നേതൃത്വ മനോഭാവവും ആത്മവിശ്വാസവും വളർത്താൻ സഹായിച്ചിട്ടുണ്ട്. 2005 ലെ തെരഞ്ഞെടുപ്പിൽ സ്വയംസഹായസംഘ പ്രവർത്തകരായ 968 വനിതകളാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഈ തെരഞ്ഞെടുപ്പിൽ കുടുംബശ്രീ പ്രവർത്തകരായ 11027 വനിതകളാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഭരണസമിതികളുടെ അധ്യക്ഷസ്ഥാനങ്ങളിലും 50 % വനിതാ സംവരണമാണ്.

ത്രിതല പഞ്ചായത്ത് ഭരണത്തിൽ വനിതകൾക്ക് ലഭിച്ച പങ്കാളിത്തം മുമ്പെങ്ങുമില്ലാത്ത വിധം അവരുടെ മുന്നേറ്റത്തിനു കാരണമായിട്ടുണ്ട്. ഒരു വലിയ വിഭാഗം സ്ത്രീകളെ പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. അങ്ങനെ വനിതകൾ ഭരണരംഗത്തേക്ക് കടന്നുവരുമ്പോൾ ചില കേന്ദ്രങ്ങളിൽ നിന്ന് അതിനെതിരെന്നോണം "പെരുമാറ്റചട്ട"ങ്ങൾ ഉയർത്തുന്നതും നമ്മൾ അറിയേണ്ടതുണ്ട്. സ്ഥാനങ്ങൾ സംവരണം ചെയ്തതുകൊണ്ടു മാത്രമായില്ല, പദവികൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള അന്തരീക്ഷം നമ്മുടെ നാട്ടിൽ സംജാതമാകണം. പൊതുപ്രവർത്തനവും കുടുംബ ജീവിതവും ഒന്നിച്ചു കൊണ്ടുപോകുന്നതിനിടയിൽ ചിലർക്കു പാളീച്ചകൾ വന്നിട്ടുണ്ടാകാം. അതു പെരുപ്പിച്ചുകാട്ടി താഴ്ത്തിക്കെട്ടുന്നത് ശരിയല്ല. വീടിന്റെ, സമൂഹത്തിന്റെ, നാടിന്റെ ഉത്തരവാദിത്തം സ്ത്രീയും പുരുഷനും കൂട്ടായി ഏറ്റെടുക്കണം; പ്രവർത്തിക്കണം. അപ്പോൾ മാത്രമേ പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ സഭയ്ക്കും സമൂഹത്തിനും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുവാനുള്ള പരിശ്രമങ്ങൾക്ക് പിന്തുണയും പരിശീലനങ്ങളും നൽകാൻ, കേരളത്തിലെ സഭകളും പദ്ധതികൾ ഏറ്റെടുത്ത് പ്രാവർത്തികമാക്കണം.



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# ദർശനം

'അകത്താര്'? കാളിദാസൻ ശ്രീകോവിലിനു മുമ്പിൽ ഉന്നയിക്കുന്ന ഒരു ചോദ്യമാണ്. ആത്മജ്ഞാനത്തിലെത്തുന്നവൻ അവനവനോട് നടത്തേണ്ട ആത്മഗതമായി ഈ ചോദ്യം മാറേണ്ടതാണ്. അടയ്ക്കപ്പെട്ട ശ്രീകോവിലുകളും അടയ്ക്കുന്ന ശ്രീകോവിലുകളും ഈ ചോദ്യത്തെ നേരിടേണ്ടതാണ്. ശ്രീകോവിലിന് ദേവാലയമെന്നും ഹൃദയമെന്നും അർത്ഥം കല്പിക്കുമെങ്കിൽ കൊട്ടിയടയ്ക്കപ്പെടുന്ന ഇടത്തെല്ലാം ഈ ചോദ്യത്തിന് സാധ്യതയുണ്ട്. ദൈവചൈതന്യം പ്രസരിക്കുന്നിടത്ത് ദേവാലയം അത് തമസ്കരിക്കുന്നിടത്ത് പ്രേതാലയം. ദൈവം വാതിലും പ്രാർത്ഥന കിളിവാതിലുമാണെങ്കിൽ കൊട്ടിയടയ്ക്കൽ ദൈവത്തെ നിരോധിക്കലാണ്.

ദൈവം തുറക്കപ്പെട്ട വാതിലാകുന്നിടത്ത് തന്നെ നിരോധനത്തിന്റെ ചാട്ടയുമാകുന്നത് പൊള്ളുന്ന ഓർമ്മപ്പെടുത്തലാണ്. ദൈവത്തിന്റെ ആകർഷണ വലയത്തിലായി അകത്തുവരണമെന്നുണ്ട്. അകത്താകുന്നത് ആക്രമണത്തിന് ആകരുത് എന്നും..... കച്ചവടത്തിന്റെ നാണയ മേശകൾ നിമിഷാർദ്ധംകൊണ്ടു മറിഞ്ഞുപോകുന്നതും; ആരാധന, അധികാരം എന്ന് ധരിച്ച് വശ്ശായ ജീവികൾ കൂടൊഴിഞ്ഞ് ഓടിപ്പോകുന്നതും നാം കണ്ടില്ലെന്ന് നടിക്കരുത്. അകത്തേക്ക് ആകർഷിക്കുന്നവനു മാത്രമേ പുറത്താക്കാനുള്ള ചാട്ട എടുക്കാനാവൂ എന്ന് ദൈവം പഠിപ്പിച്ചത് നാം ഭേദപ്പെടുത്തരുത്.

ഒഴിഞ്ഞ കല്ലറ നല്ല സൂചനയാണെങ്കിൽ ദൈവം ഒഴിഞ്ഞുപോകുന്നത് ഒരു ദുഃസൂചനയാണ്. ദൈവം ഒഴിഞ്ഞുപോകുന്ന ഇടമെല്ലാം, ദൈവം ഒഴിഞ്ഞുപോകുന്ന പരിസ്ഥിതിയെല്ലാം നമ്മുടെ ആദ്യ ചോദ്യത്തിന് ഉത്തരം കൊടുക്കേണ്ടതാണ്. പൊന്നും വെള്ളിയുമുണ്ട് ദൈവമില്ലെങ്കിൽ.....? ദേവാലയ സൗധമുണ്ട് ദൈവപ്രസാദമില്ലെങ്കിൽ...? തീർത്ഥാടന കേന്ദ്രങ്ങളുണ്ട് തീർത്ഥമായില്ലെങ്കിൽ...?. സമാധാനം ദൈവത്തെ കാണലാണെന്ന് മറന്നുപോകരുതെന്നുണ്ട്.

ശ്രീകൃഷ്ണൻ ലോകമെല്ലാം വായ്ക്കുള്ളിൽ ആക്കി വിസ്മയിപ്പിക്കുന്നുണ്ട്. ലോകത്തെ പരമാവധി ഉള്ളിലാക്കാൻ വ്യഗ്രതപ്പെടുന്ന ഒരു സമൂഹത്തോട് യേശുവിന് പറയാനുള്ളത് തലനാരിഴയ്ക്കുപോലും ലോകം ഉള്ളിലാകരുത് എന്നാണ്. അകതാരിൽ ഒരു വാതിലുണ്ടെന്ന് ദൈവം പഠിപ്പിച്ചെങ്കിൽ അത് ദൈവത്തിന്റേതാണെന്നും ദൈവമാണെന്നുമാണ്. നീ ദൈവ ചൈതന്യമാണ് ഞാനും ദൈവചൈതന്യമാണ് നമ്മൾ ആ പരംപൊരുളിൽ ലയിക്കുകയാണ് എന്നാണ് ഭാരതം പഠിപ്പിക്കുന്നത്.

അരമനയിൽ തലകുമ്പിട്ടു നിന്ന ദൈവം, ജനക്കൂട്ടത്തിന്റെ ഭ്രാന്തിൽ നിന്ന് വാങ്ങിപ്പോയ ദൈവം, ഭൂരിപക്ഷത്തിന്റെ ന്യായവിസ്താരങ്ങളോട് മൗനം ഭജിച്ച് ന്യായം വിധിച്ചവൻ. നമ്മുടെ അകത്താക്കലുകളിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചവനാണ് കർമ്മദോഷംകൊണ്ട് ദൈവം കുടിയിറങ്ങിയ ശ്രീകോവിലുകൾ നമുക്കുണ്ടാകരുത് പ്രകാശത്തിന് നേരെ കൊട്ടിയടയ്ക്കുന്ന വാതിലും, വിഗ്രഹങ്ങൾ കൊണ്ട് വേര് പിടിച്ചതിനാൽ അടയ്ക്കേണ്ടി വരുന്ന വാതിലും നമുക്കുണ്ടാകരുത്. "അകത്ത് ദൈവം പ്രകാശിക്കുന്ന ശ്രീകോവിലുകൾ നമുക്ക് സ്വന്തമാകട്ടെ".....



YOUTH

ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)



# Bloom where you are Planted

സ്വന്തം ജീവിതാവസ്ഥയിൽ നിന്ന് ഒളിച്ചോടി, അപരിചിതമായ മറ്റൊരു സ്ഥലത്ത് വേറൊരു ജീവിതാവസ്ഥ നയിക്കുവാനുള്ള ത്വരയെ മന:ശാസ്ത്ര ജ്ഞന്മാർ Fugue (Amnesic stage) എന്നു വിലയിരുത്തുന്നു. അറിയപ്പെടുന്ന സ്ഥലത്ത്, അനുവദനീയമായ ജീവിത സാഹചര്യങ്ങളോടിണങ്ങി ജീവിയ്ക്കുവാൻ നമ്മിൽ പലർക്കും മടിയാണ്. ഏല്പിച്ച ഉത്തരവാദിത്വങ്ങളെക്കാൾ മറ്റു ചിലവയുടെ പൂർത്തീകരണത്തിന് നാം സമയം കണ്ടെത്തുന്നു.

“ദൈവത്തെ വെറുക്കുന്നിടംവരെ തന്നെത്താൻ സ്നേഹിക്കുവാനും തന്നെ വെറുക്കിന്നിടം വരെ ദൈവത്തെ സ്നേഹിക്കുവാനും നമുക്കു സാധിയ്ക്കും” എന്ന അഗസ്തീനോസിന്റെ പഠിപ്പിയ്ക്കൽ ശ്രദ്ധേയമാണ്. എല്ലാ നന്മകളെയും നിസ്സാരവല്ക്കരിക്കുന്നിടത്തോളം ജീവിതാവസ്ഥയെ എത്തിയ്ക്കുക എന്നത് ഒളിച്ചോട്ടമാണ്. നമ്മെ നിയോഗിച്ച സ്ഥാനത്തിനനു യോജ്യമായ പ്രവർത്തനങ്ങളാണ് നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്.

‘ഡാന്റെ’ (Dante) യുടെ ‘Divine Comedy’ യിൽ ‘പറുദീസ’ (Paradise) യെപ്പറ്റി വിവരിയ്ക്കുന്നിടത്ത്, “അവന്റെ ഇഷ്ടം പ്രവർത്തിയ്ക്കുന്നതാണ് നമ്മുടെ സമാധാനം” എന്നും, നരകത്തെപ്പറ്റി പറയുന്നിടത്ത്, “ഇവിടെ പ്രവേശിയ്ക്കുന്നവർ പ്രതീക്ഷ കൈവിടുക” എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഉടയവന്റെ ഇഷ്ടം പ്രവർത്തിക്കുമ്പോഴുള്ള സന്തോഷം അകന്നുമാറുമ്പോൾ ലഭിയ്ക്കില്ല. നിനുവയിലേക്ക് നിയോഗിതനായ യോന തർസീസിലെ സംതൃപ്തി ലക്ഷ്യമാക്കിയതാണ് അപ്രഖ്യാപിതമായ കോളിളക്കങ്ങൾക്ക് വഴിതുറന്നത്. സർവ്വശക്തൻ നമ്മെ ഏല്പിച്ചാക്കിയ സ്ഥലം, നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും സുരക്ഷിതമാണ്. ഈ സുരക്ഷിതത്വത്തിന് വേലിക്കെട്ടുകളോ അതിർത്തിയോ നിശ്ചയിക്കേണ്ടതിന്റെ ആവശ്യമില്ല. ജലത്തിൽ കിടക്കുന്ന മത്സ്യം കരയിലേക്കു ചാടി അപകടം സ്വയം വരിയ്ക്കുന്നതുപോലെ, നമ്മുടെ ചില പിൻവാങ്ങലുകളും, ഒളിച്ചോട്ടങ്ങളും, എടുത്തുചാട്ടങ്ങളും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിയ്ക്കും.

ചെസ്ബോർഡിൽ പ്രത്യേക കളത്തിലിരിയ്ക്കുന്ന ‘രാജാവിന്’ (King) എതിരാളി ‘ചെക്ക്’ നല്കുമ്പോൾ എല്ലായ്പോഴും ആ പ്രധാന കരുവിനെ ചലിപ്പിക്കേണ്ട കാര്യമില്ല. ‘രാജാവിനു’ ചുറ്റുമുള്ള എല്ലാ കളങ്ങളും പ്രശ്നസങ്കീർണ്ണമായാലും, ചില കരുക്കളുപയോഗിച്ച് ‘ചെക്കടച്ചും’, വെട്ടിനീക്കിയുമൊക്കെ രക്ഷപെടാം. ജീവിതമാകുന്ന ഈ ‘കരു’ വിനും വെല്ലുവിളികൾ വരുമ്പോൾ, അതുമായി നാമോടേണ്ട കാര്യമുണ്ടോ? അത്തരം വെല്ലുവിളികളെ അതിജീവിയ്ക്കുവാൻ ചലനങ്ങളെക്കാൾ വെല്ലുവിളികളെത്തന്നെ അകറ്റുവാനുള്ള ആത്മശക്തിയാണ് ആർജ്ജിക്കേണ്ടത്. ചുറ്റുപാടുമുള്ള ചലനങ്ങൾക്കനുസൃതമായി ശ്രേഷ്ഠമായ ജീവിതത്തെ ചലിപ്പിയ്ക്കാതെ, അതിനു ചുറ്റും ഒരു ‘Castling’ നടത്തുന്നത് കൂടുതൽ പ്രയോജനപ്രദമല്ലേ? അന്യായമായ ചലനങ്ങൾ, തുടർ ചലനങ്ങൾക്കുള്ള ഊർജ്ജം ന്ടപ്പെടുത്തും.

‘Amnesic stage'ൽ മറവി ഒരു പ്രധാന ഘടകമാണ്. ഓർക്കേണ്ടതിനെപ്പോലും മന:പൂർവ്വം മറക്കുവാനുള്ള ത്വരയാണിത്. ‘ഓർമ്മക്കുറവ്’ എന്നു നാം പലപ്പോഴും പരിതപിയ്ക്കാറില്ലേ? ഇത് ഓർമ്മയുടെ കുറവല്ല, മറിച്ച് ആധിക്യമാണ്. വേണ്ടതിന് തടയിട്ട് വേണ്ടാത്തതിനെ പ്രവേശിപ്പിയ്ക്കുവാനുള്ള താല്പര്യത്തിൽ നിന്നുമാണ് പല മറവികളും ഉദയം ചെയ്യുന്നത്. നമ്മുടെ ജീവിതത്തിലെ നൂറുകണക്കിന് വീഴ്ചകളെ കണ്ടില്ലെന്നു നടിച്ച് മറക്കുന്ന നാം, മറ്റുള്ളവർ നമ്മോടുകാട്ടുന്ന നിസ്സാരമായ പരിഭവങ്ങളെ പർവ്വതീകരിക്കുന്നതിലൂടെ നന്മയുടെ കിരണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

നാഡീവ്യൂഹത്തെ സ്വാധീനിക്കുവാൻ നമ്മുടെ വിചാരങ്ങളെ ക്രമപ്പെടുത്തുന്ന പ്രക്രിയയാണ് ‘Mental Syntax’. ചേരുവകൾ കൃത്യമായി ചേർത്ത് പാചകം ചെയ്യുന്നതുപോലുള്ള പ്രക്രീയയാണിത്. അമിതമായ ആസക്തികളും, വികാരവിക്ഷോഭങ്ങളും നാഡീവ്യൂഹത്തെ തന്നെ തകർക്കും. നിയന്ത്രിതമായ ജീവിതവും, അനുഷ്ഠാനങ്ങളും, ലഭ്യമായതിലുള്ള സംതൃപ്തിയും, ഹൃദയംഗമായ പെരുമാറ്റവും Mental Syntax ന്റ ആവശ്യഘടകങ്ങളാണ്. അസ്വസ്ഥതകളും, പരാജയ ഭീതിയും, ലക്ഷ്യത്തെക്കുറിച്ചുള്ള അജ്ഞതയും നമ്മുടെ സ്ഥിരിതയ്ക്കുതന്നെ ഭീഷണിയാണ്.

“ഈശ്വരാ അങ്ങൊഴിച്ച് മറ്റെല്ലാമുള്ളവർ അങ്ങൊഴിച്ച് മറ്റാരുമില്ലാത്തവരെ പരിഹസിയ്ക്കുന്നു” എന്ന പരിദേവനം, നാമെത്തേണ്ടതും, നിലനിലനിർത്തേണ്ടതുമായ ജീവിതാനുഭവങ്ങളെ വിലയിരുത്തുന്നു. ‘ദൈവമേ, നീ മാത്രമേയുള്ളൂ’ എന്ന സമർപ്പണവും, ‘നീയൊഴികെ എല്ലാമുണ്ട്’ എന്ന പരിദേവനവും നമുക്ക് നൂതന ഉൾക്കാഴ്ച നല്കണം. എല്ലാ വിശുദ്ധരുടെയും ജീവിതാനുഭവം നമ്മെ പഠിപ്പിയ്ക്കുന്നത്, വെൺമയുടെ ആധിക്യത്തിലെ ‘വെൺമ’ കണ്ടെത്താനും, പ്രകാശങ്ങളിലെ ‘പ്രകാശം’ കണ്ടെത്താനും, നന്മകളിലെ ‘നന്മ’ കണ്ടെത്താനുമുള്ള ഉൾക്കാഴ്ചയാണ്. ഈ ഉൾക്കാഴ്ച ‘നട്ടിടത്തുതന്നെ പുഷ്പിക്കുവാനുള്ള പ്രേരണ നമ്മിൽ സൃഷ്ടിയ്ക്കട്ടെ.

## ഡയറക്ടർ



പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജിന്റെ ഡയറക്ടറായി നിയമിതനായ ഫാ. ഇ. എം. ഫിലിപ്പ്. പഴഞ്ഞി എം.ഡി. കോളജ്, കോട്ടയം ബസേലിയോസ് കോളജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായുടെ സെക്രട്ടറിയും, ദേവലോകം അരമന മാനേജരുമായിരുന്നു. ഇപ്പോൾ ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് ഇടവക വികാരി. കുറിച്ചി സെന്റ് മേരീസ് & സെ. ജോൺസ് പള്ളി ഇടവകാംഗം.

## നസ്രാണി ട്രോഫി വിതരണം

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളിൽ കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് മാനേജ്മെന്റിലുൾപ്പെട്ട സ്ക്കൂളുകളിൽനിന്നും പ്രശസ്ത വിജയം കൈവരിച്ച സ്ക്കൂളുകളേയും, വിദ്യാർത്ഥികളേയും, അവരെ പരിശീലിപ്പിച്ച അദ്ധ്യാപകരെയും അനുമോദിച്ചു. സഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസി യോസ് രണ്ടാമന്റെ ഓർമ്മയക്കായി ആരംഭിച്ച വിദ്യാമൃത അവാർഡിന് അർഹരായ ശ്രീ. ഷൈനോ സക്കറിയ, ശ്രീമതി സൂസൻ ഐസക്ക്, ശ്രീമതി റജി എസ്. എന്നീ അദ്ധ്യാപകർക്ക് അവാർഡ് നൽകി ആദരിച്ചു. കിഴവള്ളൂർ സെന്റ് ജോർജ് ഹൈസ്ക്കൂളിൽ വച്ച് ട്രോഫി വിതരണ സമ്മേളനം നടത്തി.

## കൊട്ടാരക്കര കൺവൻഷൻ 2011

കൊട്ടരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 23 മുതൽ 30 വരെ കൺവൻഷൻ സെന്ററിൽ നടത്തുവാൻ തീരുമാനിച്ചു.

ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോസിയോസിന്റെ അദ്ധ്യക്ഷതയിൽ കോട്ടപ്പുറം സെമിനാരിയിൽ കൂടിയ യോഗത്തിൽ ഫാ. കെ. ഗീവർഗീസ് ചെങ്ങമനാട് (ജന.കൺവീനർ), കോശി ഉമ്മൻ (സെക്രട്ടറി), ജേക്കബ് ജോർജ് പാലക്കോട്ട് (ട്രഷറാർ), മാത്യു വർഗീസ് (ജോ. സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

## പ്രഥമ മെത്രാസന പൊതുയോഗം

2010 ആഗസ്റ്റ് 15-ന് രൂപീകരിക്കപ്പെട്ട അടൂർ-കടമ്പനാട് മെത്രാസനത്തിന്റെ പ്രഥമ മെത്രാസന പോതുയോഗം ഒക്ടോ. 16-ന് പത്തനാപുരം മാർ ലാസറസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി. ഭദ്രാസന സെക്രട്ടറിയായി ഫാ. പി.ജി. കുര്യൻ ആനന്ദപ്പള്ളിയേയും കൗൺസിൽ അംഗങ്ങളായി ഫാ. ജോൺസി വർഗീസ് ഈഴകത്ത്, ഫാ. എം. മാത്യു ആലുംമൂട്ടിൽ, അലക്സാണ്ടർ മടവിള, സജു വർഗീസ്, റ്റി. എം. യോഹന്നാൻ, ജോൺ ജോർജ് എന്നിവരെയും തെരഞ്ഞെടുത്തു.

## പൗരോഹിത്യ രജത ജൂബിലി



തണ്ണിത്തോട് കളീക്കൽ കെ. വി. ജോർജിന്റെയും സാറാമ്മ ജോർജിന്റെയും മകൻ ഫാ. വർഗീസ് കളീക്കലിന്റെ പൗരോഹിത്യ രജത ജൂബില ഉദ്ഘാടനം നാരങ്ങാനം സെന്റ് ഓസിയോസ് ദേവാലയത്തിൽ വച്ച് നടന്നു. കോട്ടയം പഴയ സെമിനാരിയിൽ നിന്ന് GST ബിരുദവും ഛത്തീസ്ഗഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് MA യും പാസായ അച്ചൻ തുമ്പമൺ ഭദ്രാസന വൈദിക സംഘം സെക്രട്ടറിയും, സുവിശേഷ പ്രസംഗകനുമാണ്. ആനുകാലികങ്ങളിൽ ശ്രദ്ധേയമായ ലേഖനങ്ങൾ എഴുതാറുണ്ട്.

പത്തനാപുരം തെക്കേടത്ത് ഫാ. ടി. കെ. നൈനാന്റെ മകൾ സൂസനാണ് ഭാര്യ. മക്കൾ: കെവിൻ വർഗീസ്, എം. ടെക് വിദ്യാർത്ഥി കോയമ്പത്തൂർ, കാരളിൻ സാറാ വർഗീസ് +2 വിദ്യാർത്ഥിനി.

## ഒന്നാം റാങ്ക്



പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയുടെ എം.ഫിൽ പരിസ്ഥിതി സാങ്കേതിക വിദ്യ പരീക്ഷയിൽ 'എ' ഗ്രേഡോടെ ഒന്നാം റാങ്കും, ഗോൾഡ് മെഡലും കരസ്ഥമാക്കിയ നമിത മേരി മാത്യു. വളഞ്ഞവട്ടം സെന്റ് മേരീസ് ഇടവകാംഗമായ തേക്കിൽ കണ്ടത്തിൽ മത്തായി റ്റി. വർഗീസിന്റെ ഭാര്യയും, മണർകാട് വേങ്കടത്ത് പ്രൊഫ. ഐപ്പ് മാത്യുവിന്റെ മകളുമാണ്.



സൺഡേസ്ക്കൂൾ 10-ാം ക്ലാസ്സിലെ Out Side Kerala Region (OKR) -ൽ 94% മാർക്ക് വാങ്ങി ഒന്നാം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥിനി ക്രിസ്റ്റീനാ സാബു ബോംബെ ഭദ്രാസനത്തിൽ കിർക്കി സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമായ ശ്രീ. വി. സാബുവിന്റെയും ശ്രീമതി ആനി സാബുവിന്റെയും മകളാണ്.



ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ ബാഹ്യകേരള ഭദ്രാസനങ്ങളുടെ "പ്രതിഭാ പുരസ്ക്കാരം" (ബാഹ്യകേരള പ്രതിഭാ) ലഭിച്ച കുമാരി റബേക്കാ എലിസബത്ത് ജയിംസ്, ഫാ. ജെയിംസ് വർഗീസിന്റെ മകളുമാണ്. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ ഭിലായ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി.

## ത്രിദിന ക്ലാസ്

**ബാംഗ്ലൂർ:** സൺഡേസ്ക്കൂളുകളുടെ ത്രിദിന ക്ലാസ്, റസിഡൻഷ്യൽ ബോഗ്ലൂർ ക്രൈസ്റ്റ് അക്കാഡമിക് സ്ക്കൂളിൽ വെച്ച് 2010 ഒക്ടോബർ 15, 16, 17 തീയതികളിൽ നടന്നു. 135 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. ക്ലാസിൽ 13-17 വയസ്സ് വരെയുള്ളവർ പങ്കെടുത്തു.

## ആസ്ഥാന മന്ദിര കൂദാശ



അടൂർ-കടമ്പനാട് ഭദ്രാസന മർത്തമറിയം സമാജം ആസ്ഥാന മന്ദിര കൂദാശ 21-9-10 ചൊവ്വാഴ്ച 9 മണിക്ക് അഭി. ഡോ. സഖറിയ മാർ അപ്രേം മെത്രാപ്പോലീത്ത നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ഫാ. ഐസക് തോമസ് അദ്ധ്യക്ഷ വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ മാനേജിംഗ് കമ്മറ്റിയംഗം ഫാ. ജോർജ് വർഗീസ്, സിസ്റ്റർ എലിസുവാ, എ. കെ. തോമസ്, റീനാ കോശി, ആനി തോമസ്, ശ്രീമതി കുഞ്ഞമ്മ, സിസ്റ്റർ സാലി എന്നിവർ പ്രസംഗിച്ചു. ഏകദേശം 2500 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള മനോഹരമായ ഒരു കെട്ടിടമാണ് പ്രസ്തുത മന്ദിരം

## രജത ജൂബിലി ആഘോഷിച്ചു

മുംബൈ:- സാക്കിനക്ക സെന്റ് ജോർജ് ഇടവകയുടെ രജത ജൂബിലി ആഘോഷങ്ങൾ 2010 മെയ് 2 മുതൽ ഒക്ടോബർ 3 വരെ വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടു. കേവലം 85 അംഗങ്ങൾ മാത്രമുള്ള ഈ ദേവലയം ബോംബെ സഹാർ ഇന്റർ നാഷണൽ എയർപോർട്ടിൽ നിന്നും 3 കിലോമീറ്റർ മാത്രം അകലം ഉള്ള ദേവാലയത്തിന്റെയും ദേവാലയത്തിന്റെ മുകളിൽ നിർമ്മിച്ച "ജോർജ്ജിയൻ ജൂബിലി ഹാളിന്റേ"യും, കുരിശടിയുടേയും കൂദാശ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി നിർവ്വഹിച്ചു.

## ഒറീസ്സായിൽ കുടുംബസംഗമം

ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തൻ, ഡോ. യാക്കൂബ് മാർ ഏലിയാസ് മെത്രോപ്പോലീത്താ എന്നിവരുടെ മഹനീയ നേതൃത്വത്തിൽ ഒറീസയിലെ കലഹണ്ടി ഡവലപ്പ്മെന്റ് പ്രൊജക്ടിൽ വച്ച് ഈ കഴിഞ്ഞ ഒക്ടോ. മാസം 2,3 തീയതികളിൽ സെ. മേരീസ്ഒ.എസ്.സി., റായ്പൂർ, സെ. സ്റ്റീഫൻസ് ഒ.എസ്.സി. വിശാഖപട്ടണം എന്നിവരുടെ സഹകരണത്തിൽ ഒരു കുടുംബ സംഗമം നടന്നു. പ്രൊജക്ട് മാനേജർ ഫാ. തോമസ് സ്വാഗതം അർപ്പിച്ചു. കൽക്കട്ട ഭദ്രാസനാധിപൻ മാർ ദീവന്നാസിയോസ് തിരുമനസുകൊണ്ട് ദീപം കൊളുത്തി മീറ്റിങ്ങിനെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

### IIND DEATH ANNIVERSARY
### 17-11-2010



### K. J. KURIAN (SYRIAC)

Kuruppancheril (Palathinkal)
Chozhiyacadu
Channanicadu P.O.,
Kottayam

*By sorrowing family*

## ചികിത്സാ ധനസഹായം

തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട കുമാരപുരം സെന്റ് തോമസ് ഓർത്തഡോക്സ് ഇടകയുടെ രജതജൂബിലിയുടെ ഭാഗമായി മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാതു പള്ളി വികാരിയുടെ ശുപാർശയുണ്ടായിരിക്കണം. രോഗവിവരങ്ങൾ വിദഗ്ദമായി രേഖപ്പെടുത്തികൊണ്ടുള്ള, ചികിത്സിക്കുന്ന ഡോക്ടറുടെ മൂന്നു മാസത്തിലുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം മുകളിൽ ആവസ്യപ്പെട്ടിട്ടുള്ള രേഖകൾ സഹിതം അപേക്ഷകൾ 2010 ഡിസംബർ 5-ാം തീയതിക്കു മുൻപായി ലഭിക്കത്തക്കവണ്ണം

Fr. Varghese Koshy Thundathil.
Vicar St. Thomas Orthodox Syrian Church,
Kumarapuram, Medical College P.O.,
Thiruvananthapuram 69501

എന്ന വിലാസത്തിൽ അയയ്ക്കണം.



C



**ഭാഗ്യവാൻ**



യെരുശലേം യാത്രയ്ക്ക്
തെരഞ്ഞെടുക്കപ്പെട്ട
മലങ്കരസഭ
സർക്കുലേഷൻ
പ്രൊമോട്ടർ
ചാക്കോ വർഗീസ്,
പൂനൈ,

## നവാഭിഷിക്തരായ തിരുമേനിമാർ മലങ്കരസഭയുടെ ഭാഗ്യവാനെ യരുശലേമിൽ വച്ച് നറുക്കെടുക്കുന്നു

# അടുത്തത് നിങ്ങളാകാം !

# അഖില മലങ്കര മർത്തമറിയം സമാജം

## ഒരുക്കുന്ന

# ജറുശലേം യാത്ര



### 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80–ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന–മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

*2011–ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10*



നവാഭിഷിക്ത തിരുമേനിമാർ
മർക്കോസിന്റെ മാളികയിൽ




*Contact:-*
**H.G. Dr. Zacharia Mar Theophilos (President) Ph: 9447661438**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**